# കേരളപാഠാവലി



ഫാറം III

## ഒരു തിരുത്ത്.

വിളക്കുകൾ എന്ന 5-ാമത്തെ പാഠത്തിലെ രണ്ടാം വാചകം താഴെ കാണുന്നതുപോലെ തിരുത്തി വായിക്കേണ്ടതാണ്.

“ചില പ്രാചീനമനുഷ്യർ മിന്നാമിനുങ്ങുകളെപോലെയുള്ള പ്രാണികളെ പിടിച്ച് കൂട്ടകളിൽ അടച്ച് വിളക്കുകളായി ഉപയോഗിച്ചിരുന്നുപോലും!”

കെ. നാരായണൻ നായർ,
സ്പെഷ്യൽ ആഫീസർ.

# കേരളപാഠാവലി

(മൂന്നാം ഫാറത്തിലേക്ക്)

No:854

തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറു നിയമിച്ച
കമ്മിററി തയ്യാറാക്കിയതു്

[പകർപ്പവകാശം ഗവണ്മെൻറിന്]

1951

രണ്ടാംപതിപ്പ് കോപ്പി 30,000
1951 ഡിസംബർ

കമ്മിററി അംഗങ്ങൾ :

1. ജോസഫ് മുണ്ടശ്ശേരി
2. ജീ. ശങ്കരക്കുറുപ്പ്
3. വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
4. മാത്യു എം. കുഴിവേലി

PRINTED BY
THE SUPERINTENDENT, GOVERNMENT PRESSES, TRIVANDRUM,
AND
PUBLISHED BY THE TEXT BOOKS OFFICER FOR THE
GOVERNMENT OF TRAVANCORE-COCHIN,
1951.

180:854

# വിഷയവിവരം


| പാഠം. | | പുറം. |
|---|---|---|
| 1. | ഒരു പാവനസ്മരണ | 1 |
| 2 - | ബന്ധനസ്ഥനായ ഹനുമാൻ | 6 |
| 3 - | ചിങ്ങ് | 10 |
| 4 · | യന്ത്രക്കിളി | 20 |
| 5 · | വിളക്കുകൾ | 22 |
| 6 . | മിന്നാമിനുങ്ങ് | 34 |
| 7 - | ലൂയി പാസ്റ്റർ | 36 |
| 8 - | പൊന്നോണം | 44 |
| 9 - | മലയാളത്തിലെ മാമ്പഴക്കാലം | 45 |
| 10 · | ഗംഗ | 51 |
| 11 · | ഒരു കത്ത് | 54 |
| 12 · | കാക്ക | 58 |
| 13 · | നിയമപാലനം | 60 |
| 14 · | നമ്മുടെ കൊടി | 66 |
| 15 · | ഉദകമണ്ഡലൻ | 68 |
| 16 | ഗായകൻ | 74 |
| 17 ; | തേയില | 75 |
| 18 | ജ്യേഷ്ഠനും അനുജനും | 80 |
| 19 | സൈന്ധവസംസ്കാരം | 83 |
| 20 | ഭാരതസംസ്കാരം | 95 |
| 21 · | ജനസമുദായാരോഗ്യം | 97 |
| 22 | അമ്മുവിന്റെ ആട്ടിൻകുട്ടി | 103 |
| 23 · | വിയർക്കാത്ത അപ്പം | 107 |

No. 854

# കേരളപാഠാവലി

## ഒരു പാവനസ്മരണ

[മഹാത്മജി തെക്കെ ആഫ്രിക്കയിൽ താമസിച്ചിരുന്ന കാലത്തെ ഒരു സംഭവം. ഗാന്ധിജിയുടെ ആത്മകഥയിൽ നിന്ന്.]

എന്റെ ജീവിതത്തിലെ വിവിധസംഭവങ്ങളുടെ ഘടനാവിശേഷത്താൽ പല മതത്തിലും പല സമുദായത്തിലും ഉള്ള ആളുകളുമായി എനിക്ക് അടുത്ത സമ്പർക്കത്തിനിടയായി. അവരെല്ലാവരുമായുള്ള പരിചയംമൂലം ഇങ്ങനെ പ്രസ്താവിക്കുന്നതിന് എനിക്ക് ആസ്പദമുണ്ട്; ബന്ധുക്കളെന്നോ, അന്യരെന്നോ, സ്വദേശീയരെന്നോ വിദേശീയരെന്നോ, വെള്ളക്കാരെന്നോ, മററു നിറക്കാരെന്നോ, ഹിന്ദുക്കളെന്നോ, മുസൽമാൻ, പാഴ്സി, ക്രിസ്ത്യാനി, ജൂതൻ എന്നിങ്ങനെ മററു മതത്തിൽപ്പെട്ട ഇൻഡ്യാക്കാരെന്നോ ഒരു ഭേദവും ഞാൻ അറിഞ്ഞിട്ടേയില്ല. ആ വിധത്തിലുള്ള ഒരു ഭേദവും കല്പിക്കുന്നതിനു എന്റെ മനസ്സിനു സാധിക്കയില്ല എന്നു തന്നെ പറയാം. ഇതു് എന്റെ ഒരു വിശിഷ്ടഗുണമായിട്ടു് എടുത്തുപറകയല്ല. എന്റെ സ്വഭാവത്തിന്റെ ഒരു അംശം മാത്രമാണിതു്. ഞാൻ പ്രത്യേകമായി ഇതു പ്രയത്നിച്ചുവരുത്തിയതല്ല. നേരേമറിച്ചു്, അഹിംസ, ബ്രഹ്മചര്യം, അപരിഗ്രഹം മുതലായ മഹാഗുണങ്ങളുടെ കാര്യത്തിൽ അവയെ വളർത്തിക്കൊണ്ടുവരുന്നതിനു് ഞാൻ നിരന്തരം പരിശ്രമിച്ചു എന്നു എനിക്കു പൂർണ്ണമായി ബോദ്ധ്യമുള്ളതാണു്.

ഞാൻ ദർബാനിൽ വക്കീലായിരുന്ന കാലത്തു് ആഫീസിലെ ഗുമസ്തന്മാർ പലപ്പോഴും എന്റെ കൂടെ പാർത്തിരുന്നു. അവരുടെ കൂട്ടത്തിൽ ഹിന്ദുക്കളും ക്രിസ്ത്യാ

നികളും ഉണ്ടായിരുന്നു; ജന്മദേശത്തെ ആസ്പദമാക്കി പറഞ്ഞാൽ, ഗുജറാത്തികളും തമിഴരും എൻെറ രക്തബന്ധത്തിൽപ്പെട്ട ആളുകളായിട്ടല്ലാതെ അവരെപ്പററി ഒരിക്കലെങ്കിലും ഞാൻ കരുതിയതായി ഓമ്മിക്കുന്നില്ല. എൻെറ കുടുംബാംഗങ്ങളോടെന്നപോലെ അവരോട് ഞാൻ പെരുമാറി. അങ്ങനെ പെരുമാറുന്നതിൽ എപ്പോഴെങ്കിലും എൻെറ ഭാര്യ തടസ്സമായി നിന്നെങ്കിൽ ഞങ്ങൾ തമ്മിൽ രസക്കേടുണ്ടായിട്ടുണ്ട്. ഗൃഹസ്ഥന്മാരിൽ ഒരാൾ പഞ്ചമജാതിയിൽ ജനിച്ച ഒരു ക്രിസ്ത്യാനിയായിരുന്നു.

പാശ്ചാത്യമാതൃകയിൽ ഉള്ളതായിരുന്നു ഞങ്ങളുടെ വീട്. മുറികൾക്കൊന്നിനും, മലിനജലം പോകുന്നതിനു ഓവുകൾ ഇല്ലായിരുന്നു. അതിനാൽ ഓരോ മുറിയിലും പാത്രം വച്ചിരുന്നു. ഇതു് എടുത്തു് വൃത്തിയാക്കിവയ്ക്കുന്നതിന് തൂപ്പുകാരിയേയോ, വേലക്കാരനേയോ ആക്കിയിരുന്നില്ല. ഭാര്യയോ ഞാനോ ഈ ജോലി ചെയ്തുവന്നു. വീട്ടിൽ പൂണ്ണസ്വാതന്ത്ര്യമുള്ള ഗൃഹസ്ഥന്മാർ അവനവൻെറ വിസജ്ജനപാത്രം ശുചിയാക്കിയിരുന്നു. എന്നാൽ മേൽപ്പറഞ്ഞ ക്രിസ്ത്യാനിഗൃഹസ്ഥൻ പുതിയതായി വന്ന ആളായിരുന്നതിനാൽ അയാളുടെ കിടപ്പുമുറി വെടിപ്പാക്കിയിരുന്നതു് ഞങ്ങൾതന്നെ ആയിരുന്നു. മററുള്ളവരുടെ വിസജ്ജനപാത്രങ്ങൾ വൃത്തിയാക്കുന്ന ജോലി ഭാര്യ നിവ്വഹിച്ചിരുന്നെങ്കിലും പഞ്ചമനായിരുന്ന ഒരുവൻ ഉപയോഗിച്ച പാത്രം വെടിപ്പാക്കുന്നതു് അതിരുകടന്നതുതന്നെയെന്ന് എൻെറ ഭാര്യയ്ക്കു തോന്നി; ഞങ്ങൾ തമ്മിൽ പിണക്കവും ആയി. ആ പാത്രം ഞാൻ വൃത്തിയാക്കുന്നതു കണ്ടുനിൽക്കാൻ അവൾക്കു കഴിഞ്ഞില്ല. തന്നെത്താനെ അതു ചെയ്യാൻ ഇഷ്ടവുമില്ലായിരുന്നു. എന്നെ കുററം പറഞ്ഞുകൊണ്ടു കോപത്താൽ ചെമന്ന കടക്കണ്ണുകളോടെ കവിൾത്തടങ്ങളിൽക്കൂടി മുത്തുമണികൾ പൊഴിച്ചുകൊണ്ടു് കൈയിൽ പാത്രവുമായി അവർ കോണിപ്പടി ഇറങ്ങി

വരുന്ന കാഴ്ച ഞാൻ ഇന്നെന്ന പോലെ ഓൎമ്മിക്കുന്നു.
എന്നാൽ ഞാനോ; ഞാൻ 'ക്രൂരമായ ദയ'യുള്ള ഒരു
ഭർത്താവായിരുന്നു. അവരെ പഠിപ്പിക്കാൻ അർഹതയുള്ള
ആചാൎയ്യനായി സ്വയം കരുതിക്കൊണ്ട് ഞാൻ അന്ധ
പ്രേമത്താൽ അവരെ അലട്ടി.

പാത്രം ചുമന്നുകൊണ്ടു പോകുന്നതുകൊണ്ടുമാത്രം
എനിക്ക് ഒട്ടും തൃപ്തിവന്നില്ല. അതു സന്തോഷത്തോടെ
ചെയ്യണമെന്നും ഞാൻ ആഗ്രഹിച്ചു. അതിനാൽ ഞാൻ
ഒച്ച എടുത്ത് ഇങ്ങനെ പറഞ്ഞു: "കേട്ടോ, ഈ അസം
ബന്ധങ്ങൾ ഒന്നും എന്റെ വീട്ടിൽ നടക്കുകയില്ല."

അമ്പുപോലെ ഈ വാക്കുകൾ തുളച്ചുകയറി. അവർ
ഇങ്ങോട്ടും വിളിച്ചുപറഞ്ഞു: "നിങ്ങളുടെ വീട് നിങ്ങ
ൾക്ക്; ഞാൻ പൊയ്ക്കൊള്ളാം." ഞാൻ തന്നെത്താൻ
മറന്നു. എന്നിൽ കാരുണ്യത്തിന്റെ ഉറവുനീരും വററി.
ഞാൻ കൈയ്യും കടന്നുപിടിച്ച് ആ സാധുസ്ത്രീയെ
കോണിപ്പടിക്കെതിരേയുള്ള ഗേററിങ്കലേക്കു വലിച്ചിഴച്ചു
കൊണ്ടു ചെന്നിട്ട് കതകു തുറന്നു പുറത്തേക്കു തള്ളാൻ
ഭാവിച്ചു. അവരുടെ കവിളുകളിൽക്കൂടി കണ്ണുനീർധാര
ധാരയായി ഒഴുകി; എന്നിട്ട് ഇങ്ങനെ കരഞ്ഞുപറഞ്ഞു:
"അങ്ങയ്ക്കു ലജ്ജയില്ലേ? ഇങ്ങനെ തന്നെത്താൻ മറ
ക്കാമോ? ഞാൻ എങ്ങോട്ടുപോകും? എന്നെത്താമസിപ്പി
ക്കാൻ എന്റെ അച്ഛനമ്മമാരോ ബന്ധുക്കളോ ഇവിടെ
ഉണ്ടോ? ഞാൻ നിങ്ങളുടെ ഭാൎയ്യയായിപ്പോയതുകൊണ്ടു
നിങ്ങളുടെ ഇടിയും തൊഴിയും കൊള്ളണമെന്നോ?
ഈശ്വരനെവിചാരിച്ച് മാന്യമായി പെരുമാറൂ—ഗേററു
അടയ്ക്കൂ—നമ്മൾ ഇങ്ങനെ ലഹള കൂട്ടുന്നതു വഴിയെ
പോകുന്നവർ കാണാതിരിക്കട്ടെ."

ഞാൻ ധൈൎയ്യം നടിച്ചു; എങ്കിലും വാസ്തവത്തിൽ
എനിക്കു ലജ്ജതോന്നി. ഞാൻ കതകടച്ചു. എന്റെ
ഭാൎയ്യയ്ക്കു എന്നെ വിട്ടുപിരിയാൻ കഴികയില്ലെങ്കിൽ

എനിക്കു അവരെ പിരിയാനും സാധിക്കയില്ല. ഞങ്ങൾ തമ്മിൽ അനേകം കലഹങ്ങൾ ഉണ്ടായിട്ടുണ്ടു്; എന്നാൽ അവയെല്ലാം രഞ്ജിപ്പിലാണ് കലാശിക്കാറുള്ളതു്. നിസ്തുലമായ സഹനശക്തികൊണ്ടു് ഭാൎയ്യയാണ് എപ്പോഴും വിജയിക്കുന്നതു്.

ഈ സംഭവം നിൎവ്വികാരനായി വിവരിക്കാൻ എനിക്കു് ഇന്നു കഴിയും; ഞാൻ ഭാഗ്യത്താൽ കടന്നുപോന്ന ഒരു കാലഘട്ടത്തിൽപ്പെട്ടതാണതു്. ഇന്നു ഞാൻ കാമാന്ധനായ ഒരു പതിയല്ല, പത്നിയുടെ ആചാൎയ്യനുമല്ല. കസ്തൂർബായ്ക്കു വേണമെങ്കിൽ, മുമ്പു ഞാൻ അങ്ങോട്ടു കാണിച്ചതുപോലെയുള്ള രസക്കേടോടുകൂടെയിരിക്കാം. ഞങ്ങൾ പരസ്പരം പരീക്ഷിച്ചറിഞ്ഞ സ്നേഹിതരാണ്. ഒരാളെ മറേറയാളുടെ ഇച്ഛയ്ക്കു വിഷയമായി കരുതുന്നില്ല. എനിക്കു രോഗമായി കിടന്നിരുന്നപ്പോഴെല്ലാം നിസ്സ്വാൎത്ഥമായി ഒരു പരിചാരികയെപ്പോലെ അവർ എന്നെ ശുശ്രൂഷിച്ചിട്ടുണ്ടു്.

മുമ്പുപറഞ്ഞ സംഭവം ൧൮൯൮-ൽ നടന്നതാണ്. അന്നു് എനിക്കു് ബ്രഹ്മചൎയ്യത്തെക്കുറിച്ചു് ഒരു ബോധവും ഇല്ലായിരുന്നു. അക്കാലത്തു് എന്റെ വിചാരം ഭാൎയ്യ ഭൎത്താവിന്റെ ആജ്ഞ അനുസരിക്കാൻ ജനിച്ചിരിക്കുന്നവളാണെന്നു് ആയിരുന്നു. അല്ലാതെ, ഭൎത്താവിന്റെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുന്ന സഖിയും ചങ്ങാതിയും ആണെന്നല്ലായിരുന്നു.

എന്റെ ഈ അഭിപ്രായങ്ങൾക്കു് സമൂലഭേദം വന്നതു് ൧൯൦൦-ാമാണ്ടായിരുന്നു. ൧൯൦൬-ൽ അവയ്ക്കു വ്യക്തരൂപം ഉണ്ടായി. ഇതിനെക്കുറിച്ചു് പിന്നെ പറഞ്ഞുകൊള്ളാം. എന്റെ കാമചോദനകൾ ക്രമേണ മാഞ്ഞുതുടങ്ങിയപ്പോഴേയ്ക്കു്, കുടുംബജീവിതം കൂടുതൽ

കൂടുതൽ ശാന്തവും മധുരവും ആനന്ദസന്ദായകവും ആയി ത്തീൻ എന്നും, ആയിത്തീൻകൊണ്ടിരിക്കുന്നു എന്നും മാത്രം ഇവിടെ പറഞ്ഞാൽ മതിയാകും.

ഈ പാവനസ്മരണയുടെ വിവരണത്തിൽനിന്ന് ഞങ്ങൾ എല്ലാവിധത്തിലും മാതൃകാദമ്പതികളാണെന്നോ ഞങ്ങൾതമ്മിൽ പരിപൂർണ്ണമായ ആദർശൈക്യമുണ്ടെന്നോ ആരും തീച്ചപ്പെടുത്തേണ്ട. എന്റെ ആദർശങ്ങളല്ലാതെ സ്വന്തമായ എന്തെങ്കിലും ആദർശങ്ങൾ ഉണ്ടോ എന്ന് കസ്തൂർബായ്ക്കുതന്നെ അറിഞ്ഞുകൂടായിരിക്കാം. എന്റെ പ്രവൃത്തികൾക്കെല്ലാം അവരുടെ സമ്മതം ഇന്നും ഇല്ലെന്നും വരാം. ഞങ്ങൾതമ്മിൽ അവയെക്കുറിച്ച സംസാരിക്കാറില്ല; സംസാരിക്കുന്നതുകൊണ്ട് ഗുണമുണ്ടെന്ന് എനിക്കു തോന്നുന്നുമില്ല. എന്തെന്നാൽ അവരുടെ അച്ഛനമ്മമാർ അവരെ വിദ്യാഭ്യാസം ചെയ്യിച്ചില്ല; ഞാനും അക്കാര്യത്തിൽ ഉദാസീനനായിരുന്നു. എന്നാൽ അവക്ക് ഒരു മഹാഗുണം വലിയൊരനുഗ്രഹമായി കിട്ടിട്ടുണ്ട്. ആ ഗുണം എല്ലാ ഹിന്ദുകുടുംബിനിമാക്കും ഏറെക്കുറെ ഉള്ളതാണ്. അതായത്, അറിഞ്ഞോ അറിയാതെയോ മനസ്സോടോ മനസ്സില്ലാതെയോ ഭർത്താവിന്റെ കാൽപ്പാടുകളിൽ ചവിട്ടിനടക്കുന്നതുകൊണ്ട് സ്വയം അനുഗൃഹീതയാകുമെന്ന് അവർ കരുതുന്നുണ്ട്; എന്നു മാത്രമല്ല, ആത്മനിയമനത്തോടെ ജീവിക്കാനുള്ള എന്റെ ഉദ്യമത്തിന് ഒരിക്കലും പ്രതിബന്ധമായി നടന്നിട്ടുമില്ല. ആകയാൽ ഞങ്ങൾ തമ്മിൽ ബുദ്ധിപരമായി വളരെ അകൽച്ചയുണ്ടെങ്കിലും ഞങ്ങളുടെ ജീവിതം സുഖവും സംതൃപ്തിയും മേൽഗതിയും ഉള്ളതാണെന്ന് എനിക്കു പലപ്പോഴും തോന്നീട്ടുണ്ട്.

——

## ൭. ബന്ധനസ്ഥനായ ഹനൂമാൻ

അനിലജനെ നിശിചരകുലാധിപൻ മുമ്പിൽവ-
ച്ഛാദിതേയാധിപാരാതി ചൊല്ലീടിനാൻ:
“അമിതനിശിചരവരരെ രണശിരസി കൊന്നവ-
നാശു വിരിഞ്ചാസ്ത്രബദ്ധനായീടിനാൻ.

പ്ലവഗകുലവരനറിക സാമാന്യനല്ലിവൻ
പ്രത്യർത്ഥിവർഗ്ഗത്തിനല്ലോ മൊരന്തകൻ.”
നിജതനയവചനമിതി കേട്ടു ദശാനനൻ
നില്ക്കും പ്രഹസ്തനോടോർത്തു ചൊല്ലീടിനാൻ:

“ഇവനിവിടെ വരുവതിനു കാരണമെന്തെന്നും
എങ്ങുനിന്നത്ര വരുന്നതെന്നുള്ളതും
ഉപവനവുമനിശമതു കാക്കുന്നവരെയും
ഉഗ്രക്കോട്ടു മററുള്ള നക്തഞ്ചരരെയും

ത്വരിതമതിബലമൊടു തകർത്തു പൊടിച്ചതും
ത്ധമയോടാരുടെ ദൂതനെന്നുള്ളതും
ഇവനൊടിനി വിരവിനൊടു ചോദിക്ക നീ”യെന്നു-
മിന്ദ്രാരി ചൊന്നതു കേട്ടു പ്രഹസ്തനും

പവനസുതനൊടു വിനയനയസഹിതമാദരാൽ
പപ്രച്ഛ “നീ യാരയച്ചുവന്തു കപേ?
നൃപസദസി കഥയ മമ സത്യം മഹാമതേ!
നിന്നെയഴിച്ചു വിടുന്നുണ്ടു നിർണ്ണയം.

ഭയമഖിലമകതളിരിൽനിന്നു കളഞ്ഞാലും
ബ്രഹ്മസഭയ്ക്കൊക്കുമിസ്സഭ പാർക്ക നീ.
അനൃതവചനവുമലമധർമ്മകർമ്മങ്ങളും
അത്ര ലങ്കേശരാജ്യത്തിങ്കലില്ലെടോ.”

* നിഖിലനിശിചരകുലബലാധിപൻചോദ്യങ്ങൾ
നീതിയോടേ കേട്ടു വായുതനയനും
മനസി രഘുകുലവരനെ മുഹുരപി നിരൂപിച്ചു
മന്ദഹാസേന മന്ദേതരം ചൊല്ലിനാൻ. ൩൭

സ്ഫുടവചനമതിവിശദമിതി ശൃണു ജലപ്രഭോ!
പൂജ്യനാം രാമദൂതൻ ഞാനറിക നീ;
ഭുവനപതി മമപതി പുരന്ദരപൂജിതൻ
പുണ്യപുരുഷൻ പുരുഷോത്തമൻ പരൻ ൩൮

നിജജനകവചനമതു സത്യമാക്കീടുവാൻ
നിർമ്മലൻ കാനനത്തിന്നു പുറപ്പെട്ടു
ജനകജയുമവരജനുമായ് മരുവുന്ന നാൾ
ചെന്നു നീ ജാനകിയെക്കട്ടുകൊണ്ടീലേ ? ൩൯

തവ മരണമിഹ വരുവതിന്നൊരു കാരണം
താമരസോത്ഭവകല്പിതം കേവലം.
തദനു ദശരഥതനയനും മതംഗാശ്രമേ
താപേന തമ്പിയുമായ് ഗമിച്ചീടിനാൻ. ൪൦

തപനതനയനൊടനലസാക്ഷിയായ് സഖ്യവും
താൽപര്യമുൾക്കൊണ്ടു ചെയ്തോരനന്തരം
അമരപതിസുതനെയൊരു ബാണേന കൊന്നവൻ
അർക്കാത്മജന്നു കിഷ്കിന്ധയും നൽകിനാൻ. ൪൧

അടിമലരിലവനമനമഴകിനൊടുചെയ്തവ-
നാധിപത്യംകൊടുത്താധിതീർത്തീടിനാൻ.
അതിനവനമവനിതനയാന്വേഷണത്തിനാ-
യാശകൾതോറുമേകൈകന്മാരായിരം ൪൨

പ്ലവഗകുലപരിവൃഢരലഘുതരമയച്ചതിൽ
ഏകനഹമിഹ വന്നുകണ്ടീടിനേൻ.
വനജവിടപികളെയുടനുടനിഹ തകൎത്തതും
വാനരവംശപ്രകൃതിശീലം വിഭോ! ൨൮

ഇകലിൽ നിശിചരവരരെയൊക്കെ മുടിച്ചതും
എന്നെ വധിപ്പതിന്നാസ്ഥനകാരണം;
മരണഭയമകതളിരിലില്ലയാതേ ഭുവി
മറെറാരു ജന്തുക്കളില്ലെന്നു നിൎണ്ണയം. ൨൯

ദശവദന! സമരഭുവി ദേഹരക്ഷാൎത്ഥമായ്
തൽഭൃത്യവൎഗ്ഗത്തെ നിഗ്രഹിച്ചേനഹം.
ദശനിയുതശതവരസി ജീൎണ്ണമന്നാകിലും
ദേഹികൾക്കേററം പ്രിയം ദേഹമോൎക്ക നീ. ൩൦

തവതനയകരഗളിതവിധിവിശിഖപാശേന
തത്ര ഞാൻ ബദ്ധനായേനൊരു കാൽക്ഷണം
കമലഭവമുഖസുരവരപ്രഭാവേന മേ
കായത്തിനേതുമേ പീഡയുണ്ടാസ്ഥരാ. ൩൧

പരിഭവവുമൊരുപൊഴുതു മരണവുമകപ്പെടാ
ബദ്ധഭാവേന വന്നീടിനനത്ര ഞാൻ;
അതിനുമിതുപൊഴുതിലൊരു കാരണമുണ്ടുകേൾ
അത്യഹിതം തവ വക്തുമദ്യ്യുക്തനായ. ൩൨

അകതളിരിലറിവുകുറയുന്നവൎക്കേററമു-
ള്ളജ്ഞാനമൊക്കെ നീക്കേണം ബുധജനം."
അമൃതസമവചനമിതി പവനതനയോദിതം
അത്യന്തരോഷേണ കേട്ടു ദശാനനൻ. ൩൩

നയനമിരുപതിലുമഥ കനൽചിതറുമാറുടൻ
നന്നായുരുട്ടി മിഴിച്ചു ചൊല്ലീടിനാൻ:—

"തിലസദൃശമിവനെയിനി വെട്ടിനുറുക്കുവിൻ
ധിക്കാരമിത്ര കണ്ടീല മററാക്കുമേ; ന്നു

മമ നികടഭുവി വടിവൊടൊപ്പമിരുന്നു മാം
മറെറാരു ജന്തുക്കളിങ്ങനെ ചൊല്ലുമോ?
ഭയവുമൊരു വിനയവുമിവന്നു കാണ്മാനില്ല
പാപിയായോരു ദുഷ്ടാത്മാ ശഠനിവൻ. വ്യ ം

കഥയ മമ കഥയ മമ രാമനെന്നൊരു ചൊൽ
കാനനവാസി സുഗ്രീവനെന്നാരെടോ?
അവരെയുമനന്തരം ജാനകിതന്നെയും
അത്യന്തദുഷ്ടനാം നിന്നെയും കൊല്ലുവൻ." വ്യ ർ

ദശവദനവചനമിതി കേട്ടു കോപംപൂണ്ടു
ദന്തംകടിച്ചു കപീന്ദ്രനും ചൊല്ലിനാൻ:
"നിനവു തവ മനസി പെരുതെത്രയും നന്നു നീ
നിന്നോടെതിരൊരു നൂറുനൂറായിരം വ്യ വ്യ

രജനിചരകുലപതികളായ് ഞെളിഞ്ഞുള്ളൊരു
രാവണന്മാരൊരുമിച്ചെതിർത്തീടിലും,
നിയതമിതു മമ ചെറുവിരൽക്കു പോരാ പിന്നെ
നീയെന്തുചെയ്യുന്നതെന്നോടു കശ്മല!?" ൻവ

പവനസുതവചനമിതി കേട്ടു ദശാസ്യനും
പാർശ്വസ്ഥിതന്മാരൊടാശു ചൊല്ലീടിനാൻ:
"ഇവിടെ നിശിചരരൊരുവരായുധപാണിയായ്
ഇല്ലയോ കള്ളനെക്കൊല്ലുവാൻ ചൊല്ലുവിൻ!" ൻന്നു

അതുപൊഴുതിലൊരുവനവനോടടുത്തീടിനാൻ
അപ്പോൾ വിഭീഷണൻ ചൊല്ലിനാൻ മെല്ലവേ:
"അരുതരുതു ദുരിതമിതു ദൂതനെക്കൊല്ലുകെ
ന്നാക്കട്ടെത്തു നൃപന്മാക്കു ചൊല്ലീടുവിൻ? ഫ ൦ ൦

ഇവനെ വയമിവിടെ വിരവോടു കൊന്നീടിനാൽ
എങ്ങനെയങ്ങറിയുന്നിതു രാഘവൻ?
അതിനു പുനരിവനൊരടയാളമുണ്ടാക്കി നാം
അങ്ങയയ്ക്കേണമതല്ലോ യുക്തോചിതം." ൨൦൮

ഇതി സദസി ദശവദനസഹജവചനേന താൻ
"എങ്കിലതങ്ങനെ ചെയ്കെ"ന്നു ചൊല്ലിനാൻ.
"വദനമപി കരചരണമല്ല ശൌര്യാസ്പദം
വാനരന്മാൎക്കു വാൽമേൽ ശൌര്യമാകുന്നു. ൨൦൯

വയമതിനു ഝടിതി വസനേന വാൽവേഷ്ടിച്ചു
വഹ്നികൊളുത്തിപ്പുരത്തിലെല്ലാടവും
രജനിചരപരിവൃഢരെടുത്തു വാദ്യംകൊട്ടി
രാത്രിയിൽ വന്നൊരു കള്ളനെന്നിങ്ങനെ ൨൧൦

നിഖിലദിശി പലരുമിഹ കേൾക്കുമാറുച്ചത്തിൽ
നാളെ വിളിച്ചുപറഞ്ഞു നടത്തുവിൻ.
കുലഹതകനിവനറിക, നിസ്തേജനെന്നു തൻ-
കൂട്ടത്തിൽ നിന്നു നീക്കീടും കപികുലം." ൨൧൧

അദ്ധ്യാത്മരാമായണം.] [എഴുത്തച്ഛൻ.

---

# ൭ ചിങ്ങ്

ദക്ഷിണചൈനയിൽ യാങ്സീനദീതീരത്തുള്ള ഒരു ഗ്രാമത്തിലെ നെൽപ്പാടത്തുകൂടി ഒരു സായംകാലത്തു അൎദ്ധനഗ്നനായ ഒരു യുവാവു് തോളിൽ കലപ്പയുമായി സാവധാനം നടന്നുപോകയാണ്. പീതമായ വൎണ്ണം,

ഉന്നതമായ ഗണ്ഡാസ്ഥി, പതിഞ്ഞു പരന്ന നാസിക ഇവയായിരുന്ന അയാളുടെ പ്രത്യേകതകൾ. ശരൽക്കാല സൂര്യന്റെ ഉഗ്രകിരണങ്ങളേററു വരണ്ടുണങ്ങിയ വയലിൽ പ്രഭാതംമുതൽ സായാഹ്നംവരെ എല്ലു നുറുങ്ങുമാറു് അദ്ധ്വാനിച്ചശേഷം വിശ്രമാർത്ഥം സ്വഗൃഹത്തിലേക്കു മടങ്ങുന്ന ഒരു സാധുകർഷകനാണവൻ. ചൈനാക്കാരായ നാൽപ്പത്തിഅഞ്ചു കോടി ജനങ്ങളിൽ ബഹുഭൂരിപക്ഷം അയാളെപ്പോലെയുള്ള കൃഷീവലന്മാരാകുന്നു.

അ ഗ്രാമവാസികളിൽ സാമാന്യം നല്ല നിലയിൽ ജീവിക്കുന്ന ഒരാളാണു് ചിങ്ങ്. അയാളുടെ പേരു് എല്ലാവർക്കും സുപരിചിതമാണു്. ചൈനയിലെ സാധാരണജനങ്ങളുടെ ജീവിതത്തിനൊരു മാതൃകയാണു് അയാളുടെ ജീവിതം. അനുഗൃഹീതനായ ആ കർഷകന്നു് നദീതീരത്തോടു ചേർന്നു് ഫലഭൂയിഷ്ഠമായ പത്തു മൗ (ഏകദേശം രണ്ടേക്കർ)നിലം പിതൃസ്വത്തായി സിദ്ധിച്ചിട്ടുണ്ടു്. അവിടെയുള്ള ഇരുളടഞ്ഞ ഒരു മൺപുരയിലായിരുന്നു അയാളുടെ ജനനം. അയാളുടെ മരണാനന്തരം ഭൗതികാവശിഷ്ടങ്ങൾ സംസ്കരിക്കേണ്ടതും ആ പുരയിടത്തിന്റെ ഒരു കോണിൽതന്നെ. തനിക്കും സന്താനങ്ങൾക്കും ആഹാരവും വാസസ്ഥലവും നൽകി അനുഗ്രഹിക്കുന്ന ആ ഭൂദേവതയെ അയാൾ സദാ ഭക്തിപൂർവ്വം പൂജിക്കുന്നു.

കളിമണ്ണും വയ്ക്കോലും കുഴച്ചുചേർത്തു് ഭിത്തികെട്ടി വയ്ക്കോൽ മേഞ്ഞതാണു് ആ കർഷകന്റെഭവനം. അതിന്നു് മൂന്നു മുറികൾ മാത്രമേയുള്ളൂ. അവയിൽ ഒന്നു് ചിങ്ങിന്റെയും ഭാര്യയുടെയും ഉറക്കറയായി ഉപയോഗിക്കുന്നു. അടുത്തമുറി കുട്ടികളുടെ ഉപയോഗത്തിനു വിട്ടുകൊടുത്തിരിക്കുകയാണു്. മുൻവശത്തുള്ള മുറിയാണു്

ഏററവും വിശാലമായിട്ടുള്ളതു്. ആഹാരസാധനങ്ങൾ പാകം ചെയ്യുന്നതിനും അതിഥികളെ സൽകരിക്കുന്നതിനും ഉള്ള സ്ഥാനം അതാകുന്നു. ചിത്രക്കടലാസുകൾ പതിച്ചും റാന്തലുകൾ തൂക്കിയും ഏററവും ആകർഷകമാക്കിയിട്ടുണ്ടു് ആ മുറി.

ചിങ്ങിൻെറ ഉറക്കറയുടെ ഒരു ഭാഗത്തു് ഇഷ്ടിക കൊണ്ടു് ഒരു സോഫായുടെ ആകൃതിയിൽ കെട്ടിയിട്ടുണ്ടു്. പകലത്തെ അമിതാദ്ധ്വാനത്തിനുശേഷം ആ മൺകട്ടിലിൽ കിടന്നു് അയാൾ വിശ്രമിക്കുന്നു.

ആ പുരയിടത്തിൻെറ മൂലയിൽ കുറെ വൃക്ഷങ്ങൾ ഉണ്ടു്. അവിടെയാണു് ചിങ്ങിൻെറ പിതാമഹന്മാരുടെ ശവകുടീരങ്ങൾ. ചിങ്ങും കുടുംബാംഗങ്ങളും ആ ശവകുടീരങ്ങൾക്കു് സമീപത്തുകൂടി പോകുമ്പോൾ അവർ ഉപചാരപൂർവ്വം നമിക്ക പതിവുണ്ടു്. സകല ക്ഷേമൈശ്വര്യങ്ങൾക്കും കാരണം പിതൃക്കളുടെ അനുഗ്രഹമാണെന്നാണു് ചിങ്ങിൻെറ ദൃഢമായ വിശ്വാസം. അയാൾക്കു് ഗുരുനാഥൻ പ്രഥമമായി നൽകിയ ഉപദേശംതന്നെ "മാതാപിതാക്കന്മാർ പൂജ്യരായിഭവിക്കുന്നതിനും അവർക്കു സായൂജ്യം ലഭിക്കുന്നതിനുമായി നീ സൽകർമ്മങ്ങൾ അനുഷ്ഠിക്കയും വിശ്രുതനായിത്തീരാൻ സദാ യത്നിക്കയും ചെയ്യുക" എന്നായിരുന്നു. മൺമറഞ്ഞ പിതാമഹന്മാർക്കു വേണ്ടി ബലിയർപ്പിക്കണമെന്നാണു് മതാചാര്യനായ കൺഫ്യൂഷിയസ്സിൻെറ നിർദ്ദേശവും. അതിനാൽ ചിങ്ങും കുടുംബത്തിലെ മററു പുരുഷന്മാരും കൂടി എല്ലാ വർഷവും പിതൃബലി നടത്താറുണ്ടു്.

ഗൃഹാങ്കണത്തിനുചുററും പടർപ്പുള്ള ഏതാനും വൃക്ഷങ്ങൾ നട്ടുവളർത്തിയിട്ടുണ്ടു്. വേനൽക്കാലത്തു് ചിങ്ങു്

സന്താനങ്ങളുമൊത്തു് ഭക്ഷണം കഴിക്കുന്നതു് അവയുടെ ശീതളച്ഛായയിൽ ഇരുന്നാണു്. മേശപ്പുറത്തു വച്ചാണു് ഭക്ഷണംകഴിക്കുന്നതു്. ചോറും കറികളും മേശപ്പുറത്തു നിരത്തിവച്ചിരിക്കും. മേശയ്ക്കുചുററും ഏതാനും മുളങ്കസേരകളും ഇട്ടിരിക്കും. ഭക്ഷണസാധനങ്ങൾ പകൎന്നു ഭക്ഷിക്കുന്നതിനു് ഓരോരുത്തൎക്കും പ്രത്യേകം ചെറിയ പാത്രങ്ങൾ ഉണ്ടു്. ആ പാത്രങ്ങളിൽ ആവശ്യമുള്ള സാധനങ്ങൾ പകൎന്നു്, ഇടത്തു കൈകൊണ്ടു് വായ്ക്കു സമീപം പിടിച്ചു് വലത്തുകൈയുടെ വിരലുകൾക്കിടയിൽ ചേൎത്തിട്ടുള്ള രണ്ടു കമ്പുകൾകൊണ്ടു തട്ടിത്തെറിപ്പിച്ചാണു് അവർ ആഹാരം വായിലാക്കുന്നതു്. ഇതു് ഒരു പ്രയാസമേറിയ രീതിയാണെന്നു തോന്നുമെങ്കിലും; ചീനന്മാൎക്കു് ലഘുവായ ഒരു കാൎയ്യം മാത്രമാകുന്നു.

ചിങ്ങിന്റെ കൊച്ചുമകനായ ചിങ്ങ്മിങ്ങ്പോലും ഭക്ഷിക്കുമ്പോൾ ശബ്ദമുണ്ടാക്കാറില്ല. അപൂൎവമായി ലഭിച്ച മാംസം പാകപ്പെടുത്തിയതു് മേശപ്പുറത്തു വച്ചിട്ടുണ്ടെങ്കിലും അതെടുത്തു വായിലാക്കുവാൻ അവൻ ആൎത്തി കാണിക്കുന്നില്ല. ആ ഇറച്ചിക്കഷണത്തിൽനിന്നും ഒരു ചെറിയഭാഗംമാത്രം മുറിച്ചെടുത്തു്, ബാക്കിയുള്ളതു് മററുള്ളവൎക്കായി നീക്കിവച്ചതിനുശേഷമാണു് അവൻ ഭക്ഷിക്കുന്നതു്. അങ്ങനെയാണു് ഭക്ഷണകാൎയ്യത്തിൽ കുട്ടികൾപോലും ആചരിക്കുന്ന മൎയ്യാദ.

മിങ്ങിനു് ഇപ്പോൾ ആറു വയസ്സുപ്രായംവരും. ചിങ്ങിന്റെ സകല ആശകളുടെയും നിലയനമാണു് ആ ബാലൻ. അവൻ ജനിച്ച ദിവസം ആ ഗൃഹത്തിൽ ഒരു മഹോത്സവമായിരുന്നു. അവനാണു് ഭാവിയിൽ ആ പുരാതനകുടുംബത്തിന്റെ വിശ്രുതനാമം മാഞ്ഞുപോകാതെ നിലനിറുത്തേണ്ടതു്. പിതാവിന്റെ ശേഷ

ക്രിയകൾ ചെയ്യേണ്ടതും അവൻതന്നെ. അവൻെറ ഭാവിയെപ്പററി ചിങ്ങ് ചിലപ്പോൾ തൻെറ ഭാൎയ്യയോടു പറയാറുണ്ട്: „നമുക്ക് വാൎദ്ധക്യമാകുമ്പോൾ നമ്മുടെ കൃഷികാൎയ്യങ്ങൾ അന്വേഷിക്കാനും നമ്മെ സംരക്ഷിക്കാനും അവനല്ലാതെ ആരുണ്ട്" എന്നു്. പുത്രൻെറ പിറന്നാളിന് പിതാവു് എല്ലാവൎഷവും വിരുന്നുനടത്താറുണ്ട്. അവനു് ഒരു വയസ്സുപൂൎത്തിയായ സുദിനം എത്ര ആഡംബരത്തോടുകൂടിയാണു് ആഘോഷിച്ചതു്! അന്നു പ്രഭാതത്തിൽ മാതാപിതാക്കന്മാർ അവനെ അരുണവസ്ത്രങ്ങൾ അണിയിച്ചു് ഒരു പീഠത്തിൽ ഇരുത്തി. അനന്തരം ഒരു തൂലിക, കുറെ നെൽക്കതിരുകൾ, കൃഷിക്കുള്ള ഏതാനും ഉപകരണങ്ങൾ മുതലായവ അവൻെറ മുൻപിൽ നിരത്തിവച്ചു. ഉത്തരക്ഷണത്തിൽ ചീനന്മാർ പരമ്പരാഗതമായി ആരാധിച്ചുപോരുന്ന കലപ്പയിൽ തന്നെ അവൻ കൈവച്ചു. ജന്മവാസനതന്നെ അവനെ കൃഷിവൃത്തിയിലേക്കു പ്രേരിപ്പിക്കുന്നു.

മിങ്ങിനു് ഒരു ഇളയ സഹോദരിയുണ്ട്. ഒട്ടും കുറവില്ലാത്ത വാത്സല്യത്തോടെയാണു് ആ പുത്രിയേയും വളൎത്തുന്നതു്. മിങ്ങിനോടൊപ്പം മകളേയും ചിങ്ങ് ഗ്രാമവിദ്യാലയത്തിൽ അയയ്ക്കുന്നു.

വിദ്യാലയത്തിൽവച്ചു് എഴുത്തും വായനയും അവർ അഭ്യസിക്കുന്നു. ചീനന്മാർ എഴുതുന്നതു് നമ്മുടെ രീതിയിലല്ല. തൂലികയും മഷിയും ഉപയോഗിച്ചു് ഒരുതരം ചിത്രങ്ങളുടെ മാതൃകയിലാണു് അവർ എഴുതുന്നതു്. കടലാസിൻെറ വലത്തുവശത്തുനിന്നു് ആരംഭിച്ചു്, മുകളിൽ നിന്നു് നേരെ കീഴ്പ്പോട്ടാണു് എഴുത്തിൻെറ പോക്കു്.

ചീനഭാഷ ഭംഗിയായി എഴുതുവാൻ വിദഗ്ദ്ധനായ ഒരു ചിത്രകാരനുമാത്രമേ സാധിക്കൂ. മനോഹരമായ ഒരു കൈയെഴുത്തുപ്രതി വിശിഷ്ടമായ ഒരു കലാസമ്പത്തായി ചീനർ പരിഗണിക്കുന്നു. സ്വീകരണശാലയുടെ പ്രധാന ഭാഗത്തു അവർ അപ്രകാരമുള്ള ചിത്രലിഖിതങ്ങൾ പ്രദർശിപ്പിക്കാറുണ്ട്.

ചിങ്ങിന്റെ പുത്രിയെപ്പററി മുൻപു പ്രസ്താവിച്ചല്ലോ. അവളെ സംബന്ധിച്ച് അയാൾക്ക് യാതൊരു ക്ലേശവുമില്ല. അവൾക്കു കൗമാരം കഴിയുമ്പോൾ അനുരൂപനായ ഒരു വരൻ വന്ന് പിതാവിനു സ്വർണ്ണനാണ്യങ്ങൾ പാരിതോഷികമായി നൽകി, സന്തോഷപൂർവ്വം അവളെ പാണിഗ്രഹണം ചെയ്തുകൊണ്ടു പൊയ്ക്കൊള്ളും.

പത്തു മൗ നിലമാണല്ലോ ചിങ്ങിന്റെ ആകെയുള്ള ധനം. അയാളുടെ അയൽക്കാരിൽ പലക്കും സ്വന്തസ്ഥലമില്ല. ജന്മിമാരുടെ നിലം പാട്ടത്തിനെടുത്തു് അവർ കൃഷി നടത്തുന്നു. അവക്കു നെൽകൃഷിയാണ് പ്രധാനം. മലഞ്ചരിവുകളിൽ തേയിലയും കൃഷി ചെയ്യുന്നുണ്ട്. അവരുടെ കൃഷിസമ്പ്രദായങ്ങൾ നമ്മുടെ നാട്ടിലേതുപോലെയാണ്. പരിഷ്കൃതരീതികൾ അവിടെ പ്രചാരത്തിൽ വന്നിട്ടില്ല എങ്കിലും തീവ്രമായ അദ്ധ്വാനം കൊണ്ടു വേണ്ടുവോളം ധാന്യം വിളയിക്കുന്നതിന് അവക്കു സാധിക്കുന്നു.

നെല്ലരിച്ചോറാണ് ചീനന്മാരുടെ പ്രധാനമായ ആഹാരം. അരിയിൽനിന്ന് ഒരുതരം മദ്യവും അവർ വാററി എടുക്കാറുണ്ട്. എന്നാൽ വിശേഷാവസരങ്ങളിൽ മാത്രമേ അതു് ഉപയോഗിക്കാറുള്ളു. ചായയാണ്

അവർക്കു് ഏററവും പ്രിയമായ പാനീയം. പാലോ പഞ്ചസാരയോ അവർ അതിൽ ചേക്കാറില്ല. അ പാനീയം അവർ വേണ്ടുവോളം കുടിക്കും. അതിൻെറ സൗരഭ്യത്തേയും സ്വർണ്ണവർണ്ണത്തേയും പററി ആ നാട്ടിലെ കവികൾ വർണ്ണിച്ചിട്ടുണ്ടു്.

മദ്യപാനം വളരെ അപൂവ്വമാണെങ്കിലും ചിങ്ങിനു് ചില ദുശ്ശീലങ്ങൾ ഉണ്ടു്; കറുപ്പുതീററിയും പുകവലിയും. ചെളിപ്പാടത്തിൽ നിത്യവും അദ്ധ്വാനിക്കുന്നതിനാൽ വാതരോഗത്തിൻെറ ദുസ്സഹമായ വേദന തോന്നാതിരിക്കുന്നതിനുവേണ്ടിയത്രേ അയാൾ അതു് ഉപയോഗിക്കുന്നതു്. കറുപ്പുതീററി ആരോഗ്യത്തിനു് ഹാനികരമാണെങ്കിലും ചിരകാലമായി ശീലിച്ചുപോയതിനാൽ അതിൽനിന്നും വിമുക്തനാകുവാൻ അയാൾക്കു സാധിക്കുന്നില്ല.

ചിങ്ങിൻെറ വസ്ത്രധാരണരീതി അത്ര പരിഷ്കൃതമല്ല. പ്രാചീനസമ്പ്രദായത്തിലുള്ള നിലയങ്കിയാണു് അയാൾ സാധാരണമായി ധരിക്കുന്നതു്. നഗരവാസികളിൽ അധികംപേരും യൂറോപ്യൻരീതിയിൽ വസ്ത്രം ധരിക്കുന്നെങ്കിലും അവരുടെ അനുകരണഭ്രമം ആ കർഷകനെ ബാധിച്ചിട്ടില്ല. എന്നാൽ ബാല്യംമുതൽ അയാൾ ശിരസ്സിൽ പ്രേമപൂർവ്വം ലാളിച്ചുവളത്തിയ "പന്നിവാലു്" കാലോചിതമല്ലെന്നു തോന്നിയതിനാൽ അടുത്തകാലത്തു് മുറിച്ചുകളഞ്ഞു് പൂർണ്ണമായി മുണ്ഡനം ചെയ്യിച്ചുതുടങ്ങിയിട്ടുണ്ടു്. അയാളുടെ ഗൃഹിണി ദേശീയമാതൃകയിലുള്ള ചുവന്ന മുണ്ടും ഇറക്കം കുറഞ്ഞ കുപ്പായവും ധരിക്കുന്നു. ദൂരസ്ഥലങ്ങളിൽ പോകുമ്പോൾമാത്രം നാഗരികാംഗന

ന്മാരെപ്പോലെ അവരം മേലങ്കി ധരിക്കും. പക്ഷേ അവരെപ്പോലെ ചായവും സുഗന്ധധൂളിയും ഇട്ടു മുഖം മിനുക്കുന്നതിനോ, പട്ടുവസ്ത്രങ്ങൾ ധരിക്കുന്നതിനോ അവർക്കു നിവൃത്തിയില്ല. കൃഷിയിൽനിന്നുമുള്ള ആദായം പരിമിതമായതിനാൽ പരുപരുത്ത പഞ്ഞിവസ്ത്രങ്ങൾ വാങ്ങിക്കുന്നതിനേ അവർക്കു കഴിവുള്ളൂ. എങ്കിലും ജാനുവരിയിലെ ദീപോത്സവത്തിനും മേയ് മാസത്തിലെ വസന്തോത്സവത്തിനും ചിങ്ങും കുടുംബാംഗങ്ങളും ഭദ്രമായി സൂക്ഷിച്ചുവച്ചിട്ടുള്ള വിശിഷ്ടവസ്ത്രങ്ങൾ അണിഞ്ഞു ബന്ധുദർശനത്തിനായി പോകുകയും ആഘോഷങ്ങളിൽ പങ്കുകൊള്ളുകയും ചെയ്യാറുണ്ട്.

ആ ഗൃഹിണിയുടെ പാദങ്ങൾ ശൈശവത്തിൽ തടികൊണ്ടുള്ള പാദുകകളിൽ കിടന്നു കുറുകിയതാണ്. കുറുകിയ പാദങ്ങൾ സൗന്ദര്യത്തിന്റെ ഉത്തമലക്ഷണമായി അന്നു ഗണിച്ചിരുന്നു. ഇന്നാകട്ടെ, ആ സമ്പ്രദായം അപരിഷ്കൃതമാണെന്ന് അവർക്ക് തോന്നിത്തുടങ്ങിയിട്ടുണ്ട്. അതിനാൽ പുത്രിയുടെ പേലവപാദങ്ങൾ മരച്ചെരുപ്പുകളിൽ ഇറുക്കി ഞെരുക്കാൻ അവർ ബദ്ധപ്പെടുന്നില്ല.

പെരുമാററത്തിൽ ചിങ്ങ് ഏററവും സത്യസന്ധനാണ്. ചീത്തയായ ധാന്യം അയാൾ ആൎക്കും വിൽക്കുകയില്ല. ദീനരിൽ അയാൾ അത്യധികം അനുകമ്പപ്രദർശിപ്പിക്കുന്നു. ക്ഷാമകാലത്ത് അയൽവാസികൾ വിശന്നു വലയുമ്പോൾ അവൎക്കുംകൂടി 'ഉള്ളതിൽ ഓഹരി' നൽകാതെ ഭക്ഷിക്കാൻതക്ക ഹൃദയകാഠിന്യം അയാൾക്കില്ല.

ആ ഗതികളുടെ ദയനീയസ്ഥിതി ഓത്തു് ആ ഹൃദയാലു വികാരതരളിതനാകും. ചിലപ്പോൾ കണ്ണീർ പൊഴിക്കും. ഔദാര്യനിധികളായ മഹാന്മാരുടെ ജീവിത കഥകൾ ബാല്യകാലത്തു പഠിച്ചിട്ടുള്ളതു, ഇന്നും അയാൾ അക്ഷരംപ്രതി സ്മരിക്കുന്നു. ആ സത കഥകൾ അയാൾ തൻെറ കുട്ടികളെ പറഞ്ഞുകേൾപ്പിക്കാറുണ്ട്. അവരും ആ മഹാന്മാരോടൊപ്പം ഔദാര്യവും മഹാമനസ കതയും ഉള്ളവരായിത്തീരണമെന്നാണ് ചിങ്ങിൻെറ ആഗ്രഹം.

ധനവാനല്ലെങ്കിലും. അതിഥിസൽകാരത്തിൽ ചിങ്ങ് അതീവ തൽപരനാണ്. പിതൃശുശ്രൂഷ കഴിഞ്ഞാൽ അയാളുടെ ഏററവും പാവനമായ ധർമ്മമാകുന്നു അതിഥിപൂജ. മനോജ്ഞമായി അലങ്കരിച്ചിട്ടുള്ള സ്വീകരണമുറിയിൽ അതിഥികൾക്കിരിക്കാനുള്ള കസേരകളും ചായ പകരാനുള്ള വെൺകളിമൺപാത്രങ്ങളും നിരത്തിയിരിക്കും. അവിടെ ആർക്കും ഏതുനേരത്തും പ്രവേശിക്കാം. ഗൃഹനാഥൻ അവിടെ ഇല്ലെങ്കിലും ഗൃഹനായിക അതിഥിയെ യഥോചിതം സൽകരിച്ചു യച്ചുകൊള്ളും.

ചിങ്ങിൻെറ അയൽക്കാരിൽ ചിലർ ഇസ്ലാം മതാവലംബികളും മററുള്ളവർ അയാളെപ്പോലെ ബുദ്ധമതാനുയായികളും ആകുന്നു. സഹോദരന്മാരെപ്പോലെയാണ് അവരെല്ലാവരും വത്തിക്കുന്നതു്. പൊതുവേ പറയുകയാണെങ്കിൽ അവരുടെ വിശ്വാസം ഏകമതാധിഷ്ഠിതമല്ല. ബൗദ്ധനായാലും മുസ്ലീമായാലും എല്ലാവരും കൺഫ്യൂഷിയസ്സിൻെറയും ലോച്യവിടൻെറയും സിദ്ധാന്ത

ങ്ങളിൽ വിശ്വസിക്കുന്നവരാണ്. ആ മഹാന്മാരുടെ ആദർശങ്ങളും ജീവിതചര്യകളും, ഏതൊരു ചീന ൻെറയും നിത്യജീവിതത്തിൽ സ്പഷ്ടമായി പ്രതിഫലിച്ചു കാണാം.

ചിങ്ങിൻെറ പിതാമഹന്മാരുടെ കാലത്തു്, ചക്രവർത്തിമാരുടെ ഭരണമായിരുന്നു ചൈനയിൽ നടപ്പിലിരുന്നതു്. രാജഭക്തരായ ആ കർഷകർക്കു് അന്നു ഭരണാധികാരിയുടെ നീതിനിഷ്ഠയിൽ ദൃഢമായ വിശ്വാസം ഉണ്ടായിരുന്നു. എന്നാൽ കാലാന്തരത്തിൽ അധികാരപ്രമത്തരായ ചില സമ്രാട്ടുകളുടെ ദുർഭരണംകൊണ്ടു വളരെ ക്ലേശങ്ങൾ അവർ സഹിക്കേണ്ടിവന്നു. ആയതിനാൽ ആ സ്വേച്ഛാഭരണം അവസാനിപ്പിച്ചു. ൧൯൧൧-ൽ ഡാക്ടർ സൺയാററ്സൺ എന്ന മഹാൻെറ നേതൃത്വത്തിൽ അവർ ഒരു സ്വതന്ത്രജനകീയ ഗവണ്മെൻറു സ്ഥാപിച്ചു. കോമിൻറാങ്ങ് എന്നാണ് ചീനഭാഷയിൽ ആ ജനകീയകക്ഷിയുടെ പേരു്. ഇപ്രകാരം ജനകീയഭരണം സ്ഥാപിച്ചതിൻെറ സ്മാരകമായി അവർ ആണ്ടുതോറും അക്ടോബർ ൧൦-ാംനു- സ്വാതന്ത്ര്യദിനം ആഘോഷിക്കയും ഡാക്ടർ സൺയാററ്സന്നെ രാഷ്ട്രപിതാവായി ഭക്ത്യാദരപൂർവ്വം സ്മരിക്കയും ചെയ്യുന്നു.

ദേശാഭിമാനത്തിൽ അദ്വിതീയനാണ് ചിങ്ങ്. കേവലം അപരിഷ്കൃതജീവിതം നയിക്കുന്ന ഒരു കർഷകനാണെങ്കിലും ചരിത്രാതീതകാലംമുതൽ സംസ്കാരത്തിൻെറയും ലോകവിജ്ഞാനത്തിൻെറയും കേന്ദ്രമായിരുന്ന മഹത്തായ ഒരു പുരാതനരാഷ്ട്രത്തിൻെറ സന്താനമാണ് അവൻ. മാതൃഭൂമിയുടെ നഷ്ടപ്രായമായ പൂർവ്വമഹിമയേയും സംസ്കാരസമ്പത്തിനേയും പററി ചിന്തിക്കുമ്പോൾ അയാൾക്കു് രോമാഞ്ചം ഉണ്ടാകാറുണ്ടു്.

നമ്മുടെ മാതൃഭൂമിയായ ഭാരതത്തിനും ചൈനയ്ക്കും തമ്മിൽ ക്രിസ്തുവർഷാരംഭത്തിനു വളരെ മുൻപുമുതൽ സുദൃഢമായ സംസ്കാരബന്ധം ഉണ്ടായിരുന്നുവെന്നുള്ളതു പ്രസിദ്ധമാണ്. പതിനൊന്നാം ശതകത്തിനുശേഷം ആ ബന്ധം തുടർന്നുകൊണ്ടുപോകാൻ നിർഭാഗ്യവശാൽ സാധിക്കാതെപോയി. എങ്കിലും ആ പൂർവ്വബന്ധം പുനഃസ്ഥാപിക്കാൻ ഇപ്പോൾ ശ്രമം ആരംഭിച്ചിരിക്കുകയാണ്. അതു് സഫലമാവുകയാണെങ്കിൽ ഏഷ്യൻജനതയ്ക്കു് ആകമാനം അനുരൂപവും ഏക്ീകൃതവുമായ ഒരു നവ്യസംസ്കാരം രൂപമെടുക്കുന്നതിനും, തദ്വാരാ, ഏഷ്യയുടെയും പൊതുവേ ലോകത്തിന്റെയും ശാശ്വതസമാധാനത്തിനും പുരോഗതിക്കും മാർഗ്ഗം തെളിയുന്നതിനും ഇടയാകുന്നതാണ്.

---

## 4 യന്ത്രക്കിളി

[വെൺമണി മകൻനമ്പൂതിരിയുടെ കൃതിയായ പാഞ്ചാലീസ്വയംവരം തുള്ളക്കഥയിൽനിന്ന് ഉദ്ധരിച്ചതു്].

കരളിലതികലിതരസമിവിടെ മമ തമ്പുരാൻ
കല്പിച്ചു, ലാക്കൊന്നു കല്പിച്ചുകൊള്ളണം.

അതിനുടയ മറിവുകളുമതിശയവുമിന്നിമേ–
ലാചരിക്കേണ്ടതുമാശുകേൾക്ക ഭവാൻ.

പടുപടവിയൊടു നെടിയ കുടകളായെത്തുന്ന
പാർത്ഥിവേന്ദ്രന്മാർക്കു പാർത്തരുളീടുവാൻ,

രജതമണികനകമണിരചിതമണിമഞ്ചങ്ങൾ
രണ്ടുവരി നിരന്നുണ്ടാക്കണം ക്ഷണം.

അഴകുടയ മണിനിലയനിരയതിനിടയ്ക്കുള്ളൊ-
രാസ്ഥാനമേററവും വിസ്താരമാക്കണം.

ഇടവഴിയിലിടമിയലുമണിമണിവിരിപ്പന്ത-
ലിപ്പൊഴുതൊന്നുടൻ കെല്പൊടുണ്ടാക്കണം.

*അതിനിടയിലൊരു നെടിയ കൊടി വടിവിൽ നാട്ടണ-
മായിരക്കോലതിന്നാക്കമുണ്ടാക്കണം.

വലിയ കൊടിമുകളിലിളിവായും പൊളിച്ചുടൻ
വ്യാളമുഖമൊന്നു വാർത്തുവച്ചീടണം.

പട്ടുകൊടിയിലുടയ മൃഗമതിന്നുടെ വളഞ്ഞുള്ള
പല്ലിന്മേലഞ്ചുപൊന്നിൻതുടൽ തൂക്കണം.

പണികളതിവികടമിതു തുടലുകളിലഞ്ചാതെ
പഞ്ചവർണ്ണക്കിളിക്കൂടഞ്ചു തൂക്കണം.

അതുലഗുണഗണനിലയ ! പൈങ്കിളിക്കൂട്ടുകൾ-
ക്കഞ്ചാതെ വാതിലങ്ങഞ്ചായിരിക്കണം.

പരമറിക പണികളതു പഞ്ജരപഞ്ചകം
പമ്പരംപോലങ്ങു ചക്രംതിരിയണം.

തടവരുതു തരമുടയൊരഞ്ചു കൂട്ടുള്ളതിൽ
തത്തകളോരോന്നു തത്തിക്കളിക്കണം.

അറിക കൊടിയുടെ കടയിലുണ്ടെന്ത്രമൊന്നങ്ങൊ-
രാണി തിരിക്കുമ്പൊളാണീവിധം വിഭോ !

ഒരുസമയമൊരുപൊഴുതിലൊരുകിളി മുഖം പുറ-
ത്തൊന്നങ്ങു കാട്ടിടും പിന്നോട്ടെടുത്തിടും;

അതിനിടയിലതിരസമസ്തൃങ്ങളഞ്ചു വി-
ട്ടഞ്ചും കിളിത്തലയഞ്ചുമറുക്കണം.

വിരവിലിതു വിഗതതരവിഷമമൊടു പററിച്ച
വില്ലാളിവീരൻ വിവാഹം കഴിക്കണം.*

കൊടിയകൊടിവടിവിലിതു പണിവതിനു നമ്മുടെ
കോന്നനാശാരിപ്പണിക്കനായീടണം.

കരുതിടുകിലവനു കരകൌശലമതും നല്ല
കയ്യും കണക്കും വെടുപ്പുമുണ്ടോറവും..

അവനുസമമവനിയതിലിവ പണിവതിന്നില്ലൊ-
രാശാരി, ശില്പികൾക്കാശാനതാണവൻ.

ഹിമകിരണകുലതിലക ! പലമൊഴികളെന്തിനു
ഹേമധ്വജം മഹാകേമമായ്ത്തീരണം.

---

# 5 വിളക്കുകൾ

അഗ്നി കണ്ടുപിടിച്ച അതിപ്രാചീനകാലംമുതൽക്കു തന്നെ മനുഷ്യർ കൃത്രിമവെളിച്ചവും ഉപയോഗിച്ചു തുടങ്ങി. അതിനുമുൻപിൽ മിന്നാമിനുങ്ങുകളെപ്പോലെയുള്ള ചില പ്രാണികളെ പിടിച്ചു സ്ഫടികപാത്രങ്ങളിലടച്ചു റാന്തൽ വിളക്കുകളായി ഉപയോഗിച്ചിരുന്നു പോലും ! മിന്നാമിനുങ്ങുകൾക്കു ജന്മനാതന്നെ ലഭിച്ചിരിക്കുന്ന വിളക്കുകൾക്കു (പ്രകാശത്തിന്) ചൂടോ പുകയോ കരിയോ യാതൊന്നും ഇല്ലെന്നുള്ളതു് ഒരു പ്രത്യേകാനു

ഗ്രഹമാണ്. മനുഷ്യർ വെളിച്ചത്തിനുവേണ്ടി മാത്രം തീകത്തിക്കുമ്പോഴും ചൂടും പുകയും ഉണ്ടായിക്കൊണ്ടിരുന്നതു് അവക്ക് അനിഷ്ടമായിരുന്നു. ഈ ഉപദ്രവങ്ങൾ പരിഹരിക്കുന്നതിനു മനുഷ്യർ ദീർഘകാലം പരിശ്രമിച്ചുകൊണ്ടിരുന്നു.

വിളക്കുകളുടെ ആവിർഭാവത്തിൻെറ പ്രഥമഘട്ടം, പരന്ന ഒരു പാത്രത്തിൽ കുറെ എണ്ണ ഒഴിച്ച് അതിൽ ഒരു തിരിയിട്ടു കത്തിക്കാനുള്ള ഉപായം കണ്ടുപിടിച്ചതാണ്. ഈ അപരിഷ്കൃതഘട്ടത്തിൽപോലും പല ആകൃതിയിലും രൂപത്തിലും ഉള്ള വിളക്കുകൾ കണ്ടുപിടിച്ചിരുന്നു. കോലുവിളക്ക്, നിലവിളക്ക്, തൂടലുവിളക്ക്, കല്ലുവിളക്ക് മുതലായവ പ്രാചീനദീപങ്ങളുടെ വിവിധ പരിഷ്കാരങ്ങളായിരുന്നു. ഈ മാതിരി വിളക്കുകൾ കണ്ടുപിടിച്ചു പ്രചാരത്തിൽ വരുത്തിയതു പ്രാചീന ഈജിപ്ഷ്കാരാണെന്നാണ് ചരിത്രകാരന്മാരുടെ അഭിപ്രായം. മണ്ണെണ്ണവിളക്കുകൾ കണ്ടുപിടിക്കുന്നതുവരെ കേരളത്തിലും മേൽ പ്രസ്താവിച്ചമാതിരിയുള്ള വിളക്കുകൾ ധാരാളമായി ഉപയോഗത്തിലിരുന്നിരുന്നു.

മെഴുകുതിരിയുടെ ആവിർഭാവത്തോടുകൂടി കോലുവിളക്ക് ആദിയായവ അപരിഷ്കൃതങ്ങളായിത്തീർന്നു. മെഴുകുതിരികൾ എണ്ണവിളക്കുകളെക്കാൾ കുറേക്കൂടി സൗകര്യപ്രദമായിരുന്നെങ്കിലും ആവശ്യാനുസരണം വെളിച്ചം നൽകുന്നതിനു പര്യാപ്തമല്ലായിരുന്നു. ധാരാളം പ്രകാശം ആവശ്യമുള്ളപ്പോൾ വളരെ അധികം തിരികൾ ഒരേ സമയം കത്തിക്കേണ്ടതായിവന്നു. ഇപ്രകാരം ചെയ്യുന്നതു കൂടുതൽ ശ്രമകരവും നഷ്ടവും ആയിരുന്നു. കൂടാതെ അനവധി തിരികൾ ഒരേ സമയം കത്തിക്കുമ്പോൾ അസഹനീയമായ ചൂടും ഉണ്ടായിക്കൊണ്ടിരുന്നു.

ദീപപരിഷ്കാരചരിത്രത്തിന്റെ മൂന്നാമത്തെ ഘട്ടം മണ്ണെണ്ണവിളക്കുകളുടെ പ്രചാരമാണ്. ഓടലെണ്ണയും മരോട്ടിയെണ്ണയും മന്ദമായി മാത്രമേ കത്തുകയുള്ളു. അതിനാൽ ഒരു തിരിപിരിച്ച് നേരിട്ട് എണ്ണയ്ക്കകത്തിട്ടു കത്തിക്കുന്നതിൽ അപായമൊന്നുമില്ല. മണ്ണെണ്ണയ്ക്ക് അതിവേഗത്തിൽ തീപിടിക്കാൻ ശക്തിയുള്ളതിനാൽ നിലവിളക്കുകളിലും മററും ഓടലെണ്ണ ഒഴിച്ചു കത്തിക്കുന്നതുപോലെ മണ്ണെണ്ണ ഒഴിച്ചു കത്തിക്കുക സാദ്ധ്യമല്ല. തിരിയുടെ അഗ്രത്തിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന അഗ്നിനേരിട്ട് എണ്ണയിലേക്ക് വ്യാപിക്കാതിരിപ്പാൻ ഒരു പ്രതിബന്ധം ആവശ്യമായി വന്നു. ഈ ആവശ്യം പരിഷ്കാരേച്ഛുക്കളായ മനുഷ്യർ നിഷ്പ്രയാസം നിർവ്വഹിച്ചു. മണ്ണെണ്ണ ഒരു പാത്രത്തിലാക്കി നല്ലവണ്ണം അടച്ച് അടപ്പിൽക്കൂടി ഒരു തിരി ഉള്ളിലേക്കു കടത്തി ആ തിരിയുടെ അഗ്രത്തിൽ തീ കത്തിച്ചാൽ അപായമൊന്നും കൂടാതെ എണ്ണ വററുന്നതുവരെ വിളക്കു പ്രകാശിച്ചുകൊണ്ടിരിക്കുമെന്നു കണ്ടുപിടിച്ചു. തകരം കൊണ്ടുണ്ടാക്കിവരുന്നതും ഇപ്പോഴും ചുരുക്കമായി പ്രചാരത്തിലിരിക്കുന്നതുമായ വിളക്കുകൾ ഇതിനുദാഹരണങ്ങളാണ്.

ഇവയിൽനിന്നു പിന്നീടുണ്ടായ പരിഷ്കാരമാണ് ചിമ്മിയും ബർണ്ണറും ഉപയോഗിക്കുന്ന പലമാതിരി മണ്ണെണ്ണ വിളക്കുകൾ. മേശവിളക്കുകൾ, റാന്തൽവിളക്കുകൾ, പതിന്നാലാംനമ്പർ മുതലായ തൂക്കുവിളക്കുകൾ ഇവയെല്ലാം ഈ വിഭാഗത്തിൽ പെടുന്നവയാകുന്നു.

അടുത്ത പരിഷ്കാരം ഗ്യാസുവിളക്കുകളാണ്. മണ്ണെണ്ണയ്ക്കു പുറമേ ചില വാതകങ്ങൾ അഥവാ ഗ്യാസുകൾ തീകത്തിക്കുന്നതിനു കൊള്ളാമെന്നു കണ്ടുപിടിച്ചു തോടുകൂടി പലമാതിരി ഗ്യാസ്ലൈററുകൾ പ്രചാര

ത്തിൽ വന്നു. ഇതു വിളക്കുകളുടെ ചരിത്രത്തിൽ പ്രധാനമായ ഒരഭിവൃദ്ധിഘട്ടമാണ്. ഗ്യാസ്സുവിളക്കുകൾ മണ്ണെണ്ണ വിളക്കുകളെക്കാൾ വളരെ കൂടുതൽ ഉപയോഗവും സൌകര്യവും പ്രകാശവും ഉള്ളവയാണ്. എങ്കിലും ഇവയ്ക്കും കത്തിക്കുന്നതിനുള്ള അസൗകര്യം കുറവല്ലായിരുന്നു. കൂടാതെ ഗ്യാസ്സുവിളക്കുകൾ പലപ്പോഴും അപകടകരമായും തീരാറുണ്ടായിരുന്നു.

ഇത്രയും ആയിട്ടും പരിഷ്കൃതജനതയുടെ ആവശ്യാനുസരണമുള്ള ദീപങ്ങൾ ലോകത്തിനു ലഭിച്ചില്ല. ചൂടും പുകയും ഗന്ധവും ഇല്ലാത്തതും, ചെലവും ബുദ്ധിമുട്ടും കുറഞ്ഞതും, കത്തിക്കാൻ എളുപ്പമുള്ളതും, പ്രകാശം അധികമുള്ളതും ആയ വിളക്കുകളായിരുന്നു പരിഷ്കൃതലോകത്തിനാവശ്യമായിരുന്നത്. എന്നാൽ പത്തൊൻപതാം നൂററാണ്ടുവരെയും ഈ അഭിലാഷം സാദ്ധ്യമായില്ല. പ്രസ്തുത നൂററാണ്ടിൽ വിളക്കുകളെ സംബന്ധിക്കുന്ന പല പരിവർത്തനങ്ങളും നൂതനസമ്പ്രദായങ്ങളും നടപ്പിൽവന്നു. ലോകത്തിൽ ഇതുവരെ കണ്ടുപിടിച്ചിട്ടുള്ള ദീപങ്ങളിൽ ഏററവും സൗകര്യപ്രദവും പരിഷ്കൃതവും ആയ വിളക്കുകൾ ഇലക്ട്രിക് ലൈററുകളാണ്. ഇവയ്ക്കു താരതമ്യേന ചെലവു കുറവാണ്; പുക തീരെയില്ല; വെളിച്ചം ധാരാളം; സർവ്വോപരി കത്തിക്കുവാനുള്ള സൗകര്യം അത്ഭുതാവഹം. ആയിരമോ ലക്ഷമോ വിളക്കുകൾ ഒരു നിമിഷത്തിനുള്ളിൽ ഒരു ബട്ടൺ അമർത്തിയാൽ കത്തിക്കഴിയും. എണ്ണയൊഴിക്കേണ്ട, തിരിയിടേണ്ട, തുടച്ചുവൃത്തിയാക്കാൻ പ്രയാസവുമില്ല.

വൈദ്യുതദീപങ്ങളുടെ ജനയിതാവു് സർ ഹംഫ്റേ ഡേവി എന്ന ഒരു ആംഗ്ലേയമഹാനാണ്. മററു പല മഹനീയമായ കണ്ടുപിടിത്തങ്ങളുംപോലെ വൈദ്യുതദീപങ്ങളും യാദൃച്ഛികമായിട്ടാണു കണ്ടുപിടിക്കാൻ

ഇടയായതു്. സർ ഡേവി രണ്ടായിരത്തിലധികം അറകളുള്ള (Cells) ശക്തിയേറിയ ഒരു ബാററി നിർമ്മിച്ചിട്ടുണ്ടായിരുന്നു. ഈ ബാററിയിൽ ഘടിപ്പിച്ചിരുന്ന രണ്ടു കമ്പികളുടെ അഗ്രങ്ങൾ യോജിപ്പിക്കയും വിയോജിപ്പിക്കയും ചെയ്തപ്പോൾ പ്രസ്തുത കമ്പികളുടെ അഗ്രത്തിൽ കമനീയമായ ഒരു കാന്തി കാണ്മാൻ ഇടയായി. ഈ പ്രകാശം അത്യുഗ്രമായ ചൂടും പ്രസരിപ്പിച്ചിരുന്നു. മിക്കവാറും എല്ലാത്തരം ലോഹങ്ങളേയും ദ്രവിപ്പിക്കുന്നതിനു തക്കതായ ചൂടു് വിദ്യുൽപ്രവാഹസംഘട്ടനഫലമായി ഉണ്ടായതിനാൽ മുൻപ്രസ്താവിച്ച പ്രഭാപൂരം തുടച്ച്യായി നിലനിൎത്തുന്നതിനു് ആധാരമായി, അക്കാലം വരെ അറിയപ്പെട്ടിരുന്ന യാതൊരു സാധനവും ഉപയോഗയോഗ്യമായിരുന്നില്ല. അതുകൊണ്ടു് ഉഗ്രമായ ഊഷ്മാവിൽ ഉരുകാത്തതും തൽസമയംതന്നെ വൈദ്യുതപ്രവാഹത്തിനു തടസ്സമില്ലാത്തതും ആയ ഏതെങ്കിലും ഒരു സാധനം കണ്ടുപിടിക്കണമെന്നു് സർ ഡേവി ആഗ്രഹിച്ചു. പല പരീക്ഷണങ്ങളുടേയും ഫലമായി, കരിക്കട്ട രസത്തിൽ മുക്കി വിളക്കിന്റെ തിരിപോലെ ഉപയോഗിച്ചാൽ വിദ്യുത്പ്രവാഹസംയോഗത്താലുണ്ടാകുന്ന പ്രകാശം കുറെ നേരത്തേക്കു് നിലനിൎത്താമെന്നു് അദ്ദേഹത്തിനു മനസ്സിലായി. എന്നാൽ ഈ മാതിരി തിരികൾ അതിവേഗം എരിഞ്ഞു ചാമ്പലായിപ്പോകുക പതിവായിരുന്നു.

സാധാരണ വിളക്കുകളിൽ ദീപത്തിനാധാരമായി നിൽക്കുന്നതു തിരിയാണല്ലോ. വൈദ്യുതദീപങ്ങളിൽ ഈ സ്ഥാനം വഹിക്കുന്നതു ബൾബിനകത്തു് കാണുന്ന നേൎത്ത കമ്പികളാണു്. ഈ കമ്പികൾ അഥവാ വൈദ്യുതദീപത്തിരികൾ വേഗത്തിൽ എരിഞ്ഞു ഭസ്മമായിപ്പോകാതിരിക്കയും വൈദ്യുതപ്രവാഹത്തിനു തടസ്സ

മുണ്ടാക്കാതിരിക്കയും ചെയ്യേണ്ടതു് അത്യാവശ്യമാണു്.. ഇത്തരം തിരികൾ നിർമ്മിക്കുന്നതിനു് അനുയോജ്യമായ സാധനം കണ്ടുപിടിച്ചതു കഴിഞ്ഞ നൂററാണ്ടിൻെറ അവസാനഘട്ടത്തിൽ മാത്രമായിരുന്നു. 'ഗ്യാസ് കാർബൺ' എന്ന പേരിൽ അറിയപ്പെടുന്ന ഈ സാധനം വൈദ്യുതവിളക്കുകളെ സംബന്ധിക്കുന്ന നവീനമായ പല പ്രായോഗികപരീക്ഷണങ്ങൾക്കും ഉപകരിച്ചു. ഗ്യാസ് കാർബൺ വണ്ണംകുറഞ്ഞ പെൻസിലിൻെറ ആകൃതിയിൽ ഉണ്ടാക്കി വിദ്യുച്ഛക്തി പ്രവഹിപ്പിച്ചുകൊണ്ടിരിക്കുന്ന രണ്ടു കമ്പികളുടെ അഗ്രത്തിൽ ഘടിപ്പിച്ചു് അവയെ പരസ്പരം യോജിപ്പിക്കുമ്പോൾ വൈദ്യുതദീപം ഉണ്ടായിക്കൊണ്ടിരുന്നു. ഈ പ്രകാശത്തിനു് ഒരു പ്രത്യേകതയുമുണ്ടായിരുന്നു. ഗ്യാസ്കാർബൺ 'ശലാക' (Rod) യുടെ അററത്തു പ്രത്യക്ഷപ്പെട്ട അഗ്നി, വളപുരപോലെ വളഞ്ഞാണു് കണ്ടുവന്നതു്. വളച്ച വാതിലിനു് ഇംഗ്ലീഷിൽ "ആർക്ക്" എന്നാണു് പറയുന്നതു്. അതിനാൽ ഈ മാതിരി വിളക്കുകൾക്കു് "ആർക്കുലൈററുകൾ" എന്നായിരുന്നു നാമകരണം ചെയ്തിരുന്നതു്.

ആർക്കുലൈററുകൾ മനുഷ്യരുടെ സാധാരണോപയോഗത്തിനു് ഉതകുന്നവയല്ലായിരുന്നു. അവയുടെ പ്രകാശം അത്യുഗ്രവും കണ്ണഞ്ചിക്കുന്നതും ആയിരുന്നു. തന്മൂലം ഇത്തരം വിളക്കുകളുടെ തീവ്രമായ ചൂടും കാന്തിയും പരിമിതമാക്കി മനുഷ്യർക്കുപയോഗപ്രദമാക്കുന്നതിനു പല വൈദ്യുതിവിദഗ്ദ്ധന്മാരും പരിശ്രമിച്ചു. ഇക്കൂട്ടത്തിൽ തോമസ് എഡിസൻെറയും ജോസഫ് സ്വാനിൻെറയും പേരുകൾ പ്രസ്താവാർഹങ്ങളാണു്.

## എഡിസനും വൈദ്യുതദീപവും.

ഫെബ്രുവരി ൧൧-ാമാണ്ടു് അമേരിക്കയിലെ ഒരു ഗ്രാമത്തിലാണു്, തോമസ് ആൽവാ എഡിസൻ ജാതനായതു്. അതിദാരുണമായ നിർദ്ധനത്വം നിമിത്തം വിദ്യാലയത്തിൽപോയി സാമാന്യവിദ്യാഭ്യാസം ചെയ്യുന്നതിനു പോലും അദ്ദേഹത്തിനു സാധിച്ചില്ല. മാതാവു പുത്രനു വീട്ടിൽവച്ചു നൽകിയ വിദ്യാഭ്യാസം മാത്രമേ, ജഗൽപ്രസിദ്ധനായിത്തീർന്ന ഈ ശാസ്ത്രീയമാന്ത്രികനു ലഭിച്ചിട്ടുള്ളൂ. ഉപജീവനത്തിനു് യാതൊരു മാർഗ്ഗവും ഇല്ലാതിരുന്നതിനാൽ ബാല്യത്തിൽതന്നെ ജോലിയിലേർപ്പെടേണ്ടിവന്നു. ൧൨ വയസ്സായപ്പോൾ ചന്തകളിലും തീവണ്ടിയാപ്പീസുകളിലും നടന്നു വർത്തമാനക്കടലാസു വില്ക്കുന്ന ജോലി സ്വീകരിച്ചു. കുറെക്കാലം കഴിഞ്ഞു സ്വന്തമായി ഒരു പത്രം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. ഉടമസ്ഥനും പത്രാധിപരും അച്ചടിക്കാരനും തപാൽശിപായിയും എല്ലാം എഡിസൻ തന്നെയായിരുന്നു.

എഡിസന്റെ ഭാവിജീവിതത്തെ ശരിയായ പന്ഥാവിലേക്കു നയിക്കുന്നതിനു മാർഗ്ഗദർശകമായിത്തീർന്നതു കേവലം ഒരു യാദൃച്ഛികസംഭവമാണു്. ഒരിക്കൽ ഒരു സ്റ്റേഷൻമാസ്റ്ററുടെ കുട്ടി തീവണ്ടിക്കടിയിൽ അകപ്പെടുവാൻ തുടങ്ങി. അനേകംപേർ ഈ അത്യാഹിതം കണ്ടു് അന്ധാളിച്ചു നില്ക്കുമ്പോൾ എഡിസൻ അതിസാഹസികമായി വണ്ടിയുടെ മുൻപിൽ കടന്നു കുട്ടിയെ രക്ഷിച്ചു. ഇതു കണ്ടു കൃതജ്ഞതാപൂർണ്ണനായ മാസ്റ്റർ എഡിസനെ തന്റെ കൂടെ താമസിപ്പിക്കയും കമ്പി അടിക്കുന്ന വിദ്യ പഠിപ്പിക്കയും ചെയ്തു. ടെലിഗ്രാഫ് അഥവാ കമ്പിത്തപാൽ ആദ്യമായി നടപ്പിൽവന്ന കാലമായിരുന്നു അതു്. കമ്പിത്തപാൽജോലികൾ എഡിസനു രസകരമായിത്തോന്നുകയും അവയെല്ലാം വേഗം

പഠിക്കുകയും ചെയ്തു. ഇതോടുകൂടിയാണ് വിദ്യുച്ഛക്തിയെപ്പററി കൂടുതൽ പഠിക്കുവാനും പല പരീക്ഷണനിരീക്ഷണങ്ങൾ നടത്തുവാനും ഇടയായതു്. പത്രം വിററു നടന്ന ബാലൻ അധികം താമസിയാതെ ഒരു കമ്പിത്തപാൽമാസ്റ്റരായി. കമ്പിമാസ്റ്റരായപ്പോൾ അദ്ദേഹം കമ്പിത്തപാൽ പരിഷ്കരിക്കുന്നതിനു് അഹോരാത്രം പരിശ്രമിച്ചുകൊണ്ടിരുന്നു. കമ്പിയിൽ വരുന്ന വത്തമാനം സ്വയം ഒരു കടലാസിൽ എഴുതുന്നതിനു കഴിവുള്ള ഒരു യന്ത്രം എഡിസൻ കണ്ടുപിടിച്ചു. ഈ കണ്ടുപിടിത്തം അദ്ദേഹത്തിൻെറ ഭാവിശ്രേയസ്സുകൾക്കു നിദാനമായിത്തീൎന്നു. എഡിസൻെറ പ്രശസ്തി നാടെങ്ങും പരക്കുന്നതിനും അനേകം കമ്പനിക്കാർ അദ്ദേഹത്തെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഇടയായി. തൽഫലമായി 'ന്യൂജർസി' പട്ടണത്തിൽ 'മെൻലോ പാൎക്കു്' എന്ന സ്ഥലത്തു കമ്പിത്തപാൽ സാമഗ്രികൾ നിൎമ്മിക്കുന്നതിനായി ഒരു വ്യവസായശാല അദ്ദേഹം സ്ഥാപിച്ചു. പ്രസ്തുത വ്യവസായം അഭിവൃദ്ധിപ്പെട്ടുവന്നപ്പോഴേക്കും എഡിസൻെറ പണക്കുഴപ്പങ്ങളെല്ലാം തീൎന്നു. തന്മൂലം അദ്ദേഹത്തിൻെറ മുഴുവൻ സമയവും ശാസ്ത്രീയപരീക്ഷണങ്ങൾക്കായി ഉപയോഗിക്കുവാൻ കഴിഞ്ഞു.

മനുഷ്യജീവിതം സുഗമവും സന്തോഷപ്രദവും ആക്കിത്തീൎക്കുന്നതിലേക്കു് വൈദ്യുതശക്തിയെ പ്രധാനമായ ഒരുപകരണമാക്കിത്തീൎക്കണമെന്നായിരുന്നു എഡിസൻെറ പരമോദ്ദേശ്യം. എഡിസൻെറ ആദൎശങ്ങളും പ്രവൃത്തിപദ്ധതികളും സാധാരണ ശാസ്ത്രവിദഗ്ദ്ധന്മാരുടേതിൽനിന്നു വ്യത്യസ്തമായിരുന്നു. മനുഷ്യരുടെ സുഖസൗകൎയ്യാദികൾക്കും അഭ്യുന്നതിക്കും ഏററവും വിഘാതമായി നിൽക്കുന്ന വൈഷമ്യങ്ങൾ ഏവയാണെന്നു കണ്ടു

പിടിച്ച് അവയ്ക്കു ശരിയായ നിവൃത്തിമാർഗ്ഗങ്ങൾ ആരായുക എന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ പ്രവൃത്തിപരിപാടി. തദനുസരണം അദ്ദേഹം ചെയ്ത പരിശ്രമങ്ങളുടെ ഫലമായി ലോകോപകാരപ്രദങ്ങളായ അനേകം കണ്ടുപിടിത്തങ്ങൾ സാധിക്കുന്നതിനു് എഡിസനു കഴിഞ്ഞിട്ടുണ്ടു്.

പ്രത്യക്ഷമായ ഒരുദ്ദേശം മുൻനിറുത്തിക്കൊണ്ടു് അതു സാധിക്കുന്നതിനുവേണ്ടി അനുസ്യൂതമായി പരിശ്രമിക്കുകയെന്നുള്ളതു് അദ്ദേഹത്തിൻെറ സ്വഭാവവിശേഷമായിരുന്നു. വൈദ്യുതവിളക്കുകളുടെ കണ്ടുപിടിത്തത്തിലും അദ്ദേഹം അവലംബിച്ച പരീക്ഷണപദ്ധതി ഇതുതന്നെയാണു്. "ഏററവും ചെലവു കുറഞ്ഞതും ഉപയോഗം കൂടിയതുമായ വൈദ്യുതദീപങ്ങൾ കണ്ടുപിടിക്കണം. ഇപ്പോൾ അറിയപ്പെടുന്ന ആർക്ക്ലൈററുകളുടെ പല ന്യൂനതകളും പരിഹരിച്ച പരിഷ്കൃതരീതിയിലുള്ള വിളക്കുകൾ കണ്ടുപിടിക്കണം." ഇതായിരുന്നു അദ്ദേഹത്തിൻെറ ചിന്താഗതി.

ശക്തിയേറിയ വിദ്യുത്പ്രവാഹം നേർത്ത ഒരു കമ്പിയിൽക്കൂടി അയച്ചാൽ ആ കമ്പി ചൂടുകൊണ്ടു പഴുത്തു ചുവപ്പോ വെളുപ്പോ നിറമുള്ളതായിത്തീരുന്നു. ഇപ്രകാരം ചുട്ടുപഴുത്ത കമ്പിക്കു പ്രകൃത്യാ ഒരു പ്രകാശവും ഉണ്ടാകുന്നു. വായുശൂന്യമായ ഒരു സ്ഫടികപാത്രത്തിനകത്തുവച്ചു വിദ്യുത്പ്രവാഹസംയോഗം സംഭവിക്കുമ്പോൾ അതിഭാസുരമായ ഒരു പ്രകാശമുണ്ടാകുമെന്നു കണ്ടുപിടിച്ചു. ശക്തിപ്രവാഹസംയോഗമുണ്ടാകുന്ന സ്ഥലത്തു നേർമ്മയുള്ള ഒരു തിരി ഘടിപ്പിക്കയാണെങ്കിൽ പ്രസ്തുത പ്രകാശം വളരെയധികം വർദ്ധിക്കുമെന്നു് അദ്ദേഹം മനസ്സിലാക്കി.

എന്നാൽ ഈ തിരി എത്ര കഠിനമായ ചൂടുണ്ടായാലും കത്തി എരിഞ്ഞുപോകാതിരിക്കുന്നതിനു തക്ക ശക്തിയുള്ളതായിരിക്കണം. വൈദ്യുതദീപങ്ങളുടെ ബൾബിനകത്തു കാണുന്ന ഈ തിരിക്ക് ഇംഗ്ലീഷിൽ ഫിലമെൻറു (filament) എന്നാണ് പേരു.പറയുന്നതു്.

ബലവത്തായ ഒരു ഫിലമെൻറു കണ്ടുപിടിക്കുന്നതിനു് എഡിസൺ വളരെ ശ്രമിച്ചു. പലതരം ലോഹങ്ങൾകൊണ്ടും തിരികൾ ഉണ്ടാക്കി പരീക്ഷിച്ചുനോക്കി. അവയിൽ ഏററവും ഉത്തമമായി കണ്ടതു പ്ലാററിനം കമ്പികളാണു്. എന്നാൽ ഇവയ്ക്കും സാരമായ ഒരു ദൂഷ്യമുണ്ടായിരുന്നു. കുറേനേരം കത്തിക്കഴിയുമ്പോൾ പ്ലാററിനം ഫിലമെൻറു പ്രായേണ മുറിഞ്ഞുപോകുക പതിവായിരുന്നു. ഈ ന്യൂനത പരിഹരിക്കുന്നതിനു ശ്രമിച്ചതിൻെറ ഫലമായി 'വൈ ദ്യു ത വ ത്തി ക കൾ ' എന്നൊരുതരം പുതിയ ഫിലമെൻറു് അദ്ദേഹം കണ്ടുപിടിച്ചു. പ്ലാററിനംപൊടിയും ചുണ്ണാമ്പും ഉപയോഗിച്ചാണു് ഇവയുണ്ടാക്കിയതു്. പിന്നീടു് ഈ മാതിരി ഫിലമെൻറുകളെക്കാൾ നല്ല ഒരുതരം തിരികൾ മണ്ണെണ്ണക്കരിയും (Carbon) താർമഷിയും ഉപയോഗിച്ചു് അദ്ദേഹം നിർമ്മിച്ചു.

ഇങ്ങനെ വൈദ്യുതവിളക്കുകളെ സംബന്ധിച്ചു് അമേരിക്കയിൽ എഡിസൺ പല നൂതനതത്വങ്ങളും കണ്ടുപിടിച്ചപ്പോൾ ഇംഗ്ലണ്ടിൽ ജോസഫ് സ്വാൻ എന്നൊരു ശാസ്ത്രജ്ഞൻ ഈ വിഷയത്തിൽ ഗണ്യമായ പല പരിഷ്കാരങ്ങളും പ്രയോഗത്തിൽ വരുത്തുവാൻ പണിപ്പെട്ടുകയായിരുന്നു. അമേരിക്കയിൽ എഡിസൺ കണ്ടുപിടിച്ച പരിഷ്കാരം ഇംഗ്ലണ്ടിൽ സ്വാൻ കണ്ടുപിടിച്ചുകഴിഞ്ഞിരുന്നു. എഡിസൺ അമേരിക്കയിലും.

സ്വാൻ ഇംഗ്ലണ്ടിലും പെയിററൻറു (നിമ്മാണാവകാശം) എടുത്തു പരിഷ്കൃതരിതീയിലുള്ള ഇലക്ട്രിക്ക ലൈററു കഠം നിമ്മിച്ച വ്യാപാരം തുടങ്ങി. ഇവരുടെ ഈ വ്യാപാരം ഉഗ്രമായ വാണിജ്യമത്സരത്തിൽ കലാശിച്ചു. തന്മൂലം ഇരുകൂട്ടക്കും ഭീമമായ നഷ്ടത്തിനിടയായി. അപ്പോൾ എഡിസനും ജോസഫ് സ്വാനുംകൂടി യോജിച്ചു വൈദ്യുതദീപവ്യവസായം ആരംഭിക്കയും അവരുടെ വിളക്കുകൾക്ക് "എഡിസ്വാൻ"(എഡിസൺ + സ്വാൻ) എന്നു പേരിടുകയും ചെയ്തു.

തീകത്തുന്നതിനു വായു അത്യാവശ്യമാണ്. അഗ്നിജ്വാലകൊണ്ടു പ്രകാശിക്കുന്നതും എണ്ണയൊഴിച്ചു കത്തിക്കുന്നതും ആയ എല്ലാ വിളക്കുകൾക്കും വാതകസാന്നിദ്ധ്യം അപരിത്യാജ്യമാകുന്നു. എന്നാൽ ഫിലമെൻറുകളുടെ സ്ഥിതി നേരെ വിപരീതവുമാകുന്നു. വാതകശൂന്യമായ സ്ഥലത്താണ് അവ ഭംഗിയായി പ്രകാശിക്കുന്നതു്. വായു പമ്പുചെയ്തു പുറത്തേക്കു കളഞ്ഞു ശൂന്യമാക്കിയ ബൾബുകളുടെ ഉള്ളിൽ ഫിലമെൻറു സംഘടിപ്പിക്കുകയെന്നുള്ളതു് ഏററവും പ്രയാസമേറിയ ഒരു കൃത്യമായിരുന്നു. ഈ വൈതരണിയും എഡിസൻ തരണം ചെയ്തു.

ഇലക്ട്രിക്കുവിളക്കുകളുടെ വിജയം, ശരിയായ രീതിയിൽ വാതകശൂന്യമായ ബൾബുകൾ ഉണ്ടാക്കുന്നതിലും, സാമാന്യമായ ചൂടുകൊണ്ടുരുകിപ്പോകാത്ത ഫിലമെൻറുകൾ ഉണ്ടാക്കുന്നതിലും ആണ് സ്ഥിതിചെയ്യുന്നതെന്നു് എഡിസൻ മനസ്സിലാക്കി. തദത്ഥമുള്ള പരിശ്രമങ്ങളുടെ ഫലമായി പരിഷ്കൃതമായ ബൾബുകൾ അദ്ദേഹം കണ്ടുപിടിച്ചു. ബൾബുകളുടെ ചുവടററത്തു യഥാസ്ഥാനം സംഘടിപ്പിക്കുന്നതിനും കമ്പിമാഗ്ഗം വരുന്ന വിദ്യുത് പ്രവാഹത്തെ ഫിലമെൻറിലേക്ക് ആനയിക്കുന്നതിനും ഉള്ള ഉപകരണങ്ങളാണ് അവ.

മോട്ടാറിൽ സഞ്ചരിച്ചിട്ടുള്ള പലക്കും ബൾബ് എരിഞ്ഞുപോയി എന്നുള്ള ക്ലീനരുടെ പ്രസ്താവന പുത്തരിയായിരിക്കാനിടയില്ല. ബൾബിനകത്തുള്ള തിരി അഥവാ ഫിലമെൻറു കത്തി ഭസ്മമായിപ്പോകുമ്പോഴാണ് ക്ലീനർമാർ ഇപ്രകാരം പ്രസ്താവിക്കുന്നതു. ഫിലമെൻറിന് എന്തെങ്കിലും ബലക്ഷയമോ ന്യൂനതയോ ഉണ്ടായിരിക്കുകയോ കണക്കിലധികമായ വിദ്യുച്ഛക്തി ബൾബിനുള്ളിൽ പ്രവേശിക്കുകയോ ചെയ്യുമ്പോൾ ഇപ്രകാരം സംഭവിക്കുന്നു. ഓരോ ഇനം ബൾബുകൾക്കും ഇത്രയിത്ര ശക്തിയുള്ള പ്രവാഹമേ പാടുള്ളു എന്നു നിർബന്ധമുണ്ട്. ഇലക്ട്രിക്ക് ശക്തിയുടെ കൂടുതൽകുറവു നിർണ്ണയിക്കുന്ന പരിമാണത്തിനു വോൾട്ട് (Volt) എന്നു പറയുന്നു. തീരെ ചെറിയ ഇനം ബൾബുകൾ കൂടുതൽ വോൾട്ടുള്ള ഇലക്ട്രിസിററി പ്രവഹിക്കുന്ന കമ്പികളിൽ ഘടിപ്പിച്ചാൽ ബൾബുകൾ ഉത്തരക്ഷണത്തിൽ എരിഞ്ഞുപോകും. അധികം വോൾട്ടേജു ഉള്ള ബൾബുകളിൽ ശക്തികുറഞ്ഞപ്രവാഹം ചെലുത്തിയാൽ അവ നന്നായി പ്രകാശിക്കയുമില്ല.

പല ആവശ്യങ്ങൾക്കും ഉപകരിക്കത്തക്കവിധത്തിൽ ഇപ്പോൾ വിവിധരൂപത്തിൽ ഇലക്ട്രിക്ക് ലൈററുകൾ ഉണ്ടാക്കിവരുന്നുണ്ട്. കൈയിൽ കൊണ്ടുനടക്കുന്നതിനു സൗകര്യമുള്ള ഞെക്കുവിളക്കുകളും പോക്കററുവിളക്കുകളും കൂടാതെ ഫൌണ്ടൻ പേനയുടെ അററത്തും ഉടുപ്പിൻെറ ബട്ടണിലും ഘടിപ്പിച്ചിട്ടുള്ള വിളക്കുകളും ഇപ്പോൾ സാധാരണമാണ്. നായാട്ടുകാരെ പ്രത്യേകം ഉദ്ദേശിച്ച് തൊപ്പിയിലും തോക്കിൻെറ അഗ്രത്തിലും ഇലക്ട്രിക്കു വിളക്കുകൾ ഘടിപ്പിക്കുന്നുണ്ട്. വിളക്കുകൾ കൊണ്ടുള്ള സകല ആവശ്യങ്ങളും ഇപ്പോൾ വൈദ്യുതദീപങ്ങൾ ഏററവും ഭംഗിയായി നിർവഹിക്കുന്നു. പട്ടണങ്ങൾ ഒന്നാകെ

2105/61

പ്രകാശിപ്പിക്കുന്നതിനും വേഗമേറിയ വാഹനങ്ങളിൽ ഉപയോഗിക്കുന്നതിനും വൈദ്യുതദീപങ്ങൾപോലെ സൗകര്യപ്രദമായ വിളക്കുകൾ ഇല്ലതന്നെ.

---

## മിന്നാമിനുങ്ങ്

ഇതെന്തൊരാനന്ദമിതെന്തു കൗതുകം!
സ്വതന്ത്രമായ് സുന്ദരമിപ്രദാകണം
ഇതാ പറന്നെത്തിയടുത്തു ഹാ! പറ-
ന്നിതാ തൊടുംമുമ്പിതു വിണ്ണിലായിതേ!

ഉടൻ മടങ്ങുന്നിത, പൂത്തിരുട്ടിലായ്
കിടന്ന വേലിച്ചെടിതൻെറ തുമ്പതിൽ
ചുടുന്നതില്ലിച്ചെറുതീയതൊന്നുമേ!
കെടുന്നുമില്ലീ മഴയത്തുപോലുമേ!

ഇരിക്കൊലാ പൊങ്ങുക, വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനെ,
വരിഷ്ഠമാം തങ്കമുരച്ച രേഖപോ-
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ.

സ്ഫുരിക്കുമീ നിന്നുടലിൽ പദാർത്ഥമെ-
ന്തുവസ്തു മിന്നൽപ്പിണരിൻ സ്ഫുലിംഗമോ?
വിരിഞ്ഞു ... ഗണങ്ങൾ തമ്മിലാ-
ഞ്ഞുരഞ്ഞുപാറും ...പൊടിയോ, നിലാവതോ?

പുളച്ചിട്ടുന്നെന്മനതാരഹോ! വെറും-
വെളിച്ചമേ, വാ കിളിവാതിലൂടെ നീ;
വിളിച്ചുകേളാത്തവിധം ഗമിക്കിലാ-
മൊളിച്ചിടാൻ കള്ള, നിനക്കു വയ്യെടോ!

ചിലാവിലും തെങ്ങിലുമക്കവുങ്ങിലും
വിലോലമായ് മാവിലുമങ്ങുമിങ്ങുമേ
വിലങ്ങിടും നീ പ്രകൃതിക്കു ചാത്തുവാൻ
നിലാവുപൂമ്പട്ടിനു പാവുനെയ്കയോ?

മിനുങ്ങി നീ ചെന്നിടുമാറണയ്ക്കുവാൻ
കനിഞ്ഞതാ കൈത്തളിരാന്നു ഭൂരുഹം
അനങ്ങിടാതങ്ങനെ നില്പിതാക്കുമേ
മനം കൊതിക്കും മൃദുവെത്തൊടാനെടോ!

അതാവിളങ്ങുന്നു ഭവദ്ഗണങ്ങളാൽ
സപത്രേ ചുഴന്നിപ്പനിനീർമലർച്ചെടി
അതിന്നൊടൊക്കില്ലൊരു ചക്രവർത്തി ത-
ന്നതിപ്രകാശാം കലരും കിരീടവും.

പരന്ന വൻശാഖകൾമേലിവററയാ-
ന്നിരുട്ടിൽ മിന്നുന്ന മരങ്ങളാകവേ;
നിരന്ന [illegible]ത്രഗണങ്ങൾ കീഴമാ-
ന്നിരുട്ടയായ [illegible] ന്നൊരു വിണ്ണുപോലവേ.

വിളങ്ങിയു, മങ്ങിയുമൊന്നിതാ വരു-
ന്നിള[illegible]ിൽവു വാളിയൻ പൊങ്ങിയും
തളൻവ ണരം ചുതാരമൂഴിതാൻ
വളർപ്പ [illegible]ങ്ങിളു—തള്ള വാനിലാം.

മുറിക്കകത്തായിതു ഹാ! പ്രകാശമേ,
കരത്തിൽ വാ കേറുക പുസ്തകങ്ങളിൽ
ഉറക്കറയ്ക്കുള്ള കെടാവിളക്കുപോ-
ലിരിക്ക വന്നീയണിമേശമേലുമേ!

കനക്കുമുത്സാഹമൊടങ്ങുമിങ്ങും
തനിക്കു തോന്നുംപടിതന്നെയെങ്ങും
മിനുങ്ങിമങ്ങും ചൊടിയാന്ന മിന്നാ-
*മിനുങ്ങുമാമ്പൂവുമടപ്പിറപ്പോ?

[എൻ. കുമാരനാശാൻ, പു.. ട്]

---

7

## ലൂയിപാസ്റ്റർ

ഒരു വസന്തസായാഹ്നത്തിൽ പാരീസ് നഗരത്തിന്റെ സമീപമുള്ള ഒരുദ്യാനത്തിൽ ഏതാനും ബാലന്മാർകൂടി വിനോദിക്കുകയായിരുന്നു. ആടിയും പാടിയും ഉന്മത്തരായിത്തീർന്ന ആ കസൃതിക്കുട്ടന്മാർ കൂട്ടംചേർന്ന് ആർത്തുവിളിച്ചുകൊണ്ടുനിന്നപ്പോൾ എങ്ങുനിന്നോ ഒരു വിലാപം അവരുടെ കർണ്ണപുടങ്ങളിൽ പതിച്ചു. തൽക്ഷണം അവരുടെ കോലാഹലങ്ങളെല്ലാം തനിയേ നിലച്ചു. സ്തബ്ധരായിട്ട് അവർ അന്യോന്യം പകച്ചുനോക്കിനിന്നുപോയി. വീണ്ടും ആ ദീനസ്വരം കേൾക്കുകയായി. ഉടനെ എല്ലാവരുംകൂടി ശബ്ദം പുറപ്പെട്ട ദിക്കിനെ ലക്ഷ്യ

മാക്കി ഓടി. ഒരു വൈദ്യന്റെ വസതിയിലായിരുന്നു
അവർ ചെന്നുകയറിയതു്. പേപ്പട്ടിവിഷം ബാധിച്ച
ഒരു ബാലന്റെ കൈകാലുകൾ ബന്ധിച്ചിട്ടിരിക്കുന്നതാ
യിരുന്ന അവർ അവിടെ കണ്ട കാഴ്ച. ഏതാനും ആളു
കളും അവന്റെ ചുററും കൂടിനില്ക്കുന്നുണ്ടു്. ആ രോഗി
യുടെ രോദനമായിരുന്നു വിനോദമദ്ധ്യേ ആ ബാലന്മാർ
കേൾക്കാനിടയായതു്.

താമസിയാതെ രണ്ടുമൂന്നു ഭീമകായന്മാർകൂടി ബല
മായി അവനെ പിടിച്ചു തറയിൽ അനങ്ങാതെ കിടത്തി.
അനന്തരം വൈദ്യൻ ചുട്ടുപഴുത്ത ഒരു ഇരുമ്പുകമ്പി
കൊണ്ടുവന്നു് അവന്റെ ശരീരത്തിൽ കടിയേററ ഭാഗങ്ങ
ളിൽ കുറേനേരം വച്ചമർത്തി. ഉടനെ ചുടുരക്തം ആ
സ്ഥാനങ്ങളിൽനിന്നു ധാരധാരയായി പ്രവഹിച്ചു. വേദന
സഹിക്കവയ്യാതെ ആ സാധു കിടന്നു പിടച്ചുകൊണ്ടു്
ഉച്ചത്തിൽ അലറി. പ്രാണവേദനയനുഭവിക്കുന്ന ഒരു
നായെപ്പോലെ ഇടയ്ക്കിടെ അവൻ മോങ്ങി. ഹൃദയഭേദ
കമായ ആ കാഴ്ചകണ്ടു് അവന്റെ മാതാപിതാക്കന്മാർ
മൂർച്ഛിച്ചുവീണു. കൂടിനിന്നവർ കണ്ണീർ പൊഴിച്ചു.
ജിജ്ഞാസുക്കളായി നോക്കിനിന്ന ബാലന്മാർ ഭയാക്രാന്ത
രായി നാലുപാടും ഓടി. പക്ഷേ അവരിൽ ഒരുവൻ
മാത്രം ആ സാധുവിന്റെ ദുരവസ്ഥയോർത്തു് അവിടെ
ത്തന്നെ നിന്നു. രോഗിയുടെ മുറിവുകളിലും മുഖത്തും
ദയാലുവായ ആ ബാലൻ മാറി മാറി നോക്കി.

അല്പസമയം കഴിഞ്ഞു രോഗിയുടെ മുഖലക്ഷണ
ങ്ങൾ പെട്ടെന്നു മാറി. അവന്റെ ഉച്ചത്തിലുള്ള നില
വിളി ക്രമേണ നിലച്ചു. കരചരണങ്ങൾ നിശ്ചലങ്ങ
ളായി. അവസാനം, പാ പിളന്നു് അന്ത്യശ്വാസം വിട്ടു.
അത്രമാത്രം. തീവ്രവേദനയനുഭവിച്ചു് അങ്ങനെ അവന്റെ
ദേഹി ദേഹം വെടിഞ്ഞു.

ഈ ദാരുണരംഗത്തിനു സാക്ഷിയായി നിന്ന ആ ബാലൻ ശോകാകുലനായി അവിടെനിന്നു മടങ്ങി. ആ കുട്ടിയാണ് പേപ്പട്ടിവിഷത്തിനു ചികിത്സ കണ്ടുപിടിച്ചു പിൽക്കാലത്തു ലോകപ്രസിദ്ധനായിത്തീൎന്ന ലൂയിപാസ്റ്റർ.

പാസ്റ്റർ ക്രിസ്തുവൎഷം, ൧൮൨൨-ൽ ഫ്രാൻസിൽ ജനിച്ചു. പിതാവായിരുന്ന ജോസഫ് പാസ്റ്റർ നെപ്പോളിയൻ ചക്രവൎത്തിയുടെ കീഴിൽ ഒരു സാധാരണ ഭടനായിരുന്നു. നെപ്പോളിയന്റെ അധഃപതനത്തിനുശേഷം ജോസഫ് പട്ടാളത്തിൽ നിന്നും പിരിഞ്ഞു. അനന്തരം തുകൽവ്യവസായത്തിൽ ഏൎപ്പെട്ടായിരുന്നു അദ്ദേഹം കുടുംബം പുലൎത്തിവന്നതു്. പുത്രൻ ഒരു ശാസ്ത്രപണ്ഡിതനായിത്തീരണമെന്നായിരുന്നു പിതാവിന്റെ ആഗ്രഹം. ലൂയിയെ പാരിസിലെ ഒരു സൎവ്വകലാശാലയിൽ ആദ്യം വൈദ്യശാസ്ത്രം പഠിക്കുന്നതിനു കൊണ്ടുചെന്നാക്കി. അന്നു ലൂയിക്കു പതിനാറു വയസ്സേ പ്രായമായിരുന്നുള്ളു. ബുദ്ധിമാനായ ആ ബാലൻ പഠനത്തിൽ വേണ്ടവിധം ശ്രദ്ധിച്ചു. രസതന്ത്രത്തിൽ ആദ്ദേഹത്തിനു പ്രത്യേകം അഭിരുചിയുണ്ടായിരുന്നു. ആ വിഷയത്തിൽ ചില പരീക്ഷണങ്ങളും അദ്ദേഹം അക്കാലത്തു നടത്തിക്കൊണ്ടിരുന്നു.

വിദ്യാഭ്യാസം പൂൎത്തിയാക്കിയശേഷം, പിതാവിന്റെ ആഗ്രഹാനുസരണം അദ്ദേഹം ഫ്രാൻസിൽ ഡിജോവ് നഗരത്തിലെ ഒരു കാളേജിൽ കുറേനാൾ ശാസ്ത്രാദ്ധ്യാപകനായി ജോലിനോക്കി. അനന്തരം ജൎമ്മനിയിൽ സ്ട്രാറ്സ്ബെൎഗ്ഗ് എന്ന നഗരത്തിലും, പിന്നെ ഫ്രാൻസിലും ഉള്ള ചില വിദ്യാഭ്യാസസ്ഥാപനങ്ങളിൽ രസതന്ത്രപണ്ഡിതനായിട്ട് അദ്ദേഹം പ്രശസ്തസേവനം അനുഷ്ഠിച്ചിട്ടുണ്ട്. അക്കാലങ്ങളിലെല്ലാം രസതന്ത്രസംബന്ധ

മായി പല ഗവേഷണങ്ങൾകൂടി അദ്ദേഹം നടത്തിക്കൊണ്ടിരുന്നുവെന്നുള്ളതു പ്രത്യേകം സ്മരണീയമാണ്.

ഔഷധങ്ങളും ശസ്ത്രക്രിയയുമാണല്ലോ രോഗശമനത്തിനുള്ള ആധുനികമാർഗ്ഗങ്ങൾ. എന്നാൽ അക്കാലത്ത് ഏറ്റവും അപരിഷ്കൃതമായ രീതിയിലായിരുന്നു ശസ്ത്രക്രിയ നടത്തിക്കൊണ്ടിരുന്നത്. എങ്കിലും ജീവിതാശമൂലം ചില രോഗികൾ ഈ കഠിനപീഡനത്തിനു മനസ്സില്ലാമനസ്സോടെ വഴിപ്പെട്ടുകൊണ്ടിരുന്നു. വേദനകൂടാതെ ശസ്ത്രക്രിയ നടത്തുന്നതിന് സിംസൺ എന്ന മഹാൻ ചില ഔഷധങ്ങളും മററും കണ്ടുപിടിച്ചിട്ടുണ്ടായിരുന്നു. പക്ഷേ അദ്ദേഹത്തിൻെറ പരിശ്രമത്തിന് അന്നു പൂർണ്ണഫലം ലഭിച്ചിരുന്നില്ല. എന്തെന്നാൽ അദ്ദേഹത്തിൻെറ നിർദ്ദേശാനുസരണം ശസ്ത്രക്രിയയ്ക്കു വിധേയരായ രോഗികളിൽ ഭൂരിപക്ഷംപേരും ഏതാനും ദിവസങ്ങൾക്കകം മരിച്ചുപോയിരുന്നു. അതിൻെറ കാരണം എന്തെന്നു ശരിയായി മനസ്സിലാക്കാൻ ഭിഷഗ്വരന്മാർക്ക് സാധിച്ചിരുന്നില്ല. ആദ്യമായി മുറിവായിൽ ഒരു തരം വിഷബീജങ്ങൾ തനിയെ ഉണ്ടാകുന്നു. അണുപ്രായങ്ങളായ ഒരു തരം കൃമികൾ അവയെ ശരീരം മുഴുവൻ വ്യാപിപ്പിക്കുന്നു. തന്മൂലം രോഗിക്കു ജീവാപായം സംഭവിക്കുന്നു. ഇപ്രകാരമായിരുന്നു അവരുടെ ധാരണ.

പാൽ, മുന്തിരിച്ചാർ മുതലായ പാനീയങ്ങൾ ഏതാനും മണിക്കൂർനേരം വെറുതേ വച്ചിരുന്നാൽ അവയ്ക്കു പുളിരസം ഉണ്ടാകുന്നതു നമുക്ക് അനുഭവമാണല്ലോ. അതു സംബന്ധിച്ച് പാസ്റ്റർ ചില ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു. അതിൻെറ ഫലമായിട്ട് ദ്രാവകങ്ങൾക്ക് അപ്രകാരം രസഭേദം ഉണ്ടാകുന്നത് അന്തരീക്ഷവായുവിൽനിന്ന് അവയിൽ പ്രവേശി

ക്കന്ന അദൃശ്യങ്ങളായ ഒരു തരം അണുജീവികളുടെ പ്രവ ത്തനംമൂലമാണെന്നു സൂക്ഷ്മമായി മനസ്സിലാക്കാൻ അദ്ദേ ഹത്തിനു സാധിച്ചു. വായുവിനെ തടഞ്ഞു് അണുക്കൾ പ്രവേശിക്കാതെ സൂക്ഷിക്കുകയാണെങ്കിൽ പാനീയങ്ങ ൾക്കു് സ്വതേ ഉള്ള സ്വാദിനു യാതൊരു മാററവും ഉണ്ടാകുന്നതല്ലെന്നും അദ്ദേഹത്തിനു ബോദ്ധ്യമായി. മരണ ഹേതുകങ്ങളായ രോഗാണുക്കൾ മുറിവുകളിൽ തനിയെ ഉണ്ടാകുന്നതല്ലെന്നു് ഈ ഉദാഹരണങ്ങളെ ആസ്പദമാക്കി അദ്ദേഹം അനുമാനിച്ചു. അവ അന്തരീക്ഷവായുവിൽ നിന്നു മുറിവുകളിൽക്കൂടി ശരീരത്തിൽ പ്രവേശിച്ചു മാംസ പേശികളെ ആക്രമിക്കുന്നു. തന്മൂലം രോഗം വദ്ധിച്ചു് മരണത്തിനിടയാകുന്നുവെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. വ്രണം നല്ലപോലെ കഴുകി വായു ഉള്ളിൽ കടക്കാത്തവിധം വച്ചുകെട്ടിയാൽ, അതു നിശ്ശേഷം കരിഞ്ഞുപോകുന്നതാണെന്നു പരീക്ഷണങ്ങളിൽനിന്നു് അദ്ദേഹം മനസ്സിലാക്കി. മററുള്ള ശാസ്ത്രജ്ഞന്മാർ ആദ്യം അദ്ദേഹത്തിൻെറ അഭിപ്രായം ശരിയാണെന്നു വിശ്വസിച്ചില്ല. മാത്രമല്ല, അവർ അദ്ദേഹത്തെ ആക്ഷേ പിക്കുകയും ചെയ്തു. പക്ഷേ അതുകൊണ്ടൊന്നും അദ്ദേഹം ഒട്ടും നിരുത്സാഹനായില്ല. പരീക്ഷണങ്ങളും പ്രയോഗ ങ്ങളുംകൊണ്ടു് ഈ നവീനതത്ത്വത്തെ അദ്ദേഹം വിശദീ കരിച്ചു; അതിൻെറ യാഥാത്ഥ്യം അവരെ ബോദ്ധ്യപ്പെ ടുത്തി. അതിനുശേഷമാണു് ഭിഷഗ്വരന്മാർ രോഗാണു ക്കളുടെ പ്രവേശനത്തെ തടയുന്നതിനു പ്രയോജനകര മായ മാർഗ്ഗങ്ങൾ സ്വീകരിച്ചു തുടങ്ങിയതു്. ശസ്ത്രക്രിയയ്ക്കു മുമ്പു് ഉപകരണങ്ങൾ തിളച്ചവെള്ളത്തിലിട്ടു ശുദ്ധമാക്ക ണമെന്നു് ആദ്യമായി നിർദ്ദേശിച്ചതും പാസ്റ്റർ ആയി രുന്നു.

ഫ്രാൻസിലെ പട്ടുവ്യവസായത്തിന് അക്കാലത്തു വലിയ അധഃപതനം നേരിട്ടിരുന്നു. ഒരു തരം രോഗം ബാധിച്ച് പട്ടുനൂൽപ്പുഴുക്കൾ കൂട്ടംകൂട്ടമായി നശിച്ചു തായിരുന്നു അതിന്റെ കാരണം. അതിനുള്ള നിവാരണ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനു ഫ്രഞ്ചുഗവണ്മെൻറ് പാസ്റ്ററോട് അപേക്ഷിച്ചു. തദനുസരണം മൂന്നുനാലു വർഷം തുടർച്ചയായി അദ്ദേഹം ഗവേഷണങ്ങൾ നടത്തി. ഒടുവിൽ, ഒരുതരം സാംക്രമികരോഗാണുക്കളാണ് പുഴുക്കൾക്ക് ഈ നാശം ഉണ്ടാക്കുന്നതെന്ന് അദ്ദേഹം കണ്ടുപിടിച്ചു. രോഗം ബാധിക്കാത്ത പുഴുക്കളെ മററുള്ളവയിൽനിന്നും മാററി അദ്ദേഹം സൂക്ഷിച്ചു. അതോടുകൂടി രോഗവ്യാപ്തി നിലയ്ക്കുകയും ചെയ്തു. അങ്ങനെ ഒരു മഹാനഷ്ടത്തിൽനിന്നും രാജ്യത്തെ അദ്ദേഹം രക്ഷിച്ചു.

ഈ ശ്രമങ്ങൾക്കിടയിൽ അദ്ദേഹത്തിന്റെ പിതാവും വാത്സല്യഭാജനമായ ഏകപുത്രിയും കാലധർമ്മമടഞ്ഞു. എങ്കിലും തന്മൂലമുണ്ടായ ദുഃഖം അദ്ദേഹത്തിന്റെ കൃത്യനിർവ്വഹണത്തിനു യാതൊരു വിഘ്നവും വരുത്തിയില്ല. ധീരചിത്തനായ പാസ്റ്റർ പഴയപടി പ്രയത്നങ്ങൾ തുടർന്നുകൊണ്ടുതന്നെയിരുന്നു. കൂനിന്മേൽ കുരു എന്നപോലെ സ്വജനവിയോഗത്തെ തുടർന്ന് അദ്ദേഹത്തിനു പക്ഷവാതരോഗം പിടിപെട്ടു എങ്കിലും അധികം താമസിയാതെ ഈശ്വരകൃപയാൽ അദ്ദേഹം രോഗവിമുക്തനായി.

ഫ്രാൻസിലെ ആടുമാടുകൾക്ക് ഒരുതരം നീർക്കെട്ട് ബാധിക്കുക അന്നു സാധാരണമായിരുന്നു. ആ രോഗത്തിൽനിന്നും മൃഗങ്ങളെ രക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പാസ്റ്റർ ആരാഞ്ഞുതുടങ്ങി. ഒരു ദിവസം അദ്ദേഹം അൻപതു് ആടുകളെ ശേഖരിച്ച് ഇരുപത്തഞ്ചു വീതം രണ്ടായി തിരിച്ചു പ്രത്യേകം കെട്ടി സൂക്ഷിച്ചു.

അവയിൽ ഒരു കൂട്ടത്തിനു് ആന്ത്രാക്സ് രോഗത്തിൻെറ ബീജം അടങ്ങിയ ചലം ഏററവും ലഘുവാക്കി തയ്യാറാക്കി കുത്തിവച്ചു. അനന്തരം ആ ചലംതന്നെ കൊഴുത്ത വിധത്തിൽ തയ്യാറാക്കി രണ്ടുകൂട്ടം ആടുകൾക്കും വീണ്ടും കുത്തിവച്ചു. ഇതിൻെറ ഫലമായിട്ട്, ആദ്യത്തെ ഇരുപത്തഞ്ചു് ആടുകൾ പെട്ടെന്നു് സുഖം പ്രാപിക്കുകയും മററുള്ളവയെല്ലാം ഏതാനും ദിവസങ്ങൾക്കകം ചത്തുപോകുകയും ചെയ്തു. ഈ പ്രയോഗംമൂലം ആടുമാടുകൾക്കു ബാധിച്ച ആന്ത്രാക്സ് രോഗം മാത്രമല്ല, കോഴികൾക്കുണ്ടായ കാളറായും തടുക്കുവാൻ അദ്ദേഹത്തിനു നിഷ്പ്രയാസം സാധിച്ചു. ഇങ്ങനെയാണു് അത്യന്തം പ്രയോജനകരവും ആധുനികചികിത്സാരീതിയിൽ വളരെ പ്രചാരമുള്ളതുമായ കുത്തിവയ്പിൻെറ ആവിർഭാവം.

പേപ്പട്ടി കടിച്ചു് അനേകമാളുകൾ അന്നു യൂറോപ്പിൽ അകാലമൃത്യുവിനിരയായിക്കൊണ്ടിരുന്നു. ഫലപ്രദമായ ചികിത്സാരീതി ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ആ നിസ്സഹായാവസ്ഥയിൽനിന്നും സമസൃഷ്ടങ്ങളെ രക്ഷിക്കേണ്ടതു് തൻെറ കർത്തവ്യമാണെന്നു് അദ്ദേഹത്തിനു തോന്നി. കൂടാതെ ബാല്യകാലത്തു് താൻ ദർശിച്ച ആ ദാരുണരംഗം അദ്ദേഹത്തിൻെറ ദൃഷ്ടിപഥത്തിൽനിന്നും മറഞ്ഞിട്ടുണ്ടായിരുന്നുമില്ല. അതിനാൽ പേപ്പട്ടിവിഷത്തിനു ഫലപ്രദമായി ചികിത്സിക്കുന്നതിനുള്ള ഒരു ഔഷധം കണ്ടുപിടിക്കുന്നതിനുവേണ്ടിയായിരുന്നു അദ്ദേഹത്തിൻെറ അനന്തരശ്രമം. ഒരു ദിവസം ഒരു പേപ്പട്ടിയെ പിടിച്ചു കെട്ടിയിട്ടു്, അതിൻെറ വായിലെ വിഷമയമായ നുരയും പതയും ഒരു സ്ഫടികക്കുഴൽവഴി അദ്ദേഹം തന്നെത്താൻ ഊതി വലിച്ചെടുത്തു. അനന്തരം ആ വിഷദ്രാവകം പാകപ്പെടുത്തി മററു ചില ജന്തുക്കളുടെ ശരീരത്തിൽ കുത്തിവച്ചു് ചില പരീക്ഷണങ്ങൾ നടത്തി.

അങ്ങനെ പേപ്പട്ടിവിഷത്തിനും കുത്തിവയ്പ്പ് ഏററവും ഗുണകരമാണെന്നു് അദ്ദേഹം കണ്ടുപിടിച്ചു. ഈ ചികിത്സാസമ്പ്രദായം തന്നെയാണു് നമ്മുടെ ഗവണ്മെൻറുവക ആശുപത്രികളിൽ ഇപ്പോഴും നടത്തിവരുന്നതു്.

ഇപ്രകാരമുള്ള പ്രശസ്തസേവനങ്ങളെ പരിഗണിച്ചു് ഫ്രഞ്ചുഗവണ്മെൻറു് പാസ്റ്ററിനും കുടുംബാംഗങ്ങൾക്കും അടുത്തൂൺനൽകി; അനേകം സമ്മാനങ്ങളും സ്ഥാനമാനങ്ങളും അദ്ദേഹത്തിനു ലഭിച്ചു. അദ്ദേഹത്തിൻെറ പാവനസ്മരണയെ നിലനിറുത്തുന്നതിനു് കൃതജ്ഞരായ നാട്ടുകാർ [illegible]ിടെ പാസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ടു് എന്ന പേരിൽ ഒരു ഗവേഷണശാല സ്ഥാപിച്ചു. ആ മഹാസ്ഥാപനം വളർന്നു്, അതിൻെറ ശാഖകൾ ഇന്നു ലോകത്തിൻെറ നാനാഭാഗങ്ങളിലും ഉണ്ടായിട്ടുണ്ടു്.

നിസ്സ്വാർത്ഥനായ പാസ്റ്റർ ഇപ്രകാരമുള്ള ലൌകികസ്ഥാനമാനങ്ങൾകൊണ്ടു് ഒട്ടും അഹങ്കരിച്ചില്ല. പ്രതിഫലം യാതൊന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. ആർത്തത്രാണം മാത്രമായിരുന്നു അദ്ദേഹത്തിൻെറ ജീവിതലക്ഷ്യം. "പ്രയത്നിക്കുക" എന്നതായിരുന്നു അദ്ദേഹത്തിൻെറ മുദ്രാവാക്യം. തൻെറ പ്രയത്നങ്ങളുടെ സൽഫലങ്ങൾ സമസ്തസൃഷ്ടങ്ങൾ അനുഭവിച്ചാനന്ദിക്കുന്നതു കണ്ടുമാത്രം ആ മഹാൻ കൃതാർത്ഥനായി. അനന്തരം ലോകരുടെയെല്ലാം സ്നേഹാദരങ്ങൾ സമാർജ്ജിച്ചുകൊണ്ടു ആ മനുഷ്യസ്നേഹി, എഴുപത്തിയേഴാമത്തെ വയസ്സിൽ ഫ്രാൻസിൽ സെൻറുക്ലാഡ് എന്ന സ്ഥലത്തുവച്ചു നിര്യാതനായി. "മനുഷ്യസമുദായത്തിൻെറ ഭിഷഗ്വരൻ" എന്ന പ്രശംസയ്ക്കു് അർഹനായിത്തീർന്ന ആ മഹാത്മാവിൻെറ സേവനങ്ങളെ നാം എന്നും കൃതജ്ഞതാപൂർവം സ്മരിക്കേണ്ടതാണു്.

6

# പൊന്നോണം

നെല്ലിൻ—തോളിലാക്കെവെച്ചുനിന്നു
നെല്ലി—പ്പൂവൊക്കെ കണ്ണുതുറന്നു.

ചിന്നും—വെൺമുകിൽകേസരംപോലെ
മിന്നും—ചിങ്ങത്തെക്കാണുവാൻ മേലെ.

പൊന്നിൻ—കുത്തുവിളക്കുമായ് വന്നു
മുന്നിൽ—മുക്കുററി ചാലേ നിരന്നു.

പൂവിൽ—മങ്ങിയ പൊന്നോണനാളെ
പൂണ്ണാ—മോദമെതിരേല്ക്കാൻ നീളെ

ചെമ്പൊൽ—ത്താമര പൊൻകുട നീത്തി
ആമ്പൽ—പ്പൊയ്കകൾ താലമുയത്തി.

തുമ്പ—പ്പൂ വാരിവാരിയെറിഞ്ഞു
തുമ്പാ—തൻ നിഴൽപോലുമൊഴിഞ്ഞു.

തെച്ചീ, മന്ദാരം, ചേമന്തി പാരം
പിച്ചീ—യീവകപ്പൂവുകൾതോറും

നൃത്തം—ചെയ്യുന്നു കേരളനാടിൻ—
ചിത്തം—ചന്ദനത്തെന്നലിൽക്കൂടി.

വാനി—ന്നേവമസൂയ വളത്തി
വാഴ്ക—മാവേലി മാംഗളമൃത്തി.

[ജി. ശങ്കരക്കുറുപ്പ്.

൧

# മലയാളത്തിലെ മാമ്പഴക്കാലം

"വിത്തും കൊക്കോട്ടും, വിത്തും കൊക്കോട്ടും."

രാത്രിയുടെ അന്ത്യയാമത്തിൽ, മേടം ഒന്നാംതീയതിയിലെ ആദ്യത്തെയാഴ്ച "വിഷുക്കണി"യാകണമെന്നു കരുതി, ഇരുട്ടിൽ കണ്ണു മുറുകെച്ചിമ്മിക്കൊണ്ട് ഉറക്കമില്ലാതെ കിടക്കുമ്പോൾ, തൊടിയിലുള്ള തേന്മാവിന്റെ മുകളിൽനിന്നു പെട്ടെന്ന് ആ 'വിഷുപ്പക്ഷി'യുടെ വിളി അങ്ങനെ കേൾക്കായി. മലയാളക്കരയിൽ മുഴുവൻ മഹോത്സവമായിക്കൊണ്ടാടുന്ന വിഷുവോടൊന്നിച്ച്, "പൂമാതിൻ പിമ്പേ സമൃദ്ധി" എന്നപോലെ വന്നണയുന്ന കേരളവസന്തശ്രീയുടെ നൂപുരശിഞ്ജിതംപോലെ മഞ്ജുളമാണ് ആ അത്ഭുതപ്പക്ഷിയുടെ കളകൂജനം. ചിരപ്രതീക്ഷിതനായ ആ ദൂരദേശസഞ്ചാരിയുടെ ഇക്കുറിയിലെ ആദ്യത്തെ "വിത്തും കൊക്കോട്ടും" വിളി അങ്ങനെ വിഷുക്കണിക്കു നാന്ദിയായി. എന്റെ കുട്ടിക്കാലത്തെന്നപോലെ ഇന്നും എന്നെ ഈ പക്ഷിയുടെ ആഹ്വാനം ഉത്സാഹഭരിതനാക്കുന്നു. കണ്ടുപിടിക്കാൻ പ്രയാസമായ ആ രസികൻ ചങ്ങാതി "വിത്തും കൊക്കോട്ടും" എന്നുച്ചത്തിൽ ശബ്ദിക്കുമ്പോൾ "കള്ളൻ ചക്കേട്ടു—കണ്ടാൽ മിണ്ടേണ്ട—കൊണ്ടെത്തിന്നോട്ടെ—"എന്നിങ്ങനെ തുല്യസ്വരത്തിൽ ഏററു പാടാത്ത കിടാങ്ങൾ ഏതു വീട്ടിലാണുള്ളത് ?

മലനാടായ മലയാളം പ്രകൃതിപ്രസന്നമായ ഒരു നാടാണ്. പ്രത്യേകിച്ച് കേരളത്തിലെ വസന്തമായ ഈ മീന-മേടമാസക്കാലങ്ങളിൽ ഇവിടത്തെ നാട്ടിൻപുറത്തുള്ള ചേതോഹരക്കാഴ്ചകൾ അവർണ്ണനീയം തന്നെ.

വയിൽ–വെളിച്ചത്തിൽ കുളിച്ചുനിൽക്കുന്ന ഈ തൊടി
യിലേക്ക് ഞാനെന്റെ നയനങ്ങളെ യഥേഷ്ടം അയച്ചു
വിടുന്നു. കണ്ണുകളെക്കുളിർപ്പിച്ചുകൊണ്ടു ഇളംചെന്തളിർ-
ച്ചാർത്തുകൾ ആമൂലാഗ്രം അണിഞ്ഞ ചില മാവിൻ
തൈയുകൾ നിൽക്കുന്നു. പച്ചയും പഴുത്തതുമുള്ള ഫലങ്ങൾ
കുലകുലയായി വഹിക്കുന്ന വളർതേൻമാവുകളും അവിട
വിടെയുണ്ട്. അടുത്തൊരു തറമേൽ ഒരു കണിക്കൊന്ന
മരം പൊൽക്കുടമണികൾപോലുള്ള പൂങ്കുലമാലകൾ
നിറയേ തൂക്കിനിൽക്കുന്നു.

അങ്ങനെ ഈ നാട്ടിൻപുറത്തെ വസന്തപ്രകൃതി
അന്നുമിന്നും ഒരുപോലെ രമണീയമാണ്. എന്നാൽ
എന്തൊന്നിന്റെ അഭാവമാണ് എനിക്കിവിടെ വല്ലാതെ
അനുഭവപ്പെടുന്നത് ? അതോ പൂക്കൾതോറും പാറിപ്പറ
ക്കുന്ന പൂംപാററകൾപോലെ ഉല്ലാസംപൂണ്ട കിടാങ്ങൾ
വെളിയിൽ വെയിലിലും തണലിലും വിളയാടുന്നതു
കാണാനില്ല! "വിത്തും കൊക്കോട്ടും" പക്ഷിതന്നെ
ത്താൻ പാടിപ്പാടി ഒച്ചയടച്ചുപോകുന്നു. പൂങ്കുയിൽ നികു
ഞ്ജത്തിലിരുന്നു "പ്യൂ–ഊ; പ്യൂ–ഊ" എന്നു നീട്ടി നീട്ടി
വിളിച്ചിട്ടും ഉണ്ണികളാരും തൊടിയിലേക്ക് ഉത്സാഹ
ത്തോടെ ചാടിയോടിച്ചെല്ലുന്നില്ല. മാവിൻചുവട്ടിൽ
നിന്ന് അവരുടെ കൂക്കിവിളിയും മാങ്ങ പെറുക്കിക്കൂട്ടുന്ന
കലമ്പലുമൊന്നും കേൾപ്പാനില്ല. തേന്മാവിന്റെ ഒത്ത
നിറുകയിലെ ചുള്ളിക്കൊമ്പിലിരുന്ന് രണ്ടു കുഞ്ഞിക്കൈകൾ
കൊണ്ടും ഒരു പൊന്തൻമാമ്പഴം താങ്ങിപ്പിടിച്ചു കരണ്ടു
തിന്നുന്ന അണ്ണാൻ, "അണ്ണാറക്കൊട്ടാ—തെണ്ടുരു മൂക്കാ—
എനിക്കൊരു മാമ്പഴം—നിനക്കൊരു തേമ്പഴം—
കൊഞ്ഞിപ്പട്ട്!"—എന്നു താഴെനിന്ന് കിടാങ്ങളാരും
വശംകെട്ടുമാറ് കൊഞ്ചി അപ്പക്ഷിയുടെ ഭാഷയാൽ
ഒരൊററ മാങ്ങയെങ്കിലും തള്ളിയിടുന്നില്ല. "നിന്റെ

പാട്ടൊന്നു കേൾക്കട്ടെ!'' എന്ന് വികൃതിക്കുട്ടികൾ പുകഴ്ത്തുമ്പോൾ ''കാ—കാ'' എന്നു ശബ്ദിച്ചു വായിൽ നിന്നു പഴം കീഴോട്ടു വീഴ്ത്തുന്ന വിഡ്ഢിയായ ആ കറുത്ത കോങ്കണ്ണൻപക്ഷിയും ഇപ്പോൾ നിർബാധം ഇലകൾക്കിടയിൽ മറഞ്ഞിരുന്നു മാമ്പഴം കൊത്തിവലിക്കുന്നു.

എന്നാൽ നമുക്കിന്നെന്തുപററി ? ഉൾനാടന്മാർക്കുടി എന്താണ് ഈ ഉത്സവക്കാലത്തു നിരുത്സാഹരായി മങ്ങി മയങ്ങി വാഴുന്നത് ? പ്രകൃത്യാ ലീലാലോലുപരായ ബാലകർപോലും കളിവിട്ടു കാര്യത്തിലേർപ്പെട്ടപോലെയാണിപ്പോൾ അവിടവിടെ ഒതുങ്ങിയിരിക്കുന്നത് ! ഇത് എന്തോ അനാരോഗ്യകാലമാണ്. അഹോ ! വിദേശീയമായ ഒരു പരിഷ്കാരപാതം കേരളത്തിലൂടെ ഒന്നടിച്ചുപോയപ്പോഴേയ്ക്കും ഇന്നാട്ടുകാർ നിർദ്ദോഷങ്ങളും നിസർഗ്ഗമോഹനങ്ങളുമായ തങ്ങളുടെ നാടോടിവിനോദങ്ങളും ഉത്സവാഘോഷങ്ങളും ഒക്കെ വെറുത്തു കൈവെടിയുവാൻ തുടങ്ങിയെന്നോ? വിദേശീയമായ പല ആശയങ്ങളും വിലമതിപ്പുകളും കൈക്കൊള്ളുകയാൽ, കേരളീയർ, തങ്ങൾക്ക് അനുയോജ്യവും ഹൃദയംഗമവുമായ ജീവിതസംപ്രദായത്തിലെ അകൃത്രിമസൗന്ദര്യം കാണാതായിരിക്കുന്നുവെന്നോ?

വെയിലും വെളിച്ചവും, തണലും നിഴലും, സമഞ്ജസമായി മേളിക്കുന്ന മദ്ധ്യാഹ്നങ്ങൾ; മന്ദമാരുതനും മുല്ലപ്പൂമ്പുതുമണവും കലരുന്ന സായാഹ്നങ്ങൾ; കുളിർവെണ്ണിലാവും വള്ളിക്കുടിലുകളും പുളയ്ക്കുന്ന അതിമോഹനരാത്രികൾ:—ആങ്ങനെയൊക്കെ വിലസുന്നതാണ് ഈ കേരളീയവസന്തം. അത്യന്തം ആസ്വാദ്യങ്ങളും ഹൃദ്യങ്ങളുമായ ആമ്രപനസാദിഫലങ്ങളുടെ സമൃദ്ധിയാണ് ഈ ഉത്സവക്കാലവിശേഷം. പല പല ആകൃതികളിലും വലുപ്പങ്ങളിലും കലകലയായി തേനൊലിപ്പിച്ചുകൊണ്ട് തൂങ്ങുന്ന പലമാതിരി നാടൻമാവുകൾ!—ഹാ! ഈ ഒരു വിശിഷ്ട

വൃക്ഷത്താൽത്തന്നെ കേരളത്തെ പ്രകൃതി പ്രത്യേകം അനു
ഗ്രഹിച്ചിരിക്കുന്നു. ഇത്തരം ഉത്തമങ്ങളായ തേന്മാവുകൾ
ധാരാളം കാണുന്ന മറെറാരു രാജ്യമുണ്ടെങ്കിൽ, അതു പല
പ്രകാരത്തിലും മലയാളത്തോടു സാമ്യമുള്ള ആ വംഗനാടു
മാത്രമാണ്. അവിടെ ഇന്നും മാമ്പഴമുതിരുന്ന ഈ മനോ
ഹര ഋതുവിനെ തന്നാട്ടിൻപുറവാസികൾ ആബാലവൃദ്ധം
ഉത്സവമായി കൊണ്ടാടുന്നുണ്ടുപോലും. അന്നാട്ടുകാർക്ക്,
പരമ്പരാഗതമായ തങ്ങളുടെ ദേശീയവിനോദങ്ങളിൽ
അരുചിയും അവജ്ഞയും തോന്നുന്നില്ലതന്നെ.

പണ്ടത്തെ മലയാളിക്കുട്ടികൾക്കുണ്ടായിരുന്ന ആ
ചൊടിയും ചുണയും ആരോഗ്യത്തിളപ്പും കമനീയതയും
ആധുനികബാലകരിൽ എന്താണു കാണാത്തതു്? ഇതി
ന്നുള്ള മുഖ്യകാരണം, അനാഡംബരവും ദോഷരഹിതവു
മായ തനിമലയാളജീവിതരീതിയും അതിലെ വിനോദ
വിഹാരങ്ങളിലുള്ള ഹൃദയാഹ്ളാദവും ആധുനികകേരളീയ
ബാലകർക്കു് അപരിചിതമായിരിക്കുന്നു എന്നതാണ്.
തങ്ങൾ പിറന്ന മണ്ണിലെ നൈസർഗ്ഗികാമോദങ്ങൾ
ഉൾക്കൊള്ളാതെ പ്രായം ചെല്ലുന്ന ബാലകർ, അമ്മയുടെ
മുലപ്പാൽ കുടിക്കാതെ പിഴയ്ക്കുന്ന പൈതങ്ങളെപ്പോലെ
പിന്നപ്പിന്ന ദുർബ്ബലരും നിരുന്മേഷരുമാകുന്നതിലെ
ന്താണ് വിസ്മയം? മാതാപിതാക്കന്മാർ തന്നെ മലയാണ്മ
കളെ മറന്ന് മക്കളെ വിദേശീയസമ്പ്രദായങ്ങളിലാണു
വളർത്തിക്കൊണ്ടുവരുന്നത്. അത്തരം കൃത്രിമമായൊരു
അന്തരീക്ഷത്തിൽ വളർത്തി തങ്ങളുടെ ശിശുക്കളുടെ സഹ
ജമായ ഓജസ്സും തേജസ്സും നശിപ്പിക്കാതിരിക്കാൻ മലയാ
ളികളായ അച്ഛനമ്മമാർക്ക് സന്മനസ്സുണ്ടാകട്ടെ.

"മലയാളത്തിലെ മാമ്പഴക്കാലം"—അതു് ആദ്യ
വസാനം വിവിധവിനോദങ്ങളാൽ നാട്ടിൻപുറപ്രിയന്മാ
രായ ഞങ്ങൾക്കു രസകരമാകുന്നു. വാടുകളുടെ തൊടിക

ളിലും പുറംവളപ്പുകളിലെ മരത്തോപ്പുകളിലും ക്ലൂട്ടംക്ലൂട്ട മായും, ഈ ഉൾനാടിന്റെ അരികേപോകുന്ന പഴയ നിരത്തിന്റെ ഇരുവശത്തും വരിയായി നിരന്നും നിൽക്കുന്ന വലിയ മാവുകൾ നിറയേ പൂത്തു പരിമളം പരത്താൻ തുടങ്ങുന്ന അന്നുതൊട്ട്, ഒടുക്കം, കാററും മഴയും മേളിച്ചെത്തി പഴമാങ്ങകൾ മുഴുവനും കൊഴിഞ്ഞുതീരുന്നതുവരെ, ഞങ്ങളുടെ കുട്ടിക്കാലത്തു ഞങ്ങൾക്ക് ഉത്സവദിവസങ്ങളായിരുന്നു. കണ്ണിമാങ്ങകൾ കണ്ണുമിഴിച്ചു തുടങ്ങിയാൽ തുടങ്ങി തറികൊണ്ടെറിഞ്ഞുവീഴ്ത്താൻ. മാങ്ങ ചിനച്ച് ഉള്ള പഴുക്കുമ്പോൾ തോൽചെത്തി ഉപ്പും മുളകും പൊടിച്ചു വെളിച്ചെണ്ണ ചാലിച്ചു തിന്നുകയായി. പിന്നെ ചുണ്ടപ്പഴങ്ങളായി, കാററുതട്ടി "പിടുപിടു"മെന്നു ഉതിൻ വീഴുമ്പോൾ കുട്ടികളെല്ലാവരുംകൂടി എനിയ്ക്കെനിയ്ക്കെന്നു കലശൽകൂട്ടി കരിയിലകളിൽക്കൂടി പാഞ്ഞു ചെന്ന് പെറുക്കിക്കൂട്ടും. താദൃശങ്ങളായ ബാല്യകാലലീലാവിലാസങ്ങൾ ഞാനിപ്പോഴും അനുസ്മരിക്കുന്നു. ഓരോ ജാതി മാങ്ങകളുടേയും പ്രത്യേകമായ സ്വാദും മാതിരികളും തരംതിരിച്ചു മനസ്സിലാക്കാൻ ഞങ്ങൾ അതാതു മാവുകളെ "ശക്കരക്കൊടയൻ", "പുളിയൻ", "ചകരിയൻ", ഉണ്ണേ്യൻ" എന്നൊക്കെ വെവ്വേറെ പേരുകൾ വിളിച്ചിരുന്നു. മലയാളിത്തം തികഞ്ഞ ഒരു മരമാണ് മാവ്. മാങ്ങയെ നാടൻമലയാളി ഏതെല്ലാം തരത്തിലാണ് ചമൽകാരപ്പെടുത്തി ഉൾക്കൊള്ളുന്നതു! കണ്ണിമാങ്ങ പ്രായത്തിൽ കുലയോടെ അറുത്ത് ഉപ്പിലിട്ടുവയ്ക്കും. പുളിമാങ്ങകൊണ്ടു "മാങ്ങാപ്പുളി" വച്ചുകൂട്ടും. പഴമാങ്ങകൊണ്ടു മധുരക്കറി ഉണ്ടാക്കും. തേൻതുല്യമായ മാങ്ങാച്ചാറു പിഴിഞ്ഞ് പായിൽ പരത്തി വെയിലത്തുണക്കി നിമ്മിക്കുന്ന "മാങ്ങാത്തെര"ച്ചുരുളുകൾ, മാങ്ങയൊന്നും കിട്ടാത്തകാലത്തു അപൂർവമായി പുറത്തെടുത്തു മാങ്ങാ

ക്കുട്ടാൻെറ രസമൊന്നു ആസ്വദിക്കും. അമൃതസമാനമായ മാമ്പഴത്താൽ മലയാളത്തെ മനോഹരമാക്കുന്ന പ്രകൃതിദേവിയെ ഞാൻ സാഷ്ടാംഗം നമസ്കരിക്കുന്നു.

"തീൻപിണ്ടി"ത്തരത്തെക്കൊണ്ടാടുകയല്ലാ ഞാനിവിടെ ചെയ്യുന്നതു്. കണ്ണുനിറയാതെ, കിട്ടിയതൊക്കെ അകത്തു ചെലുത്തുന്ന തീൻകൊതിയന്മാർ സന്തുഷ്ടന്മാരല്ല. അവക്കു സൌന്ദര്യബോധവുമില്ല. മുകളിൽ വിവരിച്ച നമ്മുടെ ദേശീയവിനോദങ്ങളെ സൌന്ദര്യബോധത്തോടെ, രസികത്വത്തോടെ, അനുമോദിക്കാനുണ്ടെന്നാണു ഞാൻ വാദിയ്ക്കുന്നതു്.

ഒരു പ്രത്യേക കാര്യത്തിൽ എനിക്കു ദുഃഖം തോന്നുന്നു. നാനാതരത്തിൽ ഉപകരിക്കുന്ന തനിമലയാളിത്തേൻമാവുകൾ നമ്മുടെ തൊടികളിലും വളപ്പുകളിലും ഇപ്പോൾ കുറഞ്ഞുകുറഞ്ഞു വരുന്നു എന്നതാണു് എൻെറ വ്യസനം. ഇന്നു് ആരും അത്തരം ഉത്തമവൃക്ഷങ്ങളെ വെച്ചുണ്ടാക്കുന്നില്ല; എന്നു മാത്രമല്ല, മുമ്പുള്ളവർ വളർത്തിപ്പോന്നതൊക്കെ വെട്ടിത്തള്ളി കത്തിച്ചു കരിയാക്കി മറുനാടുകളിലേക്കു് അയയ്ക്കുകയും ചെയ്യുന്നു. പകരം മറുനാടുകളിൽനിന്നു് ഇങ്ങു കൊണ്ടുവന്നു വച്ചുപിടിപ്പിച്ച വർണ്ണസങ്കരമാർന്ന "ഒട്ടു"മാവുകളാണു് ഇപ്പോൾ നമ്മുടെ തോട്ടങ്ങളിൽ സ്ഥലംപിടിച്ചു് കൃത്രിമമായ അഴകു ചമഞ്ഞുനില്ക്കുന്നതു്. ഞാൻ ഈവക ചെടികളെ തീരെ നിസ്സാരമാക്കുകയല്ല. എന്നാൽ വിജാതിക്കലർപ്പാർന്നും ആഹാര്യശോഭ വഹിച്ചും ഇരിക്കുന്ന ഈ പരദേശിവൃക്ഷങ്ങളിലുള്ള ഭ്രമത്താൽ അവയെ നമ്മുടെ ഗൃഹോപാന്തങ്ങളിൽ വളർത്തുവാനുള്ള ഔൽസുക്യം ഏറിപ്പോകുന്നു എന്നു പറയേണ്ടിയിരിക്കുന്നു. എന്തെന്നാൽ, ഏറിയൊരുകാലമായി മലയാളത്തിൻെറ

അഭിമാനമായി വളൎന്നുനിന്നിരുന്ന ആ ഉൽകൃഷ്ടമാകന്ദങ്ങളെ—അടി പരന്നും മൂടി കുളത്തും മാനത്തോളം പൊങ്ങി, മലയാളിത്തം മുററി നിന്നിരുന്ന തേൻമാവുകളെ—ആ ഉന്നതവിശാലവൃക്ഷനികരങ്ങളെ—മലയാളിയുടെ ജീവിതത്തോടു ജനനംമുതൽ മരണംവരെ നാനാപ്രകാരത്തിലിണങ്ങിവാണ മാവുകളെ—വിനഷ്ടങ്ങളാക്കി, ഒരു പഴംകഥ മാത്രമാക്കിത്തീൎക്കുവാനാണു് ഈ 'ഒട്ടുചെടിപ്രസ്ഥാനം വഴിവയ്ക്കുന്നതു്.

മലയാളികളേ, മടങ്ങുവിൻ, മടങ്ങുവിൻ. നമ്മുടെ രമണീയങ്ങളായ നാട്ടിൻപുറങ്ങളിലെ ഗ്രാമീണോത്സവങ്ങളും വിനോദങ്ങളും "ഗ്രാമ്യ"ങ്ങളായി തള്ളിക്കളയാതെ അതതുകളിൽ യഥാകാലം മതിയാവോളം മോദിച്ചു്, മലയാളിയുടെ മേന്മയായിരുന്ന ദേഹദാർഢ്യവും, കരളുറപ്പും, ഹൃദയവിശാലതയും വീണ്ടുകൊള്ളുവിൻ !

---

## ഗംഗ

അമ്മയെ,ങ്ങമ്മയെങ്ങെന്നൊരുൽകണ്ഠയാ-
ലമ്മണിപ്പൈതലിന്നസ്വാസ്ഥ്യമെപ്പൊഴും.

'മല്ലിക'യ്ക്കുണ്ടമ്മ; 'മാലതി'യ്ക്കുണ്ടമ്മ;
'കല്യാണകൃഷ്ണ'നുമമ്മയുണ്ടത്ഭുതം!
ഭംഗിയില്ലാത്തൊരു'ക്കാന്തി'യ്ക്കുമുണ്ടമ്മ;
'ഗംഗ'യ്ക്കുമാത്രമി,ല്ലെങ്കിൽ സഹിക്കുമോ ?

അമ്മതൻ കൈകളാൽ കോതിമിനുക്കിയ
രമ്യമാം ചായലിൽ, പൂമാല ചൂടിയും,
അമ്മതൻകൈകൊണ്ടു തുന്നിയ കഞ്ചുക-
മമ്മൃദുമേനിയ്ക്കലങ്കാരമാക്കിയും,
തൻതോഴിമാരായ 'താര'യും 'രാധ'യും
സന്തോഷപൂർവ്വം കളിക്കാൻ വിളിക്കവേ,

അമ്മയെ,യമ്മയെ,യെന്നൊരുൽക്കണ്ഠയാ-
ലമ്മണിപ്പൈതലിന്നസ്വാസ്ഥ്യമെപ്പൊഴും.

തെന്നലിൽത്തുള്ളുന്ന ചെമ്പനീർത്താരിത-
ളൊന്നിങ്ങു കൺമുമ്പിലോടിയെത്തുംവിധം,
ലീലകളാടിക്കഴിഞ്ഞു പൈയ്പ്പാർത്തുയാ-
ലാലയാന്തത്തിൽ, തിരിച്ചെത്തുമോമലാൾ;
അത്തവ്വിലാഴക്കു വറവുമാ,യങ്ങൊരു
മുത്തശ്ശി നില്പാണടുക്കളത്തിണ്ണയിൽ;
കുഞ്ഞേ!നോടില്ലായ്കയില്ല കൃ,റെങ്കിലും
പഞ്ഞം വിലക്കുന്നു പാൽച്ചോറു നൽകുവാൻ !
തൻകരംകൊണ്ടഹോ ! താൻ തനിച്ചുണ്ണുന്ന
ഗംഗയോർമ്മിയ്ക്കും പലപ്പോഴുമീവിധം:-
'താരയ്ക്കു, രാധയ്ക്കു, കല്യാണകൃഷ്ണനു,
വാരിക്കൊടുക്കുവാനമ്മയുണ്ടെപ്പൊഴും,

അമ്മയെ,യമ്മയെ,യെന്നൊരുൽകണ്ഠയാ-
ലമ്മണിപ്പൈതലിന്നസ്വാസ്ഥ്യമെപ്പൊഴും.

+ പാടലസന്ധ്യാമഹസ്സിലാറാടി,യാ-
പ്പാടത്തുനിന്നും, തൊഴുത്തിലേയ്ക്കുക്ഷമം,

ചെല്ലുന്ന ഗോവൃന്ദമാശു കൌതുഹല-
കല്ലോലദോളയിലാടും കിടാങ്ങളെ
ഉമ്പാ’രവത്താലടക്കിനിർത്തീടുവാൻ
വെമ്പുന്ന വെമ്പലും കാണുമാറുണ്ടവൾ;
തന്നമ്മമാത്രം വരുന്നില്ല, ഗംഗ, തൻ
കണ്ണൊന്നു ചിമ്മാതെ കാത്തിരുന്നീടിലും.

അമ്മയെ,ങ്ങമ്മയെ,ങ്ങെന്നൊരുൽകണ്ഠയാ-
ലമ്മണിപ്പൈതലിന്നസ്വാസ്ഥ്യമെപ്പൊഴും.

“പട്ടുടുപ്പില്ലെനിക്കില്ല പാവാടയും
മുട്ടോളമെത്താത്ത മുണ്ടാണുടുക്കുവാൻ;
മുത്തശ്ശിയോടൊരു പാവ ചോദിക്കുകി-
ലുത്തരംമിണ്ടില്ല, മൂങ്ങപോൽ മൂളിടും;
അമ്മം യാന്നിങ്ങോട്ടുവന്നിരുന്നെങ്കിൽ!”–എ-
ന്നഞ്ഞൂറുവട്ടം വിചാരിക്കുമോമന.
“വന്നെങ്കിലക്ഷണമോടിക്കിതച്ചു ഞാൻ
ചെന്നങ്ങു ചേലതൻ തുമ്പത്തു തൂങ്ങിടും;
എന്നെയുമൊക്കത്തു വെയ്ക്കാതൊരിക്കലും
പിന്നൊരേടത്തുമയയ്ക്കില്ല നിശ്ചയം.”
എന്നേവമോർത്തോർത്തുറങ്ങുന്ന പൈതലിൻ-
മുന്നിൽ, കിനാ,വതിൻ ചിത്രം വരച്ചിടും;
ചിക്കെന്നു ജാഗര,മച്ചിത്രമത്രയും
നിഷ്കൃപം തൂത്തു തുടച്ചു കളഞ്ഞിടും.

അമ്മയെ,ങ്ങമ്മയെ,ങ്ങെന്നൊരുൽകണ്ഠയാ-
ലമ്മണിപ്പൈതലിന്നസ്വാസ്ഥ്യമെപ്പൊഴും.



———

# ഒരു കത്ത്

ആഴകം,
൨, തുലാം ൧൧൨൪

പ്രിയസ്നേഹിത,

ഓർമ്മിക്കുന്നുണ്ടോ, കഴിഞ്ഞകൊല്ലം നമ്മുടെ സാഹിത്യ സമാജത്തിൻെറ ഒരു യോഗത്തിൽ ഗ്രാമജീവിതത്തേയും നഗരജീവിതത്തേയും പററി നമ്മൾ നടത്തിയ ആ വാദപ്രതിവാദം. യുക്തിയുക്തമായി വാദിക്കാനും ഭംഗിയായി പ്രസംഗിക്കുവാനും മാതൃവിനുള്ള കഴിവ് എനിക്കു് ഇല്ലെങ്കിലും, അന്നു് എൻെറ പക്ഷമാണു ജയിച്ചതു്. ഗ്രാമജീവിതമാണു് അധികം സുഖകരം എന്നു മിക്ക വിദ്യാർത്ഥിസുഹൃത്തുക്കളും അന്നു സമ്മതിച്ചു.

"നാട്യപ്രധാനം നഗരം ദരിദ്രം.
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം."

എന്നു പ്രസിദ്ധകവിയായ കുററിപ്പുറത്തു കേശവൻ നായർ എഴുതിയിട്ടുള്ള ആ പദ്യം ചൊല്ലിക്കൊണ്ടാണു നമ്മൾ സായാഹ്നത്തിൽ പിരിഞ്ഞതു്; അല്ലേ?

ഭാവനാശാലികളായ കവികൾ പാടുന്നതു് പലപ്പോഴും സത്യമായിരിക്കണമെന്നില്ല; എനിക്കു ബോധ്യമായി. മൂന്നാഴ്ചയേ ആയിട്ടുള്ളു ഞാൻ ഈ നാട്ടുമ്പുറത്തു വന്നുചേർന്നിട്ടു്. എൻെറ അമ്മാവൻെറ കൂടെ ഇവിടെ ഞാൻ ഈ ഒഴിവുകാലം കഴിച്ചുകൂട്ടുവാൻ വിചാരിക്കയാണു്. അദ്ദേഹത്തിനു ശരീരാസ്വാസ്ഥ്യം നേരിട്ടിരിക്കെ, അതു ഭേദമാവുന്നതിനു മുൻപു് ഇവിടെ നിന്നു കോട്ടയത്തേക്കു പോരുന്നതു ശരിയാവില്ലല്ലോ. അടുത്തു വിദഗ്ദ്ധനായ ഒരു വൈദ്യൻെറ സഹായം തന്നെ ലഭിക്കാൻ വിഷമം. നല്ല മരുന്നു വല്ലതും വാങ്ങണ

മെങ്കിൽ ഔഷധശാലകളില്ല. നീലനിർമ്മലമാണ് ആകാശം. നഗരത്തിലെ പൊടിയും ആൾത്തിരക്കും ഒന്നും ഇവിടെ ഇല്ല. അല്പം അകലെയുള്ള കറുകററി മലകളുടെ അടിവാരത്തിലും മേട്ടുമ്പുറങ്ങളിലും വൈകുന്നേരം നടക്കുന്നതു് ഒരു രസംതന്നെയാണ്. പക്ഷേ, അതിനും കൂട്ടുകാരില്ലെങ്കിൽ ഉത്സാഹം തോന്നുമോ?

അവിടെയുള്ള വായനശാലയിൽ നിന്നു മൂന്നു നാലു നല്ല മലയാളപുസ്തകങ്ങളും ഇംഗ്ലീഷുനോവലുകളും എടുത്തയച്ചുതരുമെങ്കിൽ എനിക്കു വലിയ ഉപകാരമാവും. ഞാൻ പുസ്തകമൊന്നും കൊണ്ടുപോന്നില്ല പോരുമ്പോൾ. ഈ ഗ്രാമത്തിൽ ശുദ്ധമായ വായു ധാരാളം ശ്വസിക്കാം; കുളിർമയുള്ള വെള്ളവും വേണ്ടിടത്തോളം കിട്ടും. നമുക്ക് അതു മതിയോ?നല്ല ഒരു വായനശാല ഇല്ലാത്ത നാട്ടിൻപുറം സ്വർഗ്ഗംതന്നെയായാലും തീരെ മുഷിപ്പനായിട്ടേ എനിക്കു തോന്നുകയുള്ളു. ഇവിടങ്ങളിലുള്ള ആളുകൾ സൽസ്വഭാവികളാണ്; പരിശ്രമശാലികളായ കൃഷിക്കാരാണ്. പക്ഷേ പകൽമുഴുവൻ പണിയെടുക്കുന്ന ഈ കൃഷകന്മാർ മിക്കവരും ദരിദ്രന്മാരായിരിക്കുന്നതു കാണുമ്പോൾ എനിക്കു് അത്ഭുതം തോന്നുന്നു. വൃത്തിയും വെടിപ്പുമുള്ള നല്ല വീടുകൾ തന്നെ മിക്കവർക്കും ഇല്ല. എന്തു കഷ്ടമാണ്! മിക്കവരും കടക്കാരാണത്രേ. നൂററമ്പതു കൊല്ലത്തിലധികമായില്ലേ ഇംഗ്ലീഷ്‌വിദ്യാഭ്യാസം ഈ രാജ്യത്തു നടപ്പായിട്ടു്? നാലഞ്ചു ചെറുപ്പക്കാർ മാത്രമാണ് ഈ ഗ്രാമത്തിൽ ഇംഗ്ലീഷക്ഷരം വായിക്കാവുന്നവരായിട്ടുള്ളതു്. ഇംഗ്ലീഷു് ഒരിക്കലും നമ്മുടെ പൊതുഭാഷയാവില്ല; സാമാന്യവിദ്യാഭ്യാസത്തിനു നമ്മുടെ ദേശഭാഷതന്നെ വേണം; ഈ വാദം വെറുതെയല്ല ഉണ്ടായിട്ടുള്ളതു്.

എത്ര ദിവസമായി നല്ലതുപോലെ ഒന്നു കളിച്ചിട്ട്. നീണ്ടു പരന്നുകിടക്കുന്ന ഒന്നാംതരം മൈതാനങ്ങളുണ്ട് കളിസ്ഥലമാക്കാൻ. പക്ഷെ, പന്തു വേണ്ടേ? കളിക്കാൻ പരിചയമുള്ള ചങ്ങാതികൾക്ക് എവിടെപ്പോകും? പകൽ മുഴുവൻ പണിയെടുക്കുന്ന ഗ്രാമീണജനങ്ങൾക്കു ദേഹായാസത്തിനു വേറെ വ്യായാമം വേണ്ട എന്നു ..റയുമായിരിക്കാം. അതു് ഏതാണ്ട് ശരിയാണെന്നു ..ന്നെ സമ്മതിക്കാം. ആഹ്ലാദജനകമായ കളികൾ കൊണ്ടു ലഭിക്കുന്ന മാനസോല്ലാസം, ആയാസം മാത്രമുളവാക്കുന്ന വേലകൾകൊണ്ടു സിദ്ധിക്കുമോ? ഗ്രാമവാസികൾക്ക് എല്ലുമുറിയുന്ന പണികൾ മാത്രം പോരാ; വിശ്രമിക്കാൻ സമയം വേണം; ഉന്മേഷകരങ്ങളായ വിനോദങ്ങൾ വേണം; വേണ്ടേ?

ഒരു വ്യാഴവട്ടത്തിനു മുൻപു തുടങ്ങിയതാണത്രേ ഇവിടത്തെ സഹകരണസംഘം. കൃഷിക്കാർക്കു കടത്തിൽനിന്നു മോചനം നേടാൻ ഈ സ്ഥാപനം ഉപകരിക്കുമെന്നു തുടക്കത്തിൽ തോന്നിയിരുന്നു; കൃഷിപ്പണിക്കു വേണ്ട ആയുധങ്ങളും മററും വാങ്ങാൻ എളുപ്പത്തിൽ പണം ലഭിക്കുമെന്നും പല തവണയായി അതു് അടച്ചാൽ മതിയല്ലോ എന്നും പലരും ആശ്വസിച്ചിരുന്നു. കാർഷികോൽപ്പന്നങ്ങൾ നഷ്ടംകൂടാതെ സംഭരിച്ചു വിൽക്കാൻ സംഘപ്രവത്തകന്മാർക്കു സാധിക്കുമെന്നും കരുതിയിരുന്നു. ഈയിടെ ഞാൻ സംഘത്തിൻെറ കാര്യദർശിയെ കാണുകയുണ്ടായി. നാട്ടുകാരുടെ കടം വർദ്ധിക്കുകയാണു് ചെയ്തിട്ടുള്ളതു്. കൃഷി പററയത്തക്കവണ്ണം അഭിവൃദ്ധിപ്പെട്ടിട്ടുമില്ല. സഹകരണസംഘത്തിൻെറ പ്രവത്തനത്തെക്കുറിച്ചു നല്ല ബോധമുള്ള പ്രവത്തകന്മാർ വേണം സംഘത്തെ പ്രയോജനമുള്ള ഒന്നാക്കാൻ. അംഗ

ങ്ങൾക്കു അറിവുവേണം; സ്വാൎത്ഥമില്ലാത്ത ജനസേവകന്മാര നാട്ടുമ്പുറത്തു ധാരാളം ഉണ്ടാവണം; ഏതു നല്ല സ്ഥാപനവും എന്നാലേ ഉപകാരപ്രദമാവുകയുള്ളൂ. അല്ലേ?

വിദ്യാഭ്യാസം കഴിഞ്ഞാൽ, ഉപജീവനത്തിനു ചെറിയൊരു ജോലി കിട്ടുന്നപക്ഷം, നാട്ടുമ്പുറങ്ങളിലെവിടെയെങ്കിലും താമസിക്കണമെന്നു് എനിക്കു് ആഗ്രഹമുണ്ടു്. ഗ്രാമവാസികളുടെ അന്ധവിശ്വാസങ്ങളെ നശിപ്പിക്കുവാനും അവരുടെ ഇടയിൽ സാമാന്യജ്ഞാനം പരത്തുവാനും നമുക്കൊക്കെ പ്രവൎത്തിക്കാമല്ലോ. ഗ്രാമങ്ങളുടെ നില നന്നായാലേ നാട്ടിനു പൊതുവേ ഉൽകൎഷം ഉണ്ടാവുകയുള്ളൂ എന്നു് എനിക്കു തോന്നുന്നു.

ഈ എഴുത്തു് ഇടുവാൻ എനിക്കു രണ്ടുമൂന്നു നാഴിക ദൂരം നടന്നുപോകണം. ഈ ഗ്രാമത്തിൽ തപാലാപ്പീസ്സ് ഇല്ല. പോയിവരാൻ നല്ല വഴികളുണ്ടോ ? അതും പരുങ്ങൽതന്നെ. നിങ്ങളുടെമറുപടി എനിക്കു് എന്നാണു കിട്ടുക; ആഴ്ചയിൽ ഒരിക്കൽ തപാൽശിപായി ഈ ഗ്രാമത്തിൽ വന്നാൽ ഭാഗ്യമായി. വൎത്തമാനപത്രങ്ങൾ കിട്ടാൻതന്നെ ഇവിടെ വലിയ വിഷമമാണു്. ദീൎഘമായ ഒരു മറുപടി അയച്ചുതരുമെന്നു വിചാരിക്കുന്നു.

സ്നേഹപൂൎവ്വം,

രാഘവൻ.

---

# കാക്ക

ക്രൂരിരുട്ടിൻെറ കിടാത്തി, യെന്നാൽ
സൂരപ്രകാശത്തിനുററ തോഴി,
ചീത്തകൾ കൊത്തിവലിയ്ക്കുകില്ല-
മേററവും വൃത്തിവെടിപ്പെഴുന്നോൾ,
കാക്ക നി ഞങ്ങളെ സ്നേഹിക്കിലും
കാക്കണം സ്വാതന്ത്ര്യമെന്നറിവോൾ!

പൊന്നുപുലരിയുണർന്നെണീററു
ചെന്നു കിഴക്കു തി പൂട്ടിടുമ്പോൾ
കാളുന്ന വാനത്തു നാളികേര-
പ്പൂളൊന്നു വാടിക്കിടന്നിടുമ്പോൾ
മുത്താക്കുമത്താഴവററു വാനിൻ-
മുററത്തു ചിന്നിയടിഞ്ഞിടുമ്പോൾ
കേൾക്കാം പുളിമരക്കൊമ്പിൽനിന്നും
കാക്ക കരഞ്ഞിടും താരനാദം;

"ആരാണുറങ്ങുന്ന, തേൽക്കു"കെന്നായ്
കാരണവത്തി തന്നുക്തിപോലെ.

പാടിക്കളിക്കട്ടെ നാലുകെട്ടിൽ
മാടത്ത തത്ത കുയിൽ പിറാക്കൾ;
ഉൾപ്രിയമെങ്കിലും ഗേഹലക്ഷ്മി-
യ്ക്കെപ്പൊഴും കാക്കയോടെന്നു ഞായം.
ഉള്ളിലടുപ്പത്തു മൺകലത്തിൽ
നല്ലരിവെള്ളിയായ്ത്തുള്ളിടുമ്പോൾ,
മേലേ മധുരക്കിഴങ്ങുവള്ളി
പോലേ പുക പടർന്നേറിടുമ്പോൾ.

അങ്ങാശ്ശു കോലായിലമ്മ ചോറിൻ–
ചങ്ങാതിമാരെച്ചമച്ചിടുമ്പോഠം,
ആഞ്ഞുതിമിർക്കുമൊരുണ്ണി, മണ്ണിൽ
ഞാഞ്ഞൂളുമായ് പടവെട്ടിടുമ്പോഠം,
ചോടുകഠംവച്ചു, ചെരിച്ചുനോക്കി,
ചൂടെഴും പൂട ചൊറിഞ്ഞുവീഴ്ത്തി,
നീട്ടിവിളംബരം ചെയ്‌വുകാക്ക
നാട്ടിൻപുറത്തെക്കുടുംബസൌഖ്യം!

ചേലുകഠം നോക്കുവോളല്ല, നാനാ–
വേലകഠം ചെയ്യുവോളിക്കിടാത്തി.
ലോലമായ് മുവ്വിതളുള്ള നീല–
ക്കാലടിയെങ്ങു പതിഞ്ഞിടുന്നോ,
ആ നിലമൊക്കെയും ശുദ്ധിയേൽപൂ
ചാണകവെള്ളം തളിച്ചപോലെ;
പാഴിലഴുക്കു പെടുന്ന മുക്കിൽ,
ചാഴിപ്പുഴുക്കഠം കടന്നടിക്കിൽ
വേലയ്ക്കുചെന്നു മിനപ്പെടുത്തും
നീലിപ്പുലക്കള്ളിയല്ലി കാക്ക?
ലോകാഭിരാമമാണാത്തിരക്കിൽ
സ്നേഹാധികാരശകാരഘോഷം!

പച്ചമുരിക്കിന്റെ ചില്ലതോറും
പത്മരാഗങ്ങഠം വിളഞ്ഞിടുമ്പോഠം
ക്രുത്തടിപ്പൂ തേൻ കുടിച്ചു കാക്ക,
പൂത്തിരുവാതിരപ്പെണ്ണുപോലെ!
..................................
വേലയ്ക്കുനിൽക്കും കറുത്ത പെണ്ണേ,
കേളിയ്ക്കു നിന്നെയാർ കേമിയാക്കി?

ക്രൂവലിലാരു മധുകലർത്തി?
തൂവലിൽച്ചാരുമണം വളർത്തി?
താമസപിണ്ഡത്തിനുള്ളിലാരോ
താമരപ്പൂവു വിടർത്തിനിർത്തി?

[വെള്ളോപ്പിള്ളിൽ ശ്രീധരമേനോൻ
കന്നിക്കൊയ്ത്ത്]

# 13
# നിയമപാലനം

മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇൻഡ്യയിൽ വിദേശീയാധിപത്യത്തിന്നെതിരായി നടന്ന സമരങ്ങളിലെ മുഖ്യമായ ഒരു പരിപാടി നിയമലംഘനമായിരുന്നു. ഈ പദ്ധതി ഉൾപ്പെട്ട പല പല സംഘട്ടനങ്ങളുടെ ഫലമായി പാരതന്ത്ര്യത്തിൽനിന്നു നമ്മുടെ നാടു വിമുക്തമായി. കഴിയുന്നത്ര കുറച്ചുമാത്രം രക്തച്ചൊരിച്ചിലോടുകൂടിയാണു് ഇന്ത്യ സ്വാതന്ത്ര്യം നേടിയതെന്നോക്കുമ്പോൾ, അക്രമരഹിതമായ ഇത്തരമൊരു സമരസരണി ആവിഷ്കരിച്ച രാഷ്ട്രപിതാവിനോടു് നമുക്കുള്ള കൃതജ്ഞതയ്ക്കു കനം കൂടുന്നു. അദ്ദേഹത്തിന്റെ കാര്യപരിപാടിയോടുള്ള നമ്മുടെ ആദരവിന്നും.

പക്ഷേ, നെടുനാൾ നടന്ന നിയമനിഷേധങ്ങളുടെ ഫലമായോ എന്തോ, നിയമങ്ങളോടു് പൊതുവേ ഒരസഹിഷ്ണുത നമ്മുടെ നാട്ടുകാരുടെ ഹൃദയങ്ങളിൽ ഇറങ്ങിപ്പുററിയിട്ടുണ്ടെന്നു പലപ്പോഴും തോന്നാറുണ്ടു്. ഇതു വാസ്തവമാണെങ്കിൽ തികച്ചും പരിതാപകരമാണു്; ഉടൻ തന്നെ നാം ഈ മനോഭാവം ഉപേക്ഷിക്കേണ്ടതുമാണു്. നിയമങ്ങളെ ആകെ അവജ്ഞയോടെ വീക്ഷിക്കുന്ന ഒരാൾ ഗാന്ധിജിയുടെ നിയമലംഘനപ്രസ്ഥാനത്തിന്റെ കാതൽ കണ്ടറിഞ്ഞിട്ടില്ലതന്നെ.

പരാജിതമായ ഒരു രാഷ്ട്രത്തിൻെറ മേൽ ഒരു മറുനാടൻസർക്കാർ ബയണററിൻെറ മുനകൊണ്ടു തറച്ചു നിൎത്തുന്ന ചില അന്യായമായ നിയമങ്ങളുണ്ടു്. ഒരു ജനതയുടെയാകെ ആത്മാഭിമാനം കാറിമുറിക്കുന്ന അത്തരം നിയമങ്ങളെ ധിക്കരിക്കേണ്ടതു് പൌരുഷമുള്ള ഏതൊരു പൌരൻേറയും കടമയാകുന്നു. എന്നാൽ ജനസമ്മതിയുള്ള ഒരു സർക്കാർ, സമുദായത്തിൻെറ ക്ഷേമത്തിനും വികാസത്തിനുംവേണ്ടി ക്രോഡീകരിച്ചു നിലവിൽ വരുത്തുന്ന നിയമങ്ങളുണ്ടു്. അത്തരം നിയമങ്ങളെ സൎവ്വാത്മനാ ആദരിക്കുകയും അനുഷ്ഠിക്കുകയുമത്രേ ഒരു പൌരൻെറ ചുമതല. ഉദാഹരണത്തിനു നമുക്കു് ഗതാഗതനിയമങ്ങളെടുക്കുക. ''വലതുവശത്തുകൂടെ പോവുക'', ''നടപ്പാതയിലൂടെ നടക്കുക'' മുതലായ നിയമങ്ങൾ നാഗരികജീവിതത്തിൻെറ ഭദ്രതയ്ക്കു ഒഴിച്ചുകൂടാത്തവയാകുന്നു. ഒരു വമ്പിച്ച നഗരത്തിലെ പ്രധാനവീഥിയിലൂടേ വിവിധങ്ങളായ വാഹനങ്ങളും പാദചാരികളും ഈ നിയമങ്ങൾ ലംഘിച്ചു തന്നിഷ്ടംപോലെ പാഞ്ഞു നടക്കുന്ന ഒരു രംഗം സങ്കല്പിക്കുക. മനുഷ്യൻെറ ജീവനു് ആ പാതയിൽ വല്ല രക്ഷയുമുണ്ടോ? ക്രൂരമൃഗങ്ങൾ ഇരതേടി അലയുന്ന ഘോരകാന്താരങ്ങളിൽപ്പോലും മനുഷ്യനു് ആ രാജവീഥിയിലുള്ളത്ര മൃത്യുഭയം ഉണ്ടായിരിക്കുകയില്ല.

ഗതാഗതനിയമങ്ങൾപോലെ, ഒരുപക്ഷേ അവയേക്കാൾ കൂടുതൽ, പ്രാധാന്യമുള്ളവയാണു് പൊതുജനാരോഗ്യം സംബന്ധിച്ച നിയമങ്ങൾ. എന്നാൽ, ഇവ പരിപാലിക്കുന്നതിൽ നാം വേണ്ടത്ര നിഷ്കൎഷ കാണിക്കുന്നുണ്ടെന്നു പറഞ്ഞുകൂടാ. വ്യക്തിപരമായി നോക്കുമ്പോൾ മലയാളിയുടെ ശുചിത്വബോധം വളരെ മുന്തിയതുതന്നെയാകുന്നു. കുളിച്ചു വെള്ളവസ്ത്രംധരിച്ചു വൃത്തിയായി നട

ക്കുന്നതു് ഒരാഡംബരമെന്നല്ല, ഒരാവശ്യമാണെന്നു തന്നെ കണക്കാക്കുന്നവരാണു നമ്മിൽ ഭൂരിഭാഗവും. എന്നാൽ പൊതുസ്ഥലങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിൽ ഈ ശ്രദ്ധ നാം കാണിക്കുന്നില്ല. കെട്ട കുമ്പളങ്ങയും, എച്ചിലും കുപ്പയും തെരുവിലേക്കെറിഞ്ഞു വീടു വൃത്തിയാക്കുന്ന പതിവു നമ്മുടെ ഇടയിലുണ്ടു്. പൊതുക്കുളങ്ങളുടേയും പുഴകളുടേയും കരയിൽ മലമൂത്രവിസർജ്ജനം ചെയ്യുവാനും നമുക്കു പറയത്തക്ക മടിയൊന്നുമില്ല. ഇങ്ങനെ നാം വെളിയിലേക്കെറിയുന്ന അശുദ്ധവസ്തുക്കൾ പൊടിയായി കാററിൽ കലൎന്നും ചളിയായി വെള്ളത്തിൽ കലങ്ങിയും നമ്മേത്തന്നെ വീണ്ടും അഭയം പ്രാപിക്കുന്നു. നിവാരണം ചെയ്യുവാൻ അസാധ്യമായി എത്രയെത്ര രോഗങ്ങളാണു് ഇതുനിമിത്തം സമുദായത്തിൽ പരക്കുന്നതു്! പൊതുനിരത്തിൽ തുപ്പുന്നവനു് മരണശിക്ഷവരെ നൽകുവാൻ ഹിററ്ലരുടെ ജൎമ്മനിയിൽ നിയമമുണ്ടായിരുന്നുവത്രേ. ഏതെങ്കിലുമൊരു കാൎയ്യത്തിൽ നാം ഹിററ്ലറെ അനുകരിക്കണമെങ്കിൽ, അതു് ആരോഗ്യനിയമങ്ങൾ നിൎദ്ദയം നടപ്പിലാക്കുന്നതിൽ ആയിരിക്കട്ടെ.

സ്വത്തുടമയെ സംബന്ധിച്ചുള്ളവയാണു നമ്മുടെ നിയമങ്ങളിൽ ഭൂരിഭാഗവും. നിയമം അനുശാസിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി നാം നേടുന്ന ഒരു വസ്തുവിൽ നമുക്കു പൂൎണ്ണാധികാരമുണ്ടു്. അതിൽ മററൊരാൾ കൈയേറുന്നതു നിയമം അനുവദിക്കുകയുമില്ല. ഈ നിയമങ്ങളും അധികാരങ്ങളും നിഷ്കൃഷ്ടയോടെ പാലിക്കുന്നതു് സാമൂഹ്യജീവിതത്തിൻെറ രക്ഷയ്ക്കു് ഒഴിച്ചുകൂടാത്ത ഒന്നത്രേ. കണ്ടതു കണ്ടവൻ പിടിച്ചുപറിച്ചുതുടങ്ങിയാൽ സമുദായത്തിനു നിലനിൽപ്പെവിടെ? സ്വകാൎയ്യസ്വത്തിനെ സംബന്ധിച്ചുള്ള പഴയ ധാരണകൾ മാറിക്കൊണ്ടിരിക്കുകയാണു്

എന്ന കാര്യം ശരിതന്നെ. കൂടുതൽ സ്വത്തുണ്ടാക്കുവാനുള്ള ഉപകരണങ്ങളായ വൻകിടയന്ത്രങ്ങൾ, ഭൂമി എന്നിവയും, വ്യാപാരം, ഗതാഗതം എന്നിവയെ നിയന്ത്രിക്കുന്ന സ്ഥാപനങ്ങളും ഏതെങ്കിലുമൊരു വ്യക്തിയുടെ സ്വകാര്യത്തിനായി കണക്കാക്കുന്നതു് ഇന്നത്തെ സമുദായത്തിൻെറ ഭദ്രതയ്ക്കു് ഹാനികരമാണെന്നു മിക്കവാറും അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ലോകത്തിൽ ഒരു വലിയ ഭാഗത്തു് ഈവക ഉൽപ്പാദനോപകരണങ്ങൾ വ്യക്തിയുടെ ഉടമയിൽനിന്നെടുത്തു് സമുദായത്തിൻെറ പൊതുവുടമയിലാക്കിക്കഴിഞ്ഞിട്ടുമുണ്ടു്. ഈ സമ്പ്രദായത്തിനു് സോഷ്യലിസം എന്നു പേർ. സോഷ്യലിസം നടപ്പിൽ വന്നുകഴിഞ്ഞ സ്ഥലങ്ങളിലും വ്യക്തികൾക്കു് ഒരു പരിധിവരെ സ്വകാര്യസ്വത്തു് അനുവദിച്ചിട്ടുണ്ടു്. അതിൽ മററൊരാൾ കൈയേറുവാൻ അവിടങ്ങളിലെ സർക്കാർ അനുവദിക്കുകയുമില്ല. പൊതുവുടമയിലുള്ള വ്യവസായങ്ങളുടെ ഫലങ്ങളും ആ രാജ്യങ്ങളിൽ വ്യക്തികളുടെ കൈയ്യേററത്തിൽനിന്നു് സനിഷ്കർഷം രക്ഷിക്കപ്പെടുന്നുണ്ടു്. ഉദാഹരണത്തിനു്, തീവണ്ടിക്കമ്പനികൾ, സർക്കാര ഏറെറടുത്തിരിക്കുന്നു എന്നു വെച്ചു് ഏതൊരാൾക്കും ഇഷ്ടംപോലെ ടിക്കററില്ലാതെ യാത്ര ചെയ്യുവാൻ അനുവാദമില്ലതന്നെ. വ്യവസായങ്ങൾ പൊതുവുടമയിലാക്കിയ രാജ്യങ്ങളിൽ വ്യാവസായികോൽപ്പന്നങ്ങളിൽ അനധികൃതമായി കൈയേററം നടത്തുന്നവരെ കഠിനമായി ശിക്ഷിക്കാൻ വേണ്ടത്ര നിയമങ്ങളുണ്ടു്. അത്തരം ആളുകളെ അവർ രാജ്യദ്രോഹികളായാണു് എണ്ണുന്നതു്.

മനുഷ്യൻെറ വ്യക്തിത്വത്തിൻെറ പരിശുദ്ധിയിലുള്ള വിശ്വാസം ജനാധിപത്യത്തിൻെറ അടിസ്ഥാനപ്രമാണങ്ങളിലൊന്നാകുന്നു. സാമൂഹ്യവും സാമ്പത്തികവും

രാഷ്ട്രീയവുമായ നീതിയും, വിചാരത്തിനും വിശ്വാസത്തിനും അഭിപ്രായപ്രകടനത്തിനും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യവും, സ്ഥിതിസമത്വവും അവസരസമത്വവും ഇന്ത്യയിലെ ഓരോ പൗരനും നമ്മുടെ ഭരണഘടന വാഗ്ദാനം ചെയ്യുന്നുണ്ടു്. നമ്മളിൽ നിന്നും ഈ പ്രാഥമികാവകാശങ്ങൾ എടുത്തുകളയാൻ ആർക്കും അധികാരമില്ല. നിയമത്തിന്റെ കണ്ണിൽ എല്ലാവരും സമന്മാരാകയാൽ, ഒരാൾക്കു് അവമാനമോ വേദനയോ ഉണ്ടാക്കുന്ന ഒന്നും മറ്റൊരാൾ ചെയ്തുകൂടാ. സ്വന്തം അവകാശങ്ങൾക്കു വേണ്ടി വാദിക്കുന്നവൻ അന്യന്റെ അവകാശങ്ങൾ വകവച്ചുകൊടുക്കുകകൂടി വേണം. പൌരന്മാർക്കു് ചില അധികാരങ്ങളുള്ളതുപോലെ പല കടമകളുമുണ്ടു. കടമകൾ കൂടാതെ അധികാരമില്ല. ജീവിക്കുകയും ജീവിക്കാൻ അനുവദിക്കുകയുമാണു് ജനാധിപത്യത്തിന്റെ സാരമായ തത്ത്വം. അന്യന്റെ സൈ്വരജീവിതത്തിൽ കൈവയ്ക്കുന്നതു് സ്വേച്ഛാചാരമാണു്; അതു ജനാധിപത്യത്തിനു എതിരത്രേ.

നിലവിലുള്ള നിയമങ്ങളിൽ പലതിനോടും നമുക്കു വിപ്രതിപത്തിയുണ്ടാവാം. ചിലതു് ഇന്നത്തെ പരിതഃസ്ഥിതിയിൽ തീരെ അന്യായമെന്നും തോന്നാം. അത്തരം നിയമങ്ങൾക്കെതിരായി പൊതുജനാഭിപ്രായം രൂപവൽകരിക്കുവാനും, അങ്ങനെ അവയെ മാററുവാനും നമുക്കു് അധികാരമുണ്ടു്. മാത്രമല്ല, പലപ്പോഴും അവയെ മാററാൻ ശ്രമിക്കേണ്ടതു് നമ്മുടെ ചുമതലകൂടിയാണു്. ഒരു നിയമവും ശാശ്വതമല്ല. ജനങ്ങളുടെ ജീവിതരീതി മാറുന്നതനുസരിച്ച് അവരുടെ സാമൂഹ്യഘടനയെ നിയന്ത്രിക്കുന്ന നിയമങ്ങളും മാറിയേതീരൂ. ഭൂസ്വത്തുടമസംബന്ധിച്ച നിയമങ്ങൾ ഇതിനുദാഹരണമായെടുക്കാം. യഥാർത്ഥത്തിൽഭൂമിയിൽ പണിയെടുക്കുന്നകുടിയാനു് ഭൂമിയാൽ

പൂർണ്ണാധികാരം നേടിക്കൊടുക്കുവാൻ ഇന്നു് ഇന്ത്യയിൽ പരിശ്രമങ്ങൾ നടന്നുവരികയാണു്. ജന്മിസമ്പ്രദായം ഇന്നത്തെ സമുദായത്തിന്നു യോജിച്ചതല്ല. അതുപോലെ തന്നെ, നിയമനിർമ്മാണം മുഖേന അയിത്തം മുതലായ സാമൂഹ്യാവശതകളെ പരിഹരിച്ചതും നാം കണ്ടുകഴിഞ്ഞതാണു്. തൊഴിലാളികളും മുതലാളികളും തമ്മിലുള്ള ബന്ധം നിർവ്വചിക്കുവാനും വ്യവസ്ഥപ്പെടുത്തുവാനും പല പുതിയ നിയമങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. നിയമങ്ങൾ നിർമ്മിക്കുവാനുള്ള അധികാരം ഇന്നു പൊതുജനങ്ങളുടെ പ്രതിനിധികൾക്കുണ്ടു്. അതിനാൽ പഴയ നിയമങ്ങൾ ഭേദപ്പെടുത്തുകയോ, റദ്ദാക്കുകയോ, പുതിയവ ഏർപ്പെടുത്തുകയോ ചെയ്യുവാൻ പൌരന്മാർക്ക് വാദിക്കുകയും പ്രക്ഷോഭണം കൂട്ടുകയുമാവാം. പക്ഷെ, അവ മാറുന്നതുവരെ അവയെ അനുസരിക്കുകതന്നെ വേണം. നിയമലംഘനത്തിനു് ഒരു ജനാധിപത്യത്തിൽ പ്രസക്തിയില്ല. ജനങ്ങളുടേതായ, ജനങ്ങൾക്കു ശക്തി ചെലുത്താവുന്ന, സമാധാനപരമായിത്തന്നെ ജനങ്ങൾക്കു മാററാൻ കഴിയുന്ന സർക്കാരിനെയാണു് ജനാധിപത്യമെന്നു വിളിക്കുന്നതു്. ജനാധിപത്യത്തിൻെറ ആണിക്കല്ലു് നിയമങ്ങളോടുള്ള ബഹുമാനവും അവയുടെ അനുഷ്ഠാനത്തിലുള്ള നിഷ്കർഷയുമാകുന്നു. ശിക്ഷ ഭയപ്പെട്ടല്ലാതെ, സ്വാഭാവികമായിത്തന്നെ, നിയമങ്ങൾ അനുസരിക്കുവാൻ നാം ശീലിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യമായ ഈ അച്ചടക്കം ആംഗ്ലേയജനതയിൽ നിന്നു നാം പഠിക്കേണ്ട ഒരു ഗുണമാകുന്നു. ജന്മസിദ്ധമായ ഈ അച്ചടക്കമാണു് ഇംഗ്ലീഷ് ജനതയുടെ മഹത്വത്തിൻെറ രഹസ്യം. ആദിത്യനസ്തമിക്കാത്ത ഒരു സാമ്രാജ്യം സ്ഥാപിക്കുവാൻ മാത്രമല്ല, വളരെ വർഷങ്ങളോളം അതു് നിലനിർത്തിക്കൊണ്ടു

പോകുവാൻ മാത്രവുമല്ല, അതു് മിക്കവാറും സമാധാനപരമായിത്തന്നെ പിരിച്ചുവിടുവാൻ കൂടി ഇംഗ്ലീഷുകാരക്കു കഴിഞ്ഞതു് ഈ അച്ചടക്കബോധം മൂലമത്രേ.

---

14

## നമ്മുടെ കൊടി

പൊങ്ങുക പൊങ്ങുക പൊൻകൊടിയേ!
പൊങ്ങുകപൂർണ്ണജയക്കൊടിയേ!
സ്വാതന്ത്ര്യോദയമാരുതനിൽ
സ്ഫൂർത്തിതരളംപടി പാറുക നീ.

ത്യാഗത്തിൻ മണിവേദികയിൽ
നീ കതിർവീശിയുയന്നിടുവാൻ
കോമളഭാസ്സെഴുമായിരമല്ലേ
കോടി കണക്കിനു ബലി നല്കീ!

ധർമ്മോൽസുകരുടെ തൂവേർപ്പിൽ
കർമ്മോജ്ജ്വലരുടെ രക്തത്തിൽ
പുഷ്ടികലന്നു തഴച്ചു തളി-
ത്തുൽകൃഷ്ടാഭിയിൽ നിലകൊള്ളും

സ്വാതന്ത്ര്യത്തിൽ വിടന്നുയരും
സുന്ദരസുരഭിലമട്ടുമലർ നീ.
+ ഞങ്ങടെ പൌരുഷരക്തിമയാൽ
നിന്നിലിണങ്ങുക ചോപ്പുനിറം;

ഞങ്ങടെ ജീവിതശുദ്ധതയാൽ
നിന്നിലിണങ്ങുക വെള്ളനിറം;
ഞങ്ങടെ കമ്മവിദഗ്ദ്ധതയാൽ
നിന്നിലിണങ്ങുക പച്ചനിറം.

നിത്യസുഖം മനുജർക്കരുളാൻ
ബുദ്ധൻ തൂകിയ കാരുണ്യവും,
നന്തിവളർത്തിയശോകനൃപൻ
നീണാൾ വീശിയ ശാന്തതയും,

ടാഗോർ പാടിയ ഗീതികൾ തൻ
ലോകോദ്ധാരകമധുരതയും,
വന്ദ്യജഗദ്ഗുരു ദേവസമൻ
ഗാന്ധിജി ചിന്തിയ ശുദ്ധതയും,

യുവഹരിമണിയായൊളി ചിതറും
ജവഹരിതന്നുടെ ധീരതയും
ഭാരതജനനീദയ്ക്കാമനയാം
വീരസുഭാഷിൻശ്ശൂരതയും,

ഭംഗിതുളുമ്പിയിണങ്ങുക നിൻ–
മംഗളമേദുരകാന്തികളിൽ.
ഞങ്ങൾക്കൈക്യബലം വളരാൻ
ഞങ്ങൾക്കഖിലസുഖം പുലരാൻ
പൊങ്ങിപ്പൊങ്ങിപ്പാറുക നീ
ഞങ്ങൾക്കരുളുക കൺകുളിർ നീ.

ഞങ്ങടെയഭിമാനോൽഗമമായ്
ഞങ്ങടെയാശാമഞ്ജരിയായ്

സ്വാതന്ത്ര്യോദയമാരുതനിൽ
ശ്രീതിരളുംപടി പാറുക നീ! *

[ എം. പി. അപ്പൻ

---

# ഉദകമണ്ഡലം.

ഗാത്രയൊന്നും പ്രതീക്ഷിച്ചിരുന്നില്ല; തട്ടിത്തട ഞ്ഞൊന്നാന്തരമൊരു വളപ്പു എങ്ങനെയോ വന്നുവശായി. കല്ലും മരവും കണക്കിനൊത്തുകിട്ടുകയാൽ അവിടെ ഒരു കെട്ടിടമങ്ങു തീരുകയും ചെയ്തു. രണ്ടേ രണ്ടുമാസം; കയറി ത്താമസം കഴിഞ്ഞു. വന്നുകണ്ട സ്നേഹിതന്മാർ പലരും അഭിപ്രായപ്പെട്ടു, ആകെക്കൂടി ഭേഷായെന്നു്. നന്നാ യാൽ എല്ലാം നന്നു്; അല്ലെങ്കിൽ, ആഃ—അത്രയേയുള്ളു ലോകത്തിന്റെ ന്യായം. ആ പറമ്പിൽ അന്നേ ഉണ്ടാ യിരുന്നു രണ്ടു മൂന്നു് ഒട്ടുമാവിൻതൈകൾ. കായ്ച്ചു തുടങ്ങിയ വേറെ ഫലവൃക്ഷങ്ങൾ പലതുണ്ടായിരുന്നതി നാൽ മാവുകൾ പടുവൃക്ഷങ്ങളായിത്തള്ളപ്പെട്ടു. അവയ്ക്കു തടമിട്ടു വളംകൂട്ടി നനയ്ക്കാൻ ആളേ ഉണ്ടായില്ല. കൂട്ട ത്തിൽ കുറിയവരെ കണ്ണിൽപ്പിടിയ്ക്കാറില്ലല്ലോ. ഒരിക്കൽ ഊട്ടിയിൽ നിന്നു വന്നു താമസിച്ച കൃഷിവിദഗ്ദ്ധനാ യൊരു സ്നേഹിതൻ, വളപ്പാകെ ഒന്നു പരിശോധിച്ചതി നിടയ്ക്കു് ആ കള്ളന്മാരേയും കണ്ടെത്തി. അദ്ദേഹം നിന്ന നില്പിൽ കഷ്ടംവെച്ചങ്ങു നിന്നുപോയി. എന്നല്ല, പിന്നെയെടുത്തവാക്കിനു് എന്നെ ശകാരംകൊണ്ടു കുളി പ്പിക്കുകയും ചെയ്തു. ചുററും തഴച്ചുകൂടിയ പുല്ലുകൊണ്ടും പാഴ്ച്ചെടികൾ കൊണ്ടും അവശപ്പെട്ടു തല പൊക്കാൻ തരമാകാതെ നിന്ന ആ മാവിൻതൈയ്ക്കും, കണ്ടവർക്കു കണ്ടവർക്കു കുതിരകയറാനൊഴിഞ്ഞിട്ട ഒരു വക സാധു പ്രകൃതിക്കാരെപ്പോലെ അദ്ദേഹത്തിനു ദയനീയങ്ങളായി ത്തോന്നി. ഞാൻ നില്ക്കെ അദ്ദേഹംതന്നെ കൈക്കോ ട്ടെടുത്തു കടചെത്തി വെടിപ്പാക്കാൻ ഭാവിച്ചു. എന്റെ അനാസ്ഥയെ അതിൽപ്പരമാക്ഷേപിക്കാനുണ്ടോ? കൂലി

ക്കാരനെ വരുത്തി അപ്പോൾത്തന്നെ പുല്ലും മററും ചെത്തി മറിച്ചു തടം കോരി കടയിളക്കി വെണ്ണീറും എല്ലിൻപൊടിയും ഇട്ടു മൂടിയിട്ടേ ഞാൻ നിന്നേടത്തു നിന്നു നീങ്ങിയുള്ളു.

സ്നേഹിതൻെറ അരിശമൊന്നടങ്ങി. മാവിൻജാതി കളെപ്പററി സംസാരിക്കുകയായി പിന്നെ അദ്ദേഹം. അക്കൂട്ടത്തിൽ കിണററിൻകരയ്ക്കു് നിന്നൊരു മാവിൻ തൈയ്യിനെ ചൂണ്ടിക്കൊണ്ടു് അദ്ദേഹം പറഞ്ഞു: "ഇതൊരു വിശേഷതരമാണു്. അധികമെങ്ങും പിടിച്ചു കണ്ടിട്ടില്ല; ഇവിടെ വളരുന്ന മട്ടുണ്ടു്. ഒരുവിധം കേടുക ളൊക്കെ നീങ്ങി. ഇനി ഉണങ്ങുന്ന ലക്ഷണമില്ല. രണ്ടാം കൊല്ലം കായ്ക്കും. കട വെടിപ്പാക്കി വളമിട്ടു വേനൽ കാലത്തൊന്നു നനച്ചാൽ അതിശായി. നല്ല വലിപ്പ ണ്ടാവും മാങ്ങയ്ക്കു്. ഊട്ടിയിൽ ഈ ജാതി ഒരു മാമ്പ ഴത്തിനു വില നാലണയാണു്."

എൻെറ മറയത്തരമോർത്തു് എനിക്കല്പം കുണ്ഠിതം തോന്നി. പക്ഷേ പൂർവസുകൃതഫലമായിക്കിട്ടിയ പുര യിടത്തിൽ പിന്നെയുമൊരു നേട്ടമെന്നു വന്നപ്പോൾ കുണ്ഠിതത്തിലുമധികം സന്തോഷമായി. ആ കിണററിൻ കരയിലെ മാവിനു ഞാൻ 'ഉദകമണ്ഡലൻ' എന്നു പേരിട്ടു. (ഊട്ടി = ഉദകമണ്ഡലം).

പിന്നീടു വളപ്പിൽ കാലെടുത്തുകുത്തിയാലുടനെ എൻെറ ശ്രദ്ധയിൽ അധികം ഭാഗവും അവകാശപ്പെടു വാൻ ആ മാവായി. വേലക്കാരൻ ശുശ്രൂഷകൾ മുറയ്ക്കു ചെയ്തുപോന്നിരുന്നാലും, എനിക്കു ബദ്ധപ്പാടുകൾ ആരു ത്തരുണ്ടായിരുന്നാലും, നാൾതോറും രണ്ടോ മൂന്നോ പ്രാവശ്യം അതിന്നരികെപ്പോയി ആസകലം ഒന്നു പരി

ശോധിച്ചിട്ടേ ഞാൻ സമാധാനപ്പെട്ടിരുന്നുള്ളു. ഒരമ്മയ്ക്കു രാജയോഗവാനായ ഒരു കുട്ടിയോടുപോലും അത്രയ്ക്കു വാത്സല്യം തോന്നുമോ എന്തോ? അവൻെറ ഓരോ പൂമൊട്ടൊളിപ്പല്ലും തൊണ്ണിൽനിന്നുയരുന്നതു് അമ്മ നോക്കിനിൽക്കാറില്ലേ? ഏതാണ്ടപ്രകാരം ഞാൻ ആ മാവിൻെറ ഇളംചില്ലത്തലകളിൽ നാമ്പിട്ടു് ചെന്തളിർത്തൊത്തുകൾ വിരിഞ്ഞു മലരുന്നതു കണ്ടു നിന്നിട്ടുണ്ടു്. ഞാൻ കാണാതെ അതിൻെറ വളർച്ചയിൽ ഒരു ചെറിയ ഘട്ടംപോലും ഉണ്ടായിക്കൂടെന്നു നിർബ്ബന്ധമായി. ഇടയ്ക്കിടയ്ക്കു് ഇളംചില്ലകളിൽ വന്നിരുന്നാടിപ്പാടി അതിനോടു കുശലാന്വേഷണം ചെയ്യുമായിരുന്ന പൂങ്കിളികൾ കൂടി എന്നോടു പരിചയപ്പെട്ടു. കടയ്ക്കൽ പാഴ്ച്ചെടികൾക്കു കൊടിനീട്ടാൻതന്നെ വല്ലാത്ത ഭയമായി. ഊട്ടിക്കാരൻ സ്നേഹിതനുമായിട്ടു നടന്ന എഴുത്തുകുത്തുകളിൽ ഒന്നെങ്കിലും ഇല്ലായിരുന്നു മാവിൻെറ കാര്യം പറയാത്തതായിട്ടു്. പലപ്പോഴും അതായിരുന്നു എഴുത്തിനു പ്രേരകം തന്നെ. കൃത്രിമവളം വാങ്ങിച്ചേർക്കുമ്പോൾ വെണ്ണീറുമായി കൂട്ടിത്തിരുമ്മണമോ വേണ്ടയോ എന്നായിരുന്നു ഒരിക്കൽ ചോദ്യം. വിരിയാൻ ഭാവിക്കുമ്പോഴേയ്ക്കും മാന്തളിർ ഓരോന്നും കരളാൻ പററിക്കൂടിയ പ്രാണികളെ ശിക്ഷിക്കേണ്ടതെങ്ങനെയെന്നു പിന്നെയൊരിക്കൽ. പച്ചച്ഛായപ്പെൻസിലിൻെറ ആകൃതിയിൽ പൊട്ടിയുയന്നു്, തലയ്ക്കൽ പിഞ്ചിലകൾ വിരിയുമ്പോഴേക്കും കുരുടിച്ചു് കരിഞ്ഞ ഇളംചില്ലകൾക്കു ചികിത്സകൾ എന്തെല്ലാമെന്നു വേറെയൊരെഴുത്തിൽ. പഠിച്ചും പരീക്ഷിച്ചും താൻ നേടിയ അറിവിൽനിന്നു കുറുക്കിയെടുത്ത നിർദ്ദേശങ്ങൾ സ്നേഹിതൻെറ മറുപടികളോരോന്നിലും അടങ്ങിയിരുന്നു. ഡാക്ടരുടെ വായിൽനിന്നു വീഴുന്നതോരോന്നും വേദോക്തമായെണ്ണി ഒരു വിഷമജ്വരക്കാരനെ ശുശ്രൂഷ

ക്കുന്നതെങ്ങനെയോ അങ്ങനെയാണ് കട്ടകിടയ്ക്കു വീഴ്ച വരുത്താതെ ആ നിർദ്ദേശങ്ങളെല്ലാം ആദരിച്ച് മാവിനു ഞാൻ പരിചയ്യകൾ ചെയ്തിരുന്നതു്.

എന്റെ ആശ്രപരിചയ്യാഭ്രമം കണ്ടിട്ട്; പോലിസിൻസ്പെക്റ്റർ മി. താച്ചനായർ എന്നെ കളിയാക്കിയിരുന്നു. അത്രയും സമയം വേറെ വല്ല തൊഴിലും ചെയ്താൽ ഉണ്ടാകുന്ന സമ്പാദ്യംകൊണ്ടു പത്തു മാമ്പഴം അധികം വാങ്ങാമല്ലോ എന്നായിരുന്നു അദ്ദേഹത്തിന്റെ യുക്തി. രാവിലെ കാപ്പി കഴിഞ്ഞു ഞാൻ പടിഞ്ഞാറെ വളപ്പിലേക്കിറങ്ങുന്നതു കണ്ടാൽ അടുക്കളയിൽ നിന്നു "റിമാർക്ക്" പുറപ്പെട്ടിരുന്നു: "ഇങ്ങനെ വെച്ചുപിരിയാൻ വയ്യാണ്ടായാൽ വിഷമമാണേ. കണ്ടോരൊക്കെ ഭ്രാന്താണെന്നേ പറേണുള്ളു. ഈ നേരം നാലു തെങ്ങിൻകട വെടിപ്പാക്കാനോ പന്തലിട്ട് അമര പടത്താനോ നോക്കിയെങ്കിൽ എത്ര നന്നായിരുന്നു. ഒന്നിനുമൊക്കില്ലെങ്കിൽ ആ കുട്ടികളെ വിളിച്ചിരുത്തി രണ്ടക്ഷരം പറഞ്ഞുകൊടുത്തെങ്കിൽ........." വേലിയ്ക്കൽ കാററത്തിളകി മറിഞ്ഞ പട്ടു്ളിൻകൂട്ടം ആ ശകാരത്തിനു പലപ്പോഴും ശ്രുതി പിടിച്ചിട്ടുണ്ടു്.

ഏതായാലും പറഞ്ഞുപറഞ്ഞു രണ്ടാംകൊല്ലമെത്തിയപ്പോഴേക്കും 'ഉദകമണ്ഡലൻ' പൂവിട്ടു ഒപ്പം എന്റെ മനസ്സും. ആ വിവരം എന്തൊരു സന്തോഷത്തോടുകൂടിയാണെന്നോ ഞാൻ സ്നേഹിതനു് എഴുതി അയച്ചതു്. അദ്ദേഹമാണെങ്കിൽ അതിലധികവും സന്തോഷത്തോടുകൂടി മാങ്ങയുടെ ആകൃതിയും നിറവും അതു പഴുപ്പിക്കേണ്ട വിധവുമൊക്കെ എടുത്തു പറഞ്ഞുടനെ മറുപടി അയച്ചു. കടിഞ്ഞൂൽമാമ്പഴം കാത്തുകൊണ്ടു് അദ്ദേഹമങ്ങനെ ഇരിപ്പായി.

മഴക്കാർ ഇരുണ്ടുകൂടി മാമ്പൂ ഉരുകിപ്പോയെങ്കിലോ എന്നു പേടിച്ചാണു് ഞാൻ കുറെ ദിവസങ്ങൾ തള്ളിനീക്കിയതു്. നന മുട്ടാതെ നടത്തി. മിക്ക പൂങ്കുലകളും ഉണ്ണിവിരിഞ്ഞപ്പോൾ അൽപ്പം സമാധാനമായി. പിന്നെ ഉണ്ണിമാങ്ങ കാററത്തുതിരുന്നുണ്ടോ എന്നറിയാൻ ദിവസേന മാവിൻകടയ്ക്കലേക്കു നടക്കലായി എനിക്കു ജോലി. എൻെറ ആ അത്യവധാനം, ആദ്യവിവാഹത്തിലെസ്സന്താനത്തോടുളവാകുന്ന അതിവാത്സല്യംപോലെ, എൻെറ പ്രിയതമയെ അസ്വരസപ്പെടുത്തിയിരിക്കണം. പലപ്പോഴും അവളറിയാത്തവണ്ണം് വളപ്പിൻെറ വടക്കേപ്പകുതിയിലൂടെക്കടന്നാണു് ഞാൻ കിണററിൻകരയിലേക്കു പോയിരുന്നതു്.

മാങ്ങ വലുതായിത്തുടങ്ങിയപ്പോൾ, ഓരോ കുലയിലും എത്രവീതം, അങ്ങനെ ഒന്നാകെ എത്ര എണ്ണം എന്നെല്ലാം എണ്ണിത്തിട്ടപ്പെടുത്താൻ കൌതുകംതോന്നി. അധികമെണ്ണം പിടിച്ച കുലകൾ താങ്ങാൻ പോരെന്നു തോന്നിയ ചില്ലത്തുമ്പുകൾ വക്കത്തൽച്ചരടിട്ടു വലിച്ചുകെട്ടി. ഒരിക്കൽ ആകെ ൪൩ എന്നെണ്ണി നിറുത്തിയിട്ടു്, പിന്നെ അതിൽ കുറയുന്നുണ്ടോ എന്നന്വേഷിക്കലായി എന്നും; ഒരേ ദിവസത്തിൽത്തന്നെ പല തവണയും. എന്നല്ല, താക്കീതുകൾ ചിലതു ചെയ്യുകയും ഉണ്ടായി. 'സണ്ണി'യേയും 'ടോമി'നേയും വിളിച്ചു് കാലേ ശാസിച്ചു. "കണ്ടതിന്മേലൊക്കെ പൊത്തിപ്പിടിച്ചു കയറലാണു നിങ്ങൾക്കു പണി. പലപ്പോഴായി ഓങ്ങുന്നു രണ്ടു തരാൻ. ആ മാവിന്മേൽ തൊട്ടുപോയെങ്കിൽ, ആഃ—എനിക്കറിയാം. പിന്നെ രണ്ടിനേം ഞാൻ വെച്ചേയ്ക്കില്ല." ആ വികൃതിക്കുട്ടുകൾ കാണേത്തന്നെ ചൂരലൊന്നു വാങ്ങി അലമാരയുടെ മുകളിൽ സൂക്ഷിക്കുകയും ചെയ്തു.

'സണി'യുടെ ജന്മനക്ഷത്രവുമായി മിഥുനം പതിന്നാലാംതീയതി വന്നെത്തി. അന്നു രാവിലെ കുളികഴിഞ്ഞു കിണററിങ്കൽനിന്നു തിരിച്ചപ്പോൾ മാമ്പഴം അഞ്ചാറെണ്ണം നല്ല പാകം നോക്കി പറിച്ചുകൊണ്ടുപോന്നു. സദ്യയ്ക്കു് ഇൻസ്പെക്ടർ താച്ചുനായരേയും വിളിച്ചിരുന്നു. ഊണു കഴിഞ്ഞെഴുന്നേററിട്ടു് ഞാൻതന്നെ, ആ ഷൊറണ്ണൂർ മെററൽവർക്സിൽനിന്നു വാങ്ങി സൂക്ഷിച്ചിരുന്ന മേശക്കത്തിയെടുത്തു്, എല്ലാവരും തളത്തിൽ കൂടിയിരിക്കെ മാമ്പഴം നന്നനന്നന്നെ തോൽ ചെത്തിപ്പൂളാനിരുന്നു. ഞെട്ടിക്കടിയിൽനിന്നു തൊട്ടു് ഓരോ ചെത്തിനും പവൻനിറത്തിൽ മാങ്ങയുടെ ഉള്ളു കാണാറായപ്പോഴേക്കും കുട്ടികൾ തമ്മിൽ പറഞ്ഞു:

"ഹായ്, എന്തു ചന്തൻനെറാണു് മാങ്ങയ്ക്കു്."

"ത്തറോ ? പ്രിയോർമാങ്ങേം വളോർമാങ്ങേം ദൂരെയിരിക്കണം."

അപ്പോൾ ഇടവാതില്ക്കൽ വന്നുനിന്ന അവരുടെ അമ്മ: "എട, ഒന്നു മിണ്ടാതിരിക്ക്, പൂളിക്കാണാൻ പോണതല്ലേ ? അത്ര ശ്രേഷ്ഠമത്തരമൊന്നുമല്ല ഈ മാങ്ങ."

താച്ചുനായരുടെ മുഖത്തു് നേരിയൊരു പുഞ്ചിരി പൊടിഞ്ഞു. ഞാൻ അല്പം ഗൌരവം നടിച്ചു് ചെത്തു മുറയ്ക്കു തുടർന്നു.

പകുതി ചെന്നപ്പോഴേക്കും ഉള്ളിനു നിറം മാറി ഒരു വിളർത്ത നിറം. അപ്പുറം ചില പുഴക്കുത്തുകൾ. മേശക്കത്തി കയ്യിലുറയ്ക്കാതായി. ഒരു കണക്കിനു ചെത്തു് അടിവരെ എത്തിച്ചു. കീഴ്പ്പാതിയിലധികവും പുഴക്കേടായിരുന്നു.

മററു മാങ്ങകളും ചെത്തിനോക്കി. എല്ലാം തഥൈവ.

താച്ചനായർ:—"ഏതായാലും ആ കത്തി വൃത്തി കേടാക്കേണ്ട. നല്ലപോലെ കഴുകിത്തുടച്ച് സൂക്ഷിച്ചു വച്ചോളൂ."

---

## 16
## ഗായകൻ

സ്വർണ്ണസിംഹാസനം കൈവിട്ടണഞ്ഞിതി-
ന്നെന്നുടെ ജീർണ്ണിച്ച പാഴ്ക്കുടിലിൽബ്ഭവാൻ

അക്ഷയഭാസ്സു ചൊരിഞ്ഞൊരു നക്ഷത്ര-
മിക്ഷിതിഗോളത്തിലെത്തുന്ന മാതിരി.

മന്ദഹാസദ്യുതി വീശിബ്ഭവാൻ മമ
മന്ദിരത്തിൻെറ കവാടത്തിലെത്തവേ,

ഞാനൊരു മൂലയിലേതോ നിരത്ഥമാം
ഗാനവും പാടിയിരുന്നിരുന്നേകനായ്.

പ്രീതിയിൽത്താവകഗാനതരംഗമെൻ
വാതിലിൽ മുട്ടി പ്രതിധ്വനിച്ചീടവേ,

തട്ടിപ്പിടഞ്ഞെതിരേൽക്കാനെണീററു ഞാ-
നൊട്ടേറെനാൾ കാത്ത ദിവ്യനാമങ്ങളെ;

കാട്ടുപൂപോലെ നിഗ്ഗന്ധമെൻപാട്ടു, തൃ-
ക്കാൽത്താരിണയിലുപദയായ്വെയ്ക്കുവാൻ

ലക്ഷക്കണക്കിനുണ്ടല്ലോ ഭവദീയ-
വിശ്രുതി പെററ സദസ്സിൽ സുഗായകർ.

അത്ഥമില്ലെങ്കിലും, താളം പിഴയ്ക്കിലു-
മത്ഭുതമാകുമാത്മാത്ഥതയാന്നിടും

ശുഷ്കമാമെന്നുടെ ഗീതം ഭവാനുടെ
സത്യസംഗീതവുമായി മേളിക്കുവാൻ

നിർവ്വാണദായകമാം ഭവത്സംഗീത-
നിമ്നഗയെങ്ങും കുളിർമ തളിക്കവേ,

എൻലഘുഗീതമസ്സംഗീതസാന്ദ്രമാം
വിൺഗംഗ തന്നോടിടകലർന്നീടുവാൻ

സമ്മതമേകയാൽ ധന്യത പൂണ്ടെൻെറ
ജന്മമാം വല്ലരി പൂച്ചെണ്ടണികയായ് !

[നാലാങ്കൽ കൃഷ്ണപിള്ള

---

17

# തേയില

തേയിലയെപ്പററി ആദ്യമായി അറിവു കിട്ടിയതു് ചീനരാജ്യത്തുനിന്നാണെന്നു പറയുന്നു. എന്നാൽ ചീനന്മാർക്കുതന്നെ തേയിലയുടെ വിജ്ഞാനം സിദ്ധിച്ചതു് ഇൻഡ്യയിൽനിന്നു് ആ രാജ്യത്തു ചെന്നുകൂടിയ ബുദ്ധസന്യാസിമാർമുഖാന്തരമാണെന്നും ഐതിഹ്യം ഉണ്ടു്. ഏകദേശം ആയിരം വർഷങ്ങൾക്കു മുമ്പു് തേയിലകൃഷി ചീനത്തുനിന്നു ജപ്പാനിലേക്കു വ്യാപിച്ചതായി കാണുന്നു. എന്നാൽ പാശ്ചാത്യദേശങ്ങളിൽ തേയിലയ്ക്കു പ്രചാരമുണ്ടായതു കഴിഞ്ഞ മുന്നൂറു വർഷങ്ങൾക്കുള്ളിലാകുന്നു. ആരംഭദശയിൽ ഇംഗ്ലണ്ടിൽ അതിൻെറ വില റാത്തലിനു് ആറു പവൻ മുതൽ പത്തുപവൻവരെ ആയിരുന്നുവത്രേ. ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിക്കാരാണു്

ഈ സാധനം ഇംഗ്ലണ്ടിൽ നടപ്പാക്കിയതു്. ആദ്യം ഇതു രാജാവിനും രാജപാർശ്വവർത്തികൾക്കും കാഴ്ചദ്രവ്യമായി നിർദ്ദേശിച്ചിരുന്നു. പിന്നീടാണു് കച്ചവടത്തിനു വേണ്ടി ഇറക്കുമതി ചെയ്തുതുടങ്ങിയതു്.

ഇൻഡ്യയിൽ തേയില കൃഷിചെയ്യുവാൻ സാധിക്കുമോ എന്നു പല അന്വേഷണങ്ങളും നടത്തിക്കൊണ്ടിരിക്കെ, ആസാമിൽ അതു് ഒരു കാട്ടുചെടിയായി വളരുന്ന വിവരം അറിഞ്ഞു്, അവിടെ രാജകീയനിയന്ത്രണം കൂടാതെ, ജനങ്ങൾ തേയില കൃഷിചെയ്യുന്നതിനു ഗവണ്മെൻറു് അനുവദിച്ചു. ഇങ്ങനെ ഇദംപ്രഥമമായി ഇൻഡ്യയിൽ ഉണ്ടാക്കിയ ഒരു റാത്തൽ തേയില ൧൮൩൮-ാം വർഷത്തിൽ ഇംഗ്ലണ്ടിലേയ്ക്കു് അയച്ചു. അടുത്ത നാല്പതു വർഷക്കാലത്തേയ്ക്കുകൂടി തേയിലക്കച്ചവടത്തിൽ ചീനരാജ്യത്തിനു് ഉണ്ടായിരുന്ന അനന്യസാമാന്യമായ പ്രാധാന്യം അക്ഷീണമായി നിലനിന്നിരുന്നു. ചീനത്തുനിന്നു ലണ്ടൻമുഖാന്തിരമായി യൂറോപ്പു മുഴുവനും തേയിലക്കച്ചവടം വ്യാപിച്ചു. എന്നാൽ ഭാരതത്തിലും സിംഹളദ്വീപിലും കൃഷിചെയ്തുവന്ന തേയിലയുടെ വ്യാപ്തികൊണ്ടു് ഒരു മുപ്പതു സംവത്സരംകൂടി കഴിഞ്ഞപ്പോഴേക്കും, ചീനച്ചരക്കു് എല്ലായിടത്തുംനിന്നു ബഹിഷ്കൃതമായി. ൧൯൦൪-ാംവർഷത്തിൽ ഇൻഡ്യയിൽനിന്നു കയററുമതിചെയ്ത തേയില ചീനം, ജപ്പാൻ ഈ സാമ്രാജ്യങ്ങളിൽനിന്നു പുറനാടുകളിലേക്കു് അയച്ചിടത്തോളം ഉണ്ടായിരുന്നുവെന്നും, അതുതന്നെ ലോകംമൊട്ടുക്കു വ്യാപാരം നടന്ന തേയിലയുടെ മൂന്നിലൊരു ഭാഗമായിരുന്നുവെന്നും കാണുന്നു.

തേയിലകൃഷിക്കു് ഉതകുന്നതായ ഭൂമി ഉഷ്ണമേഖലയിൽ വർഷപാതം അധികമായുള്ള പ്രദേശങ്ങളാണു്. ഉത്തര ഇൻഡ്യയിൽ ആസാം, ചൊട്ടാനാഗപ്പൂർ, ഡെറാ

ഡൂൺ, കാൻഗ്ര മുതലായ സ്ഥലങ്ങളിലും, ദക്ഷിണ ഇൻഡ്യയിൽ വയനാട്ട്, നീലഗിരി, ആനമല, ദേവികുളം മുതലായ സ്ഥലങ്ങളിലും ആണു് തേയിലകൃഷി അധികമായുള്ളതു്.

തേയിലച്ചെടി ധാരാളമായി വളരുന്നതു് ചൂടും നനവും അധികമുള്ള പ്രദേശങ്ങളിലാണു്. കൂടെക്കൂടെ മഴപെയ്യുന്നതു തേയിലകൃഷിക്കു് അനുകൂലമാണെങ്കിലും വെള്ളം കെട്ടിനില്ക്കുന്നതു് അതിനു തീരെ യോജിച്ചതല്ല. വെള്ളം ഒലിച്ചുപോകത്തക്കവണ്ണം നിമ്നോന്നതവും, എന്നാൽ തറ കട്ടിയില്ലാത്തതും ആയ സ്ഥലങ്ങളാണു് അതിനു യുക്തം. ഉഷ്ണമേഖലയിൽ സമുദ്രനിരപ്പു മുതൽ ഏഴായിരം അടി ഉയരം വരെ തേയിലകൃഷി ചെയ്യാവുന്നതാണു്. കൃഷിസ്ഥലത്തിന്റെ ഔന്നത്യം അനുസരിച്ചു തേയിലയ്ക്കു ഗുണം കൂടിയിരിക്കും; എങ്കിലും, കാലാവസ്ഥയും പരിചര്യയും അനുസരിച്ചു് അടുത്തടുത്തുള്ള തോട്ടങ്ങളിലും, ഒരേ തോട്ടത്തിൽതന്നെ പല അവസരങ്ങളിലും വിളവിന്റെ ഗുണത്തിലും പരിമാണത്തിലും ഏറ്റക്കുറച്ചിൽ കാണാറുണ്ടു്. മലംപ്രദേശങ്ങളിലും താഴ്‌വരകളിലും ഉള്ള ചതുപ്പുസ്ഥലങ്ങൾ, വെള്ളം വാർന്നു പോകാൻ വേണ്ട പണികൾ ചെയ്തു തേയിലകൃഷിക്കു് ഉപയോഗിക്കാവുന്നതാണു്. ഇല സമൃദ്ധിയായി ഉണ്ടാകുന്നതിനു് പ്രത്യേകം വളങ്ങളും ഇടാം.

തേയിലച്ചെടി കുരു പാകിയാണു് മുളപ്പിക്കുന്നതു്. വിത്തുകൾ വൃശ്ചികമാസത്തോടുകൂടി നടത്തേണ്ടതാണു്. തറ വേണ്ടപോലെ ഇളക്കിമറിച്ചു് നിരപ്പാക്കിയശേഷം അല്പാ ദൂരെയായി വിത്തു നട്ടു്, മഴക്കാലംവരെ ആവശ്യം പോലെ നനച്ചും, വെയിൽ മറച്ചും, കള പറിച്ചും, ശുശ്രൂഷിക്കണം. ഇടവപ്പാതി തുടങ്ങുമ്പോഴേക്കു തൈച്ചെടികൾ ആറേഴിഞ്ചു പൊക്കമാകും. അപ്പോൾ അവയെ

ഇളക്കി നാലു നാലരയടി അകലത്തിൽ ഒന്നര അടിയോളം കിളച്ചിളക്കിയ കുഴികളിൽ നടുന്നു. ഇല പറിക്കുന്നതിനുള്ള സൗകൎയ്യത്തെ ഉദ്ദേശിച്ച്, ചെടികൾ പന്തിപന്തിയായിട്ടാണ് നടുന്നതു്. രണ്ടാംകൊല്ലത്തിൽ അവ ആറടിയോളം വളരുന്നു. അപ്പോൾ ഏകദേശം മുക്കാൽ അടി പൊക്കത്തിൽവച്ച് ചെടി മുറിച്ചുകളയുന്നു. ഇതിന്റെ ഉദ്ദേശം ചെടിക്കു ശിഖരങ്ങൾ പൊട്ടി പടൎന്നു വളരണമെന്നുള്ളതാണ്. മൂന്നുകൊല്ലം കഴിഞ്ഞാൽ ഇല പറിച്ചെടുക്കാം. ഏഴാമത്തെ വൎഷംമുതൽ സാമാന്യമായും, പത്താമത്തെ വൎഷംമുതൽ പൂൎണ്ണമായും അനുഭവം കിട്ടുന്നതാണ്. ശരിയായി കൃഷി ചെയ്തിട്ടുള്ള തോട്ടങ്ങളിൽ അമ്പതു കൊല്ലംവരെ ഒരേ ചെടിയിൽനിന്നുതന്നെ ഇല പറിക്കാം. ഇതുവരെ കിട്ടിയിട്ടുള്ളതിൽ കൂടിയ വിളവ് ഏക്കർ ഒന്നിന് ൨,൩൦൦ റാത്തൽ തേയിലയാണ്. എന്നാൽ പലതരം തോട്ടങ്ങളുടെ വിളവിന്റെ ശരാശരി നോക്കിയതിൽ ആസാമിൽ ഏക്കർ ഒന്നിന് അറുനൂറു റാത്തൽവരെയും, തിരുവിതാംകൂറിൽ അഞ്ഞൂറുറാത്തലിൽ താഴെയും മാത്രമേ കിട്ടുന്നതായി കാണുന്നുള്ളു.

തേയിലത്തോട്ടം എപ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ആറു് ആഴ്ചവട്ടത്തിൽ ഒരിക്കലെങ്കിലും കള പറിച്ചുകളയണം. ആസാമിലും മററും തറ കിളച്ചുമറിച്ചാണ് കള നശിപ്പിക്കുന്നതു്. അവിടെ ശിശിരൎത്തു കഴിഞ്ഞു് മേടമാസം മുതൽ വൃശ്ചികമാസംവരെ ഇല ഇറുക്കുന്നുണ്ടു്. ശിശിരൎത്തുവിൽ പല്ലവങ്ങൾ അങ്കുരിക്കാത്തതുകൊണ്ടാണ് ഇല പറിക്കാത്തതു്. അക്കാലത്തു് എല്ലാ ചെടികളും ഏകദേശം ഒന്നരയടി പൊക്കത്തിൽ വച്ചു ഛേദിച്ചുനിൎത്തുന്നു. ഉഷ്ണമേഖലയിൽ പന്ത്രണ്ടു മാസവും ഇല പൊടിക്കുമെന്നുള്ളതുകൊണ്ടു്, രണ്ടുകൊല്ല

ത്തോളം തുടച്ച്യയായി ഇലയെടുപ്പ് നടന്നുകൊണ്ടിരിക്കുന്നു. പിന്നീടു പുഷ്ടിയെ ഉദ്ദേശിച്ച് സ്വല്പകാലത്തേക്കു ചെടി വെട്ടിനിറുത്തുന്ന പതിവ് ഇവിടെയും ഉണ്ട്.

എട്ടും പത്തും ദിവസത്തിലൊരിക്കൽ ഇല നുള്ളം വുന്നതാകുന്നു. കൂമ്പും അതിനുതാഴെയുള്ള രണ്ടിലകളും കൂടി നുള്ളിയെടുക്കയാണ് ചെയ്യുന്നത്. മൂപ്പുകൂടിയ ഇലകൾക്കു ഗുണം കുറയും. ഇറുക്കുന്ന നാമ്പുകളെ വട്ടികളിൽ ഇട്ട് യന്ത്രശാലയിൽ എത്തിക്കുന്നു. അവിടെ അവയെ മുറങ്ങളിലോ കമ്പിത്തട്ടുകളിലോ നിരത്തി ഒരു മുറിയ്ക്കകത്തു വെയിലുകൊള്ളാതെ വാടുവാൻ വയ്ക്കുന്നു. വാട്ടം പാകമാകുമ്പോൾ അവയെ ഒരു 'റോളർ' യന്ത്രത്തിൽ ഇട്ടു ഞെക്കി പരത്തുന്നു. ഞരമ്പുകൾ ഉടഞ്ഞു് ഇലയിലുള്ള ചാറു പുറത്തു വരുവാനാണ് ഈവിധം ഞെക്കുന്നതു്. പിഷ്ടമായ ദലങ്ങളെ യന്ത്രത്തിൽനിന്നെടുത്തു ചൂടുതട്ടാത്ത ഒരു മുറിയ്ക്കകത്ത് പിന്നെയും നിരത്തുന്നു. അവിടെ കിടന്ന് ഇലയും ചാറും യോജിച്ച് പാകംവന്നതിനുശേഷം മറെറാരു 'റോളർ' യന്ത്രത്തിൽ ഇട്ട് ഉരുട്ടി എടുക്കുന്നു. പിന്നെ ചെയ്യാനുള്ളതു് അവയെ ഉണക്കുകയാണ്. കമ്പിത്തട്ടങ്ങളിൽ നിരത്തി, ചൂട് തട്ടിച്ച്, ഇലകൾ പൊടിയുന്ന പാകമാക്കണം. പിന്നീട് ഓരോ തണ്ടിൽനിന്നും ഇലകൾ പൊട്ടിച്ച് വേർപെടുത്തുന്നു. കൂമ്പില ഉയർന്നതരവും, മററിലകൾ ഒന്നിനൊന്നു താഴ്ന്നതരവും ആ യ തു കൊ ണ്ടാ ണ് അവയെ വേർപെടുത്തേണ്ടിയിരിക്കുന്നതു്. ഇങ്ങനെ വേർപെടുത്തുന്ന സന്ദർഭത്തിൽ ഇലകൾ പൊടിയുന്നതുകൊണ്ടു ദോഷമില്ല. പൊടിത്തേയിലയും ഇലയുടെ തരമനുസരിച്ച് ഉയർന്നതരമായോ, താഴ്ന്നതരമായോ വേർതിരിക്കാവുന്നതാണ്. യ ഥാ ർ ഥ ത്തി ൽ പൊടിത്തേ

യിലയ്ക്കാണ് വിയ്പും കൂടുന്നതു്. ഇത്രയും കഴിയു മ്പോൾ തേയില ഉപയോഗയോഗ്യമായിക്കഴിഞ്ഞു. അതു് ഈയത്തകിടു ഇട്ടിട്ടുള്ള ഡപ്പികളിൽ അകത്തു കാററു് കടക്കാത്തവിധം അടച്ചുറപ്പിച്ചു് കച്ചവടത്തി നായി അയയ്ക്കുന്നു. ഇതിൽ ഇലകൾ നുള്ളിയെടുക്കുന്ന തൊഴിച്ചു മററെല്ലാ പ്രവൃത്തികളും യന്ത്രങ്ങൾ ഉപയോ ഗിച്ചാണു് നടത്തുന്നതു്.

ജാത്യം കൂടിയ ഇളംതേയിലയ്ക്കു് 'പിക്കോ' എന്നു പറയുന്നു. മൂപ്പുചെന്ന ഇലകൾക്കു് അത്രതന്നെ ഗുണമില്ല. "സൂഷാംഗ്" "കോംഗു്" എന്നു രണ്ടിനമാണു് അവ.. ആസാമിലെ തേയില കൽക്കട്ടവഴിക്കും നീല ഗിരി മുതലായ തെക്കൻപ്രദേശങ്ങളിലുണ്ടാകുന്ന തേയില തൂത്തുക്കുടി, കൊച്ചി മുതലായ തുറമുഖങ്ങൾവഴിക്കും വിദേ ശങ്ങളിലേക്കു പോകുന്നു. തേയിലകൃഷിയും വ്യാപാരവും സിലോണിലും വളരെ പ്രാബല്യത്തിൽ നടന്നുവരുന്നുണ്ടു്.

---

## ൧൮

## ജ്യേഷ്ഠനും അനുജനും

"അമ്പിളി നമ്മുടെ മുററത്തു മാമര-
ക്കൊമ്പിൽക്കയറിക്കളിച്ചിടുമ്പോൾ

ചെന്നു പിടിച്ചെന്റെ കൈക്കലാക്കീടണം
വന്നു തുണയ്ക്കണേ ജ്യേഷ്ഠനെന്നെ."

എന്നു സഹജൻ പറഞ്ഞോരു നേരത്തി-
ലൊന്നു ചിരിച്ചോതിയഗ്രജനും:—

"പെച്ചപ്പട്ടവിഡ്ഢിയാകുന്ന നിയുണ്ണി!
കൊച്ചനാം നിൻ കൊതി സാദ്ധ്യമല്ല.

ഉച്ചത്തിലെത്രയോ ദൂരത്തിലല്ലയോ
മെച്ചമായ് ചുററുന്ന ചന്ദ്രബിംബം."

ഇത്തരം ജ്യേഷ്ഠൻ ഹസിച്ചു പറഞ്ഞപ്പോ-
ളുത്തരമോതിനാൻ കൊച്ചനുജൻ:

"ഏട്ടൻെറ പിട്ടും പിരട്ടും നിറഞ്ഞൊരു
കൂട്ടങ്ങളാരുമേ വിശ്വസിക്കാ;

ജാലകദ്വാരത്തിൽനിന്നമ്മ നമ്മുടെ
ലീലകൾ കണ്ടു ചിരിച്ചിടുമ്പോൾ

ദൂരത്തിലാണമ്മയെന്നുരയ്ക്കുന്നവൻ
നേരസ്ഥനാകുമോ ? ചൊല്ലുകേട്ടാ."

എന്നവൻ ചൊന്നതിനുത്തരമോതിനാൻ
മന്ദസ്മിതംതൂകിയഗ്രജനും:—

"എന്തൊരു വങ്കൻ മഹാവിടുവിഡ്ഢി നീ
ചിന്തയില്ലാതെ ചിലച്ചിടുന്നു;

ദൂരം പെരുക്കയാലക്കണ്ട പൂന്തിങ്കൾ
പാരം ചെറുതെന്നു തോന്നൽമാത്രം!

ചാരത്തണഞ്ഞാൽ മഹാമഹാക്രൂരനാം;
സൈ്വരംകെടുത്തൊല്ലേ! പോയ്ക്കിടക്കൂ!"

കൊച്ചുകൈകൊട്ടിച്ചെറുദന്തമൊട്ടുകൾ
മെച്ചമായ്ക്കാട്ടിച്ചിരിച്ചു കുട്ടൻ

ഓമനക്കാൽകൊണ്ടു നൃത്തം ചവിട്ടിയുമ-
പ്പൂമയങ്ങീടുമാറേവമോതി:—

"അയ്യോ! പണിപ്പെട്ടെഴുത്തിന്നു പോയിട്ടു
പൊയ്യോ പഠിക്കുന്നതെൻെറയേട്ടൻ ?

വല്ലാത്തവിഡ്ഢിത്തമീവണ്ണമോരോന്നു
ചൊല്ലാൻ തുടങ്ങുന്നതെത്ര മോശം!

ഓമനക്കുട്ടനാമെൻമുഖം ചുംബിപ്പാൻ
പ്രേമമോടമ്മ കുനിഞ്ഞുനില്ക്കേ

വീർത്തുവലുതായ് വരുന്നതുണ്ടോ മുഖം ?
ഓർത്തുകണ്ടാൽ മഹാവിഡ്ഢിയേട്ടൻ."

എന്നേവമോതിയക്കൊച്ചുകുമാരകൻ
സന്ദേഹമെന്നിയേ തൃപ്തിപൂണ്ടു.

സോദരസന്തോഷമോർത്തു പാർത്തേററവും
മോദരസം തേടിയഗ്രജനും.

ഓമൽക്കിടാങ്ങളും തൻ സംഭാഷണം കേട്ടു
തൂമന്ദഹാസം പൊഴിച്ചിതമ്മ.

മാമരക്കൊമ്പിന്നടിയിങ്കൽ നിന്നാശു
സോമനും മേല്പോട്ടുയർന്നുവന്നു.
ബാലകന്മാരിലും മാതാവുതങ്കലും
ചാലവേ പീയൂഷരശ്മി തൂകി.

[പി. ജി. രാമയ്യർ.

രവീന്ദ്രകൃത് ]

# സൈന്ധവസംസ്കാരം

സംസ്കാരമെന്നുവച്ചാൽ എന്തു് ? ആരോടെങ്കിലും വാങ്ങി സൂക്ഷിക്കാവുന്ന ദ്രവ്യപ്രായമായ എന്തോ ഒന്നാണിതെന്നു പരക്കെ മനുഷ്യർ ധരിച്ചുപോകാറുണ്ടു്. സ്വല്പം ആലോചിച്ചാൽ ആ ധാരണ ശരിയല്ലെന്നു് അവക്കു് ബോധപ്പെട്ടേക്കാം. പക്ഷെ വേറെ ജോലിത്തിരക്കിനിടയിൽ ആലോചിക്കാനുണ്ടോ സമയം ? മനുഷ്യൻ മൃഗത്വത്തിൽ നിന്നു് പല പടികൾ മുന്നോട്ടു കയറിയതായി നമുക്കു് തോന്നാറുണ്ടു്; നാം അഭിമാനിക്കാറുണ്ടു്. എവിടംകൊണ്ടായിരിക്കാം ആ ഉല്ക്കർഷണം മനുഷ്യൻ സാധിച്ചതു്. മൃഗങ്ങളിൽവച്ചേററവും മികച്ചതിനുപോലും കൈവന്നിട്ടില്ലാത്ത ചില കഴിവുകൾ മനുഷ്യനു ജന്മനാ സംസിദ്ധമായിട്ടുണ്ടു്. വിവേകം തൊട്ടുള്ള മാനസികങ്ങളായ കഴിവുകൾ—അവയെ യഥോചിതം ഉപയോഗപ്പെടുത്തി മനുഷ്യൻ അവൻെറ സഹോദരന്മാരുമായി ഇടപെട്ടു്, ക്രമേണ ഒരു സാമൂഹ്യജീവിയായിത്തീരന്നു് പുതിയ പുതിയ അറിവുകൾ നേടി നേടി, ജീവിതത്തിന്നു് ഒരു പരിപാടിയും അത്ഥവും ഉണ്ടാക്കിവയ്ക്കുന്നു. അത്ഥവത്തായ ജീവിതത്തെ ഉത്തരോത്തരം ഭദ്രമാക്കിച്ചെയ്യുവാൻ മനുഷ്യൻ സ്ഥാപിക്കുന്ന പരിപാടിയുടെ ചുരുക്കമാണു് സംസ്കാരം. അതു് ഓരോ തലമുറയിലും മാറിമാറി വരുന്നു. അഥവാ വളൻ വളൻ വരുന്നു. തലമുറതോറും കൈവന്നുകൊണ്ടിരിക്കുന്ന പുതിയ വിജ്ഞാനമാണു് ആ മാററത്തിൻെറ അല്ലെങ്കിൽ വളച്ച്യുടെ കാരണം. ജീവിതാർത്ഥങ്ങളെ ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രസ്തുതപരിപാടിസംഗ്രഹത്തെ സംസ്കാരമെന്നു വിളിക്കുന്നതു്, മൃഗത്വത്തിൽനിന്നു് വിട്ടുയർന്നു സ്വയം സംസ്കരിച്ചു് സംസ്കരിച്ചു് മുന്നോട്ടു കയറുവാൻ മനുഷ്യനെ സഹായിച്ചതു് എന്ന അത്ഥത്തിലാണു്.

ഇന്നു നമ്മിൽ ഓരോരുത്തനും ജനിച്ചു വളർന്നു തൻേറടംവച്ച് ചുററുപാടും നോക്കുമ്പോൾ ഏറെക്കുറെ സംസ്കാരപ്രൗഢമായൊരു ജനസമുദായത്തിൻെറ മദ്ധ്യത്തിൽ നാം എത്തിനില്ക്കുന്നതായി കാണുന്നു. ആ ജനസമുദായത്തിൽ പൊതുവെ അംഗീകൃതമായിട്ടുള്ള വിശ്വാസങ്ങളും നടപടികളും നമ്മിൽ ഓരോരുത്തൻേറയും സംസ്കാരമായിത്തീരുന്നു. അതിനെ നമ്മുടെ ജന്മസ്വത്തായി കണക്കാക്കാം. അതിനുംമീതേ നമ്മുടെ ജീവിതത്തിനിടയ്ക്കു നാം ആർജ്ജിക്കുന്ന പുതിയ കഴിവുകൾ ആ സംസ്കാരത്തെ പരിപോഷിപ്പിക്കുന്നു. നമ്മുടേയും ശേഷം വരുന്ന തലമുറയ്ക്കു നമ്മാൽ പോഷിപ്പിക്കപ്പെട്ട സംസ്കാരമായിരിക്കും ജന്മസ്വത്ത്. ഈ ക്രമം മനസ്സിൽ വച്ചുകൊണ്ട് നമുക്ക് ഒന്നു പിന്തിരിഞ്ഞു നോക്കാം. നമ്മുടെ പിൻപിൽ എത്രയോ തലമുറകൾ ജനിച്ചുയർന്നു മരിച്ചിരിക്കണമല്ലോ. ഏകദേശം എത്ര തലമുറകൾക്കു മുൻപായിരിക്കണം മനുഷ്യൻ ഒററയ്ക്കൊററയ്ക്കു ഭക്ഷണം തേടി കാടും മേടും താണ്ടിക്കൊണ്ടുള്ള മൃഗീയജീവിതം ഉപേക്ഷിച്ച്, കൂട്ടംകൂട്ടമായി താമസിച്ച് സംസ്കാരവത്തായ ജീവിതസമ്പ്രദായം ഏർപ്പെടുത്തിയത്? ഇക്കാലത്ത് നമുക്ക് അനുഭവപ്പെടുന്നിടത്തോളം സങ്കീർണ്ണമായൊരു സംസ്കാരം ആദ്യത്തെ തലമുറകൾക്കുണ്ടായിരുന്നിരിക്കയില്ല, നിശ്ചയം. എന്നാലും ജീവിതാർത്ഥങ്ങളെക്കുറിച്ചാരായുവാനുള്ള ഉത്സാഹവും, അവയെ അടിക്കടി സാധിക്കുവാൻ സാമൂഹ്യജീവിതത്തിൽ ഏർപ്പെട്ടുംകൊണ്ടുള്ള പരിശ്രമവും സംസ്കാരത്തിൻെറ ആദ്യത്തെ അദ്ധ്യായത്തിൽ കണ്ടേ പററൂ. വെറും കാടത്തത്തിൽനിന്ന്, സംസ്കാരത്തിൻെറ ആ ഇളംപ്രായത്തിലേക്ക് മനുഷ്യരാശി കാലെടുത്തുവച്ചത് ഏകദേശം എത്രായിരം കൊല്ലങ്ങൾക്കു മുമ്പായിരിക്കാം ?

പല തത്വജ്ഞന്മാരും കവികളും രാജ്യമീമാംസകന്മാരും തോളോടുതോള് ഒത്തുനിന്നു കെട്ടിപ്പടുത്ത പണ്ടത്തെ ഗ്രീസ്—അവിടെനിന്നാണു മാനവസംസ്കാരം ആരംഭിച്ചതെന്നു അടുത്തകാലംവരെ പാശ്ചാത്യർ അവകാശപ്പെട്ടിരുന്നു. പക്ഷേ കുറേകാലത്തെ ഗവഷേണത്തിൻെറ ഫലമായി പിന്നീട് അവർതന്നെ അഭിപ്രായപ്പെട്ടു, ആ ഗ്രസിനുംമുമ്പ് സംസ്കാരസമ്പന്നമായി കഴിഞ്ഞിരുന്ന ഇൻഡ്യ എന്നു. ഇന്നാട്ടിലെ പഴമക്കാരായ ബ്രാഹ്മണാദികൾ ഇപ്പോഴും ഈശ്വരപ്രീതിയെ കരുതി പ്രഭാതത്തിലും പ്രദോഷത്തിലും മനസ്സടക്കിപ്പിടിച്ച് ഉച്ചരിച്ചുപോരുന്ന ഋഗ്വേദീയമന്ത്രങ്ങൾക്ക് മൂവ്വായിരത്തിഅഞ്ഞൂറോ അതിലധികമോ കൊല്ലത്തെ പഴക്കമുണ്ട്. അതു് പാശ്ചാത്യപണ്ഡിതന്മാർതന്നെ തലകുലുക്കി സമ്മതിച്ചിട്ടുള്ളതാണു്. അത്രയും പഴക്കം ഗ്രീസിൽനിന്നു കിട്ടിയിട്ടുള്ള സംസ്കാരപ്രമാണങ്ങൾക്ക കല്പിക്കപ്പെടുന്നില്ല. ചരിത്രാന്വേഷകന്മാരിൽ ഭൂരിപക്ഷംപേരും ഒരേ സ്വരത്തിൽ ഏററുപറഞ്ഞു, ലോകത്തിലെ സംസ്കാരങ്ങളിൽവച്ചു ഏററവും പ്രാചീനം ഋഗ്വേദീയസംസ്കാരമാണെന്നു. മാക്സ്മുള്ളർ തൊട്ടുള്ള ചുരുക്കം ചില പാശ്ചാത്യന്മാരാണു് പ്രസ്തുത അഭിപ്രായം ഉൽഘോഷിച്ച് പണ്ഡിതസമ്മതമാക്കിത്തീർത്തതു്. ഇൻഡ്യയിലെ സംസ്കൃതാഭിജ്ഞന്മാർ മിക്കവരും ചരിത്രകാരന്മാരുടെ ആ പ്രഖ്യാപനത്തിൽ അഭിമാനഭരിതരായി. പക്ഷേ ഗവേഷകന്മാരുടെ പിന്നോക്കംപിന്നോക്കം പോയുള്ള ചികഞ്ഞുനോട്ടം കൊണ്ടും അവിടം അവസാനിച്ചില്ല. ഋഗ്വേദീയസംസ്കാരത്തിൻെറയും അപ്പുറത്തെ കഥ എന്തായിരുന്നു എന്നു അറിയുവാൻ ഗവേഷകന്മാർ പിന്നെയും വളരെക്കാലം ശ്രമപ്പെട്ടതിൻെറ ഫലമായി വേറേയും ചില വസ്തുതകൾ വെളിപ്പെട്ടിട്ടുണ്ട്. അവയിൽനിന്നു ഊഹിക്കേണ്ടിവരുന്നതു് ഋഗ്വേദീയസംസ്കാരം രൂപപ്പെട്ടതിനും എത്രയോ

മുൻപ് മനുഷ്യരാശിക്ക് പറയത്തക്ക ഒരു സംസ്കാരം ഉണ്ടായിരുന്നു എന്നാണ്.

പരിഷ്കൃതങ്ങളായ സാമഗ്രികളൊന്നും കണ്ടുപിടിച്ചിട്ടില്ലാതിരുന്ന മാനവസംസ്കാരപ്രഭാതത്തിൽ മനുഷ്യരക്കൂട്ടമായി താമസിച്ചിരിക്കാവുന്നതു്, അവക്കാവശ്യമായ ഭക്ഷ്യപദാൎത്ഥങ്ങൾ എളുപ്പത്തിൽ പിടിച്ചെടുക്കുവാനോ ഉല്പാദിപ്പിക്കുവാനോ സൗകൎയ്യമേറിയ ഭൂഭാഗങ്ങളിലായിരിക്കണം. നമ്മുടെ നാട്ടിൽ തന്നെ നോക്കു, ഭക്ഷ്യപദാൎത്ഥങ്ങൾ തൊട്ടടുത്തു വിളയിച്ചെടുക്കുവാനോ അല്ലെങ്കിൽ ആവശ്യംപോലെ മറുനാടുകളിൽ നിന്നു് ഇറക്കുമതി ചെയ്യുവാനോ എളുപ്പമുള്ള പ്രദേശങ്ങളിലാണ് ജനങ്ങൾ തിങ്ങിത്താമസിക്കുന്നതു്. ആദ്യകാലങ്ങളിൽ ഏതുതരം ഭൂഭാഗങ്ങളിലായിരിക്കും ഇപ്പറഞ്ഞ സൗകൎയ്യങ്ങൾ ഒത്തു കിട്ടിയിരിക്കുക? മിക്കവാറും ജലമാൎഗ്ഗങ്ങളോടടുത്തു് പശിമയേറിയ മണ്ണുള്ള ദിക്കുകളിലായിരുന്നിരിക്കണം. പശിമയുള്ള മണ്ണിലേ, നിഷ്പ്രയാസം കുത്തിയിളക്കി വല്ലതും നട്ടുണ്ടാക്കുവാനോ വിതച്ചു വിളയിക്കുവാനോ കഴിയൂ. ജലമാൎഗ്ഗത്തോടടുത്താണെങ്കിൽ മീൻ പിടിക്കുവാൻ എളുപ്പമാകും; പോരെങ്കിൽ യാത്രാസൗകൎയ്യം കിട്ടുകയും ചെയ്യും. കാട്ടിലും മേട്ടിലും കിടന്നു കറങ്ങി വേട്ടയാടി കിട്ടുന്ന മാംസവും യാദൃച്ഛികമായി കൈവരുന്ന ഫലമൂലാദികളും തിന്നങ്ങിനെ ജീവിക്കുന്നവരെക്കാൾ പ്രകൃതിദത്തങ്ങളായ ഇമ്മാതിരി ആനുകൂല്യങ്ങൾ കിട്ടുന്നവൎക്കു് സ്ഥിരമായൊരിടത്തു് കുടിയിടങ്ങൾ കെട്ടി താമസിക്കുവാൻ തരമാകുമെന്നു പറയേണ്ടതില്ലല്ലോ. ഋഗ്വേദത്തിനും മുമ്പായി മനുഷ്യർ മേൽപ്പറഞ്ഞ സൗകൎയ്യങ്ങളോടുകൂടിയ ഭൂഭാഗങ്ങൾ തേടിപ്പിടിക്കുകയുണ്ടായി. എവിടെയാണെന്നോ? ഈജിപ്തിൽ നീലനദിയുടേയും പേൎഷ്യൻ ഉൾക്കടലിൽ വീഴുന്ന യൂഫ്റട്ടീസ്, ടൈഗ്രീസ് നദി

കളുടേയും, സിൻഡിലൂടെ ഒഴുകുന്ന ഇൻഡസ് നദിയുടേയും, പള്ളങ്ങളിൽ തന്നെ. ഈ മൂന്നു നദികളുടെയും തീരങ്ങളിൽ ഗോതമ്പും ബാർലിയും മററും വിളയിച്ചും പല മാതിരി കൈത്തൊഴിലുകളിലേർപ്പെട്ടും കൂട്ടമായി താമസിച്ചു, നഗരങ്ങൾ കെട്ടിപ്പടുത്ത ആര്യപൂർവന്മാരാണ് ആദിമസംസ്കാരത്തിൻെറ പ്രണേതാക്കളെന്ന് ചരിത്രാന്വേഷകന്മാർ ഇപ്പോൾ അസന്ദിഗ്ദ്ധമായഭിപ്രായപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ആ കൂട്ടത്തിൽ ഇൻഡസ് നദീതീരങ്ങളിൽ ഏകദേശം അയ്യായിരം കൊല്ലംമുമ്പ് സുസംഘടിതമായ നാഗരികജീവിതം ഏർപ്പെടുത്തി, ലോകസംസ്കാരത്തിന്നടിത്തറ കെട്ടിയവരുടെ കഥ ഈയ്യിടെ മാത്രമേ ആകൂ ആലോചനാർഹമാംവണ്ണം വെളിപ്പെട്ടുള്ളു. സൈന്ധവസംസ്കാരം എന്നു പറയുമ്പോൾ വിവക്ഷിക്കുന്നതു് ആ നദീതീരവാസികളുടെ വിലയേറിയ നേട്ടങ്ങളെയാണ്.

ഇൻഡസ് അഥവാ സിന്ധു എന്നു വിളിച്ചുവരുന്ന വിശാലസ്രോതസ്സായ നദിയുടെ തീരങ്ങളിൽ അനേകലക്ഷം ഉറുപ്പിക ചെലവാക്കി സർ ജോൺ മാർഷൽ എന്ന ഗവേഷണവിദഗ്ദ്ധൻെറ മേൽനോട്ടത്തിൽ ഇൻഡ്യയിലെ വൈസ്രായിഗവണ്മെൻറു വളരെക്കാലത്തേക്ക് നീണ്ടുനിന്ന ഒരുൽഖനനപരിപാടി നടത്തുകയുണ്ടായി. നദീപാർശ്വങ്ങളിൽ കുന്നുകൂടി കിടന്ന മണ്ണട്ടികൾ കിളച്ചുമറിച്ച്, വളരെ ആഴത്തോളം എത്തി പ്രാചീന ജനവാസത്തിൻെറ അവശിഷ്ടങ്ങൾ പരിശോധിക്കുവാൻ മാർഷലിൻെറ ഗവേഷകസംഘം രണ്ടും കല്പിച്ചൊരുങ്ങി. അന്വേഷണത്തിനിടയ്ക്കു വെളിപ്പെട്ടതു ചില്ലറ പൗരാണികജീവിതാവശിഷ്ടങ്ങൾ അല്ല, നേരേമറിച്ച് ഒന്നിനുചുവടേ മറെറാന്നായി ആറേഴ വൻനഗരങ്ങളാണ്— കൃഷിയും കൈത്തൊഴിലും കച്ചവടവുമായി ആയിരമായിരം

ജനങ്ങൾ, സാമൂഹ്യജീവിതത്തിന്ന വേണ്ട ചട്ടംകെട്ടുക ളോടുകൂടി ഇടതിങ്ങി താമസിച്ചിരുന്ന ഒന്നാംതരം നഗ രങ്ങൾ. ഗവേഷകന്മാരെന്നല്ല, അതിനെക്കുറിച്ച് കേട്ട വർ കേട്ടവർ എല്ലാവരും അത്ഭുതപ്പെട്ടുപോയി. ഏററവും അടിയിൽനിന്ന് മേലോട്ടു മേലോട്ടു വരുന്തോറും നാഗരി കജീവിതത്തിനുവേണ്ടി ചെയ്തിട്ടുള്ള സജ്ജീകരണങ്ങൾ കൂടുതൽ കൂടുതൽ പരിഷ്കൃതങ്ങളായി കാണപ്പെട്ടു. ആദ്യമാദ്യം കെട്ടിപ്പൊക്കിയ നഗരങ്ങൾ നദിയിലെ വെ ള്ളപ്പൊക്കംകൊണ്ടോ മറേറാ അപകടപ്പെട്ടുകണ്ടപ്പോൾ പിന്നത്തെ തലമുറകൾ അല്പാല്പം അങ്ങോട്ടും ഇങ്ങോട്ടും നീങ്ങി നഗരോദ്ധാരണം നടത്തിപ്പോന്നതിൻെറ ഫലമാ യിട്ടാവും ഒന്നിനുമേൽ മറെറാന്നായി പല നഗരങ്ങൾ ഉണ്ടായതു്. ഏററവും ചുവട്ടിലായി കണ്ടുപിടിച്ച ജന പദത്തിന്ന ക്രിസ്തുവിനുമുമ്പു മൂവായിരത്തിൽ പരം കൊല്ലം പഴക്കം ഉണ്ടാകാമെന്ന് സംസ്കാരവിവേചനവിദഗ്ദ്ധ ന്മാർ അവകാശപ്പെട്ടിരിക്കുന്നു.

മോഹൻജോദാരോ എന്ന് ഇതിനകം പ്രസിദ്ധമാ യിട്ടുള്ള ആ പ്രാചീനനഗരത്തിന് ഇരുന്തൂററിനാല്പതു് ഏക്കറിൽപരം വിസ്താരമുണ്ടു്—ഇപ്പോൾ കണ്ടെത്തിയ പടിക്കുള്ള വിസ്താരം. ഇതിലുമധികം പരന്നതായിരുന്നി രിക്കാം, യഥാർത്ഥത്തിൽ ജനവാസമായിരുന്നപ്പോഴത്തെ പട്ടണം. നദിയുടെ ഒഴുക്കത്തിൽ പല ഭാഗങ്ങളും തകർന്നൊലിച്ചുപോയിട്ടുണ്ടാകാം. ഏതായാലും ഇപ്പോൾ കാണുന്ന ജനപദത്തിനുള്ളിൽ തന്നെ അടുക്കടുക്കായി കെട്ടിടങ്ങളും അവയ്ക്കിടയിലൂടെ നല്ല വീതിയുള്ള നടപ്പാ തകളും കാണുന്നുണ്ടു്. കിഴക്കുപടിഞ്ഞാറു ഒന്നും തെക്കുവ ടക്കു മറെറാന്നും ഇങ്ങനെ രണ്ടാണ് പ്രധാനവീഥികൾ. അവയിൽനിന്നും തിരിഞ്ഞുപോകുന്ന തെരുവുകൾ പല താണ്. പുരയിടങ്ങളിൽ നിന്നൊലിച്ചിറങ്ങി നടപ്പാത

കളിൽ വീഴുന്ന അഴുക്കുവെള്ളം അപ്പപ്പോൾ ഒഴിച്ചുവിടു വാൻ വീഥികൾതോറും ഓവുകൾതീൎത്തു മേൽബ്ഭാഗം ഭദ്രമായടച്ചുകെട്ടിയിട്ടുണ്ടു്. ഈ സൗകൎയ്യം, ഏററവും പരിഷ്കരിച്ച ഇന്നത്തെ നഗരങ്ങളിൽ തന്നെയും, ഉണ്ടാ യിവരുന്നതേയുള്ളൂ എന്നറിയാമല്ലോ. മോഹൻജോദാ രോവിലെ നാഗരികതയുടെ നിലവാരം എത്ര ഉയൎന്നതാ യിരുന്നു എന്നു് ഈ ഒരൊററക്കാൎയ്യത്തിൽനിന്നു് ഊഹി ക്കാം. നഗരനടപടികൾ ജനക്ഷേമകരമാംവണ്ണം നിയ ന്ത്രിച്ചുകൊണ്ടിരിക്കുവാൻ ഉത്തരവാദപ്പെട്ട പൗരസഭ പോലും അവിടെ പ്രവൎത്തിച്ചിരുന്നില്ലേ എന്നു ഗവേഷക ന്മാർ സംശയിക്കുന്നുണ്ടു്. പൗരന്മാരെ വിളിച്ചുകൂട്ടി കാൎയ്യ വിചാരം ചെയ്യുവാൻ ഉപകരിക്കുന്ന തരത്തിൽ നെടും തൂണുകളിന്മേൽ കെട്ടിപ്പൊക്കിയ ഒരു വലിയ എടുപ്പു് നഗരത്തിൽ ഒരു പ്രധാനസ്ഥലത്തായി കണ്ടിട്ടു ള്ളതു് അവരെ അപ്രകാരം ഒരു അനുമാനത്തിനു പ്രേരി പ്പിച്ചിരിക്കുന്നു. നമ്മെ ആശ്ചൎയ്യപ്പെടുത്തുന്ന മറെറാരു സംഗതി നഗരത്തിൻെറ തൊട്ടടുത്തു് വിശേഷപ്പെട്ടൊരു സ്നാനഘട്ടം ഏൎപ്പെടുത്തിയിട്ടുണ്ടെന്നുള്ളതാണു്. അതിൽ എട്ടടിയോളം വെള്ളം നിൽക്കും. നീന്തിക്കളിക്കുവാൻ നല്ല പാകം. കുളത്തിലേക്കു് എല്ലാവശത്തും പടവു കെട്ടിയിറക്കിയിട്ടുണ്ടു്. മേലോട്ടു കയറിയാൽ വെവ്വേറെ മുറികളുള്ള കുളപ്പുരകളായി. ഇടയ്ക്കിടയ്ക്കു് സ്നാനഘട്ട ത്തിൽനിന്നു അഴുക്കുവെള്ളം അടിച്ചുകററുവാൻ ഓവുകൾ പ്രത്യേകിച്ചു് പണിതിണക്കിയിട്ടുണ്ടു്. പ്രധാനഭവന ങ്ങൾക്കാണെങ്കിൽ വെവ്വേറെയുണ്ടു് കുളിപ്പുരകൾ. അതും വെവ്വേറെ കിണറുകളോടുകൂടി. നാലയ്യായിരം കൊല്ലങ്ങ ൾക്കുമുൻപു് ജീവിച്ച മനുഷ്യർ ഇത്രയൊക്കെ ചെയ്തുഎന്നു കേട്ടാൽ ഇന്നു പെട്ടെന്നാക്കും വിശ്വാസം തോന്നുകയില്ല. പക്ഷേ വാസ്തവം അതായിരുന്നു എന്നു് ഭൂഗൎഭത്തിൽ കാണുന്ന അവശിഷ്ടങ്ങൾ വിളിച്ചുപറയുന്നു.

ചൂളയിൽ വച്ചു ചുട്ടെടുത്ത ഇഷ്ടികകകൾകൊണ്ടാണ് എടുപ്പുകൾ കെട്ടിയിട്ടുള്ളതു്. നാലുകെട്ടും നടുമുററവും; ഇതാണ് മിയ്ക്ക വീടുകളുടേയും പ്ലാൻ. തെരുവിൽനിന്നു കയറുന്നതു തായ്പ്പുരയിലേയ്ക്കു്; അങ്ങോട്ടു കടന്നാൽ നാലുകെട്ടായി. കാററും വെളിച്ചവും കയറുവാൻ വേണ്ട സൗകര്യത്തോടുകൂടിയവയാണ് മുറികൾ. അങ്ങുമിങ്ങും ഇരുനിലകെട്ടിടങ്ങളും ഉണ്ട്. കോണി മിക്കതിനും നടു മുററത്തുനിന്നാണ്. മേൽത്തട്ടിൽപ്പോലും നീഹാരസ്നാനാദികൾക്ക് സൗകര്യം ചെയ്തുകാണുന്നുണ്ട്. മാത്രമല്ല അഴുക്കുവെള്ളം കീഴ്പോട്ടിറക്കി ഒഴിച്ചുകളയുവാൻ ചുവട്ടിൽ മൂടിക്കെട്ടിയുള്ള കാനയിൽ ചെന്നുമുട്ടുന്ന കുത്തനെ ഉള്ള ചെമ്മണ്ണോവുകൾ മുകളിൽനിന്ന് പിടിപ്പിക്കുകയും ചെയ്തിരിക്കുന്നു. വൻകിടയിലുള്ള ഭവനങ്ങൾക്കു് ബാൽക്കണികൾപോലുമുണ്ട്.

മോഹൻജോദാരോവിലെ ജനങ്ങൾ ഭക്ഷിച്ചിരുന്നതു് എന്തെല്ലാമായിരുന്നിരിക്കണം? ഗോതമ്പിൻേറയും ബാർളിയുടേയും അവശിഷ്ടങ്ങൾ കിട്ടിയിട്ടുണ്ട്. നദീതീരത്തു നല്ല വളക്കൂറുള്ള മണ്ണിൽ മഴയുടെ തക്കംനോക്കി ഗോതമ്പും ബാർളിയും വിതച്ചു വിളയിച്ചുപയോഗിക്കുവാൻ അന്നാട്ടുകാർ പഠിച്ചിരുന്നിരിക്കണം. തിരികല്ലും അരകല്ലും കണ്ടെത്തിയിരിക്കെ ആ ധാന്യങ്ങൾ അവർ വേണ്ടതുപോലെ പൊടിച്ചുപയോഗിച്ചിരിക്കും എന്നൂഹിക്കുവാൻ ന്യായമുണ്ട്. പലതരം മീനും മാംസവും കൂടി അവക്ക് ആഹാരമായിരുന്നു. പാലും ഉപയോഗിച്ചിരുന്നിരിക്കണം. കോഴി, ആട്, കാള, പോത്ത്, പന്നി എന്നിങ്ങനെയുള്ള ജീവികൾ അവക്ക് വശീഭവിച്ചിരുന്നതായ് കരുതുവാൻ തെളിവുണ്ട്.

വീട്ടുകളിൽ പലതരം മൺപാത്രങ്ങൾ ഉപയോഗിച്ചിരുന്നതായി കാണുന്നുണ്ട്. മേലോട്ടുമേലോട്ടു കയറും തോറും അവയുടെ ആകൃതിയും അവയിന്മേലുള്ള ചിത്രവേലകളും പരിഷ്കരിച്ചുവന്നതായി പോയിട്ടുണ്ട്. ഉടഞ്ഞും ഉടയാതെയും കിട്ടുന്ന മൺപാത്രങ്ങൾ ഓരോ തലമുറയുടേയും ഏററവും വിശ്വസനീയങ്ങളായ സാക്ഷ്യങ്ങളാണെന്നാണ് വിദഗ്ദ്ധാഭിപ്രായം. ഏററവും അടിയിൽ ചെല്ലുമ്പോൾ കാണുന്ന മൺപാത്രങ്ങൾ അത്രയേറെ വിശേഷപ്പെട്ടവയല്ല. എന്നാലും കുശവൻെറ ചക്രത്തിൽ മിനഞ്ഞു ആകൃതിപ്പെടുത്തി കാതിലും കഴുത്തിലുമൊക്കെ കറുത്ത രേഖകളിട്ടു നല്ലപോലെ ചുട്ടെടുത്തിട്ടുള്ളവയാണെല്ലാം. ചുരുക്കം ചില പാത്രങ്ങൾ ചെമ്പും പിച്ചളയുമായിട്ടുണ്ട്. കൽച്ചട്ടികളും ഇല്ലാതില്ല. മോഹൻജോദാരോവിനെ ശിലായുഗത്തിൽനിന്നും താ മ്ര ശി ലാ യു ഗ ത്തോളം വളന്നൊരു ജനപദമായിവേണം കണക്കാക്കുവാൻ. വെള്ളിയും സ്വർണ്ണവും ആ നഗരത്തിലെ ജനങ്ങൾക്കു തീരെ അജ്ഞാതമായിരുന്നില്ല. അവിടവിടെ കണ്ടെത്തിയിട്ടുള്ള ചുരുക്കം ചില ആഭരണങ്ങളിൽനിന്ന് അത്രയും അനുമാനിക്കാം. സാധാരണക്കാർ ചെമ്പോ, പിച്ചളയോ, പശയോ, എല്ലോ, ചിപ്പിയോ, കുശമണ്ണോ കൊണ്ടുണ്ടാക്കപ്പെട്ട മോതിരവും വളയും മററുമാണു അണിഞ്ഞിരുന്നതു. എല്ലാററിന്മേലും ഏറെക്കുറെ ചിത്രപ്പണികൾ ഉണ്ടു്.

സൈന്ധവനാഗരികന്മാരുടെ ആരാധ്യമൂർത്തികളെപ്പററിയും ചില വിവരങ്ങൾ കിട്ടിയിട്ടുണ്ട്. എല്ലാത്തരത്തിലുമുള്ള സമൃദ്ധിയുടെ പ്രതിരൂപമായ അവർ കൈക്കൊണ്ടതു മാതൃത്വത്തെയാണ്. മാതൃരൂപത്തിലുള്ള പ്രതിമകൾ പൂജ്യപൂജ്യങ്ങളാ യി ക്കാ ണു ന്നു ണ്ടു്, മോ ഹ ൻ ജോ

ദാരോവിൽ. അനന്തരകാലങ്ങളിൽ പ്രബലപ്പെട്ട ശിവലിംഗപൂജയുടെ തുടക്കത്തിന്നും ലക്ഷ്യങ്ങൾ അവിടെ ഇല്ലാതില്ല. നമ്മുടെ നാട്ടിൽ ഇപ്പോഴും നിലനില്ക്കുന്ന ഭഗവതിയുടേയും ശിവൻേറയുമൊക്കെ ജന്മഭൂമി മോഹൻ ജോദാരോ ആയിരുന്നില്ലേ എന്ന് സംശയിക്കണം. അല്ലെങ്കിൽ മോഹൻജോദാരോവിൽ ഉദിച്ചസ്തമിച്ച സംസ്കാരത്തിൻെറ അന്തിക്കതിരുകൾ കേരളക്കരയിൽ ഇന്നും തങ്ങിനില്ക്കുന്നുണ്ടെന്ന കരുതിയാലും മതി. വൃക്ഷങ്ങളേയും മൃഗങ്ങളേയും നാഗങ്ങളേയും പൂജിക്കുന്ന പ്രാകൃത സമ്പ്രദായവും മോഹൻജോദാരോവിൽ ഉണ്ടായിരുന്നു. പൊതുവെ അവിടത്തുകാർ ദ്രാവിഡവിശ്വാസത്തിൻെറ കൈയ്യാളന്മാരായിരുന്ന എന്ന പറഞ്ഞാൽ മിക്കവാറും ശരിയായിരിക്കും.

ഇതരനദീതീരങ്ങളിലെ സമകാലികങ്ങളായ നഗരങ്ങളുമായി മോഹൻജോദാരോവിന് കൊള്ളക്കൊടുക്കകൾ ഉണ്ടായിരുന്നു. അവിടത്തുകാർ നിർമ്മിച്ചിരുന്ന നിത്യജീവിതോപകരണങ്ങളും കളിപ്പാട്ടങ്ങളും കലാശില്പങ്ങളും മററും മെസൊപ്പൊട്ടോമിയായിലും ഈജിപ്തിലും എത്തിയിരുന്നതായി ആ പ്രദേശങ്ങളിൽനിന്ന കണ്ടുകിട്ടിയിട്ടുള്ള ജീവിതാവശിഷ്ടങ്ങളിൽനിന്ന വ്യക്തമാകുന്നുണ്ട്. കാലംനോക്കിക്കച്ചവടം ചെയ്ത വിജയിക്കുവാൻ മതിയായവരായിരുന്ന സൈന്ധവദേശക്കാർ എന്നൂഹിക്കുന്നതിൽ പിശകില്ല. നെയ്ത്തും അതുപോലെയുള്ള കൈത്തൊഴിലുകളും സമർത്ഥമായി പരിശീലിച്ചിരുന്നവർ വ്യാപാരികളായിത്തീൎന്നിരുന്നില്ലെന്ന വിധിച്ചാൽ അതിൽപ്പരം ഒരബദ്ധമില്ല.

കലാരസികതയും മോഹൻജോദാരോവിൽ ഒട്ടൊക്കെ വികസിച്ചിരുന്നു എന്നുവേണം പറയുവാൻ. ജീവിതത്തിലെ അത്യാവശ്യങ്ങൾക്കുവേണ്ടി ചെലവാക്കേണ്ടതു കഴിച്ച് കലയെപ്പോലുള്ള മനോവികസനവ്യാപാരങ്ങളിൽ ഏർപ്പെടുവാൻ വേണ്ട സമയം കിട്ടിയിരുന്നവരായിരിക്കണം ആ നഗരക്കാർ. തങ്ങൾക്ക് ജീവിതത്തിൽ പ്രയോജനകരങ്ങളായി തോന്നിയ ജീവികളെയും ശക്തികളെയും ആശയങ്ങളെയും മണ്ണിലോ, കല്ലിലോ, മരത്തിലോ ഹൃദയാവരജ്ജകമാംവണ്ണം അടയാളപ്പെടുത്തിവയ്ക്കുവാൻ അവർ ശ്രമിച്ചിട്ടുണ്ട്; ആ ശ്രമങ്ങൾ വിജയിച്ചിട്ടുമുണ്ട്. മൺപാത്രങ്ങളിലെ ചിത്രവേലകൾ, മണ്ണച്ചുകളിലേയും മററും കൊത്തുപണികൾ, ആഭരണനിർമ്മാണത്തിലെ വൈചിത്ര്യങ്ങൾ, പണിക്കുറതീർന്നിട്ടുള്ള പ്രതിമാശില്പങ്ങൾ ഇങ്ങനെ പലതും മോഹൻജോദാരോവിലെ വളച്ച്യെത്തിയ കലാകൗതുകത്തെ വിളംബരപ്പെടുത്തുന്നുണ്ട്. യവനന്മാർക്കോ, ബൗദ്ധന്മാർക്കോ ഉള്ളിടത്തോളം കലാനിർമ്മാണവൈഭവം ഈ പുരാതനജനങ്ങളിൽ കാണുന്നില്ലെന്നിരുന്നാലും അവരുടെ കലാസൃഷ്ടികൾ പരിഗണനീയങ്ങളാകുംവണ്ണം ചതുരശ്രശോഭികളാണെന്നു സമ്മതിച്ചേതീരൂ. അവരുടെ ചിത്രീകരണസാമർത്ഥ്യം ഏററവും പ്രയോജനപ്പെട്ടിട്ടുള്ളതു് മണ്ണച്ചുകളിൽ അവശേഷിച്ചുകാണുന്ന ചിത്രഭാഷയിലാണ്. ആശയങ്ങൾ പരസ്പരം കൈകാര്യം ചെയ്യുവാൻ സ്വതന്ത്രമായൊരു ഭാഷ ഉണ്ടാക്കുകയെന്നതു് ഒരു ജനതയുടെ സംസ്കാരത്തിൽ വിലയേറിയൊരു നേട്ടമാണ്. മോഹൻജോദാരോവിലെ ചിത്രഭാഷ ഇന്നഭാഷയുടെ പ്രാഗ്രൂപമാണെന്നു് ഇതേവരെ ആരും ഖണ്ഡിതമായി പ്രസ്താവിച്ചിട്ടില്ല. എന്നാൽ പൊതുവെയുള്ള അഭിപ്രായം അതു് ദ്രാവിഡഭാഷയുടെ മാതൃരൂപമാണെന്നാണ്.

അവിടത്തെ ജനങ്ങൾ ഏതു വർഗ്ഗക്കാരായിരുന്നിരിക്കാം ? ശ്മശാനങ്ങൾ പരിശോധിച്ചെടുത്തിട്ടുള്ള കങ്കാളങ്ങളെ അടിസ്ഥാനപ്പെടുത്തി നരവംശശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതു് ഒരു മിശ്രവർഗ്ഗമാണു് മോഹൻജോദാരോവിൽ വാണിരുന്നതു് എന്നാണു്. സിലോണിലെ വെദ്ദജാതിക്കാരുടെയും ഇൻഡ്യയിൽ അവിടവിടെ കാണുന്ന ദ്രാവിഡരുടെയും കൽക്കത്തയ്ക്കപ്പുറമുള്ള മംഗോളിയൻവർഗ്ഗക്കാരുടെയും ഏറെക്കുറെ ആൽപ്പൈൻവർഗ്ഗക്കാരുടെയും സങ്കലനത്തിന്റെ ഫലമായിട്ടുള്ള ഒരു മിശ്രവർഗ്ഗമാണു് അവിടെ കൂടികഴിഞ്ഞിരുന്നതു് എന്നു വിശ്വസിക്കുവാനാണു് അധികം ന്യായമുള്ളതു്. ഈജിപ്റ്റിലെയും മെസൊപ്പൊട്ടോമിയായിലെയും സമകാലികങ്ങളായ സംസ്കാരക്ഷേത്രങ്ങളുമായി കൊള്ളക്കൊടുക്കകൾ ഉണ്ടായിരുന്ന സ്ഥിതിക്കു് മോഹൻജോദാരോവിലെ ജനതയ്ക്കു വളരെ സങ്കീർണ്ണത കൈവന്നിരിക്കാം. പരമാർത്ഥം ഇതാണെന്നിരുന്നാലും അവിടത്തെ ജനങ്ങളിൽ ഭൂരിപക്ഷം ദ്രാവിഡരായിരുന്നു എന്നും അനേകം നൂററാണ്ടുകൾക്കുശേഷം കുടിയേറിപ്പാർത്ത ആര്യന്മാർക്കു് ആ നഗരത്തിലെ സംസ്കാരത്തിൽ ഭാഗഭാക്കുകളാകുവാൻ ഒത്തിട്ടില്ലെന്നും ഊഹിക്കുന്നതു് യുക്തിയുക്തമായിരിക്കും.

ഈജിപ്ററു്, മെസൊപ്പൊട്ടോമിയാ, സിൻഡ്ധു് എന്നീ ഭൂഭാഗങ്ങളിൽ ആദ്യം ഉണ്ടായിരുന്ന ജനതകൾക്കും സംസ്കാരങ്ങൾക്കും ഏതാണ്ടൊരു ഐകരൂപ്യം കാണാം. ആ ജനതകളെ പൊതുവേ ദ്രാവിഡർ എന്നോ മെഡിററേനിയൻ വർഗ്ഗക്കാർ എന്നോ വിളിക്കുന്നതാണു് ഉത്തമം. ലോകത്തിൽ ആദ്യം വെളിച്ചം വീശിയതു് അവരുടെ സാമൂഹ്യജീവിതത്തിലേക്കുള്ള കുതിച്ചുകയററമാണു്; സൈന്ധവസംസ്കാരം ആ കുതിച്ചുകയററത്തിന്റെ ഒരു

തെളിവാണു്. സിൻഡിലേയും, മെസൊപ്പൊട്ടോമിയായിലേയും, ഈജിപ്തിലെയും സംസ്കാരങ്ങൾ നദീസംസ്കാരങ്ങളെന്നാണു് ചരിത്രകാരന്മാർ ഘോഷിച്ചിട്ടുള്ളതു്.

---

൨൦

## ഭാരതസംസ്കാരം

പാരിനെച്ചുംബിച്ചുണർത്തീ—പുണ്യ-
ഭാരതസംസ്കാരദീപ്തി.
ആത്മീയസൂര്യനുദിച്ചു—വ്യാസ-
വാല്മീകിമാരുത്ഭവിച്ചു.
സാഹിതീസാരമിരമ്പി—കാവ്യ-
മോഹിനി തുള്ളിത്തുളുമ്പി.
വാനോളമന്നാളിൽപ്പൊന്തി—കലാ-
വാസനതൻ വൈജയന്തി.
ഭാസുരഭൂഷണം ചാർത്തി—കാളി-
ദാസനെപ്പെററ ധരിത്രീ.
ചാരിത്രനക്ഷത്രഭംഗി—സീതാ-
സാവിത്രിമാരിൽത്തിളങ്ങി.
പാരത്രികോദയം കണ്ടു—ബുദ്ധ-
ഭാരതം കോൾമയിർക്കൊണ്ടു.
മാധവകാലം തഴച്ചു—ഗീതാ-
മാധുരി പൂന്തേൻ തളിച്ചു.
വേണുനിനാദത്തിൽ മുങ്ങി—പര-
മാണുവും പാരം മയങ്ങി.

വാന്മൂലകം തിരിക്കാൻ—ചക്ര-
വാളമങ്ങില്ലാതിരിക്കെ,
സംക്രമിച്ചെങ്ങുമഭംഗം—നവ്യ-
സായൂജ്യഗംഗാതരംഗം.

കാലം കടന്നു മറഞ്ഞു—ലോക-
കാര്യങ്ങളിന്നു മറിഞ്ഞു:
കോളും കൊടുംകാററുമായീ—യുദ്ധ-
കോലാഹലങ്ങളുമായി.
നീതിയെത്തട്ടിത്തകർത്തു—ഹിംസാ-
രീതി ഭരണമെടുത്തു.
രക്തവും ചിന്തിക്കുടിച്ചു—സ്വേച്ഛാ-
രക്ഷസ്സലറിനടച്ചു.
സത്യം പരുക്കേററുവീണു—പാരിൽ
സ്വസ്തികച്ചെപ്പാടെ താണു.
മരത്യനെ മർത്ത്യൻ വെറുത്തു—സാധു-
മർദ്ദനമെങ്ങും മുഴുത്തു.
സ്നേഹപ്രരോഹം കരിച്ചു—ധന-
ദാഹം പടർന്നു പിടിച്ചു.
പോഷണം പൊങ്ങാതെയായി—സമ്പൽ-
ചൂഷണത്തിൻെറ നടുവിൽ.
പട്ടിണിതട്ടിയെറിഞ്ഞു—മർത്ത്യൻ
പട്ടടയ്ക്കുള്ളിൽക്കിടപ്പൂ.
സംഭ്രമിച്ചോടിക്കിതച്ചു—ധർമ്മ-
സങ്കലം തീയിൽ പതിച്ചു.
ഭൗതികശക്തി വളർന്നു—ചുററും
ഭൈരവതാണ്ഡവം ചെയ്വൂ.
നിർദ്ദയമീനില മാററാൻ—നമ്മ-
ളെത്ര തപംചെയ്തിടേണം.

അല്ലല്ല! കേരംപ്പീലിലെ ദൂരെ—പര-
മുല്ലസൽകാഹളമേളം.
അല്ലിലടിഞ്ഞുള്ള ലോകം—നാളെ-
ത്തുള്ളിത്തുളുമ്പിയുണരാൻ.

[പാലാ നാരായണൻനായർ

---

## ജനസമുദായാരോഗ്യം

ആയുസ്സിന്റെ സംരക്ഷണത്തിന് ആരോഗ്യം അവശ്യം ഉണ്ടായിരിക്കേണ്ടതാകുന്നു. ആരോഗ്യവും അതനുഭവിപ്പാൻ ഒരു ദിവസവും ലഭിക്കുന്ന പക്ഷം ചക്രവർത്തിമാരുടെ ആഡംബരങ്ങളെപ്പോലും പരിഹാസ്യമാക്കാമെന്നു പ്രസിദ്ധനായ ഒരു ഗ്രന്ഥകാരൻ പറയുന്നു. ഇത്രമാത്രം മഹനീയമായ ആ അനുഗ്രഹം സമ്പാദിക്കുന്നതെങ്ങനെയാണെന്നു നോക്കാം. സാധാരണമായി നാം ആരോഗ്യഹാനി അറിയുന്നതു് രോഗംകൊണ്ടോ മറ്റോ അവശത നേരിടുമ്പോഴാകുന്നു. കണ്ണുള്ളപ്പോൾ കാഴ്ചയുടെ ഗുണമറിയുന്നില്ലെന്നു പറയുന്നതുപോലെ ആരോഗ്യമുണ്ടായിരിക്കുമ്പോൾ അതിന്റെ മഹിമ മനുഷ്യർ ഗ്രഹിക്കുന്നില്ല.

ആരോഗ്യരക്ഷയ്ക്കു ജനങ്ങൾ ആശ്രയിക്കുന്ന മാർഗ്ഗങ്ങൾ പ്രധാനമായി രണ്ടുതരമാകുന്നു. അതിൽ ഒന്നാമത്തേതു് ശമനമാർഗ്ഗവും മറ്റേതു നിവാരണമാർഗ്ഗവും ആകുന്നു. രോഗബാധയുണ്ടാകുമ്പോൾ ചികിത്സ ചെയ്തു് ആരോഗ്യം വീണ്ടെടുക്കുന്നതിനു ശമനമാർഗ്ഗമെന്നു പറയുന്നു. നിവാരണമാർഗ്ഗമെന്നു പറഞ്ഞതു രോഗം നേരിടാതെ തടയുന്ന സമ്പ്രദായമാണു്. നിവാരണമാർഗ്ഗമാണു് അധികം ആദരണീയമെന്നുള്ളതിനു

തക്കമില്ല. ചെളികഴുകിക്കളയുന്നതിനെക്കാൾ ആശാസ്യ മാണല്ലോ ചെളിയിൽ ചവിട്ടാതെ നോക്കുക.

അതുകൊണ്ടു് ജനങ്ങളെല്ലാവരും ശുചിത്വം, മിത ത്വം, വ്യായാമം മുതലായ ആരോഗ്യരക്ഷാമാർഗ്ഗങ്ങളെ അനുഷ്ഠിക്കേണ്ടതാണെന്നു വന്നുകൂടുന്നു. എന്നാൽ ഇത്ര മാത്രം കൊണ്ടു മതിയാകയില്ല. ആരോഗ്യവിധികളെ അതിലംഘിക്കുന്നതുകൊണ്ടുള്ള ആപത്തുകൾ അവനവനെ മാത്രമല്ല അന്യരേയും ബാധിക്കുന്നതാകുന്നു. ഒരു സംസ്ഥാനത്തുള്ള ജനങ്ങൾ പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലുമായിട്ടാണല്ലോ നിവസിക്കുന്നതു്. പുരവാസികളെ പൌരന്മാരെന്നും നാട്ടിൻപുറത്തുള്ളവരെ ജാനപദന്മാരെന്നും പറയുന്നു. പൂർവ്വകാലത്തു മനുഷ്യരുടെ പരമശത്രുക്കളായി ഗണിച്ചുപോന്നിരുന്നതു് സിംഹം, കടുവാ മുതലായ ഹിംസ്രമൃഗങ്ങളെയായിരുന്നു. ശാസ്ത്രീയമായ വിജ്ഞാനം വളരുകയും തന്നിമിത്തം അമോഘങ്ങളായ ആയുധസാമഗ്രികൾ സ്വാധീനമാകയും ചെയ്തതിനുശേഷം മനുഷ്യർക്കു് അങ്ങനെയുള്ള മഹാമൃഗങ്ങളെക്കുറിച്ചു് യാതൊരു ക്ലേശവുമില്ലെന്നായി. ഇപ്പോൾ മനുഷ്യരുടെ ഭയങ്കരവൈരികൾ അണുജീവികളാണു്. ഇവയുടെ ആക്രമണം നയനഗോചരമല്ലാത്തതിനാൽ ഫലംകൊണ്ടല്ലാതെ നാം അറിയുന്നില്ല. അപ്രതീക്ഷങ്ങളും അണുമാത്രങ്ങളുമാണെങ്കിലും ഇവയുടെ വ്യാപ്തിയും ഉഗ്രതയും അസാമാന്യമാകുന്നു. പ്ലേഗ്, മസൂരി വിഷൂചിക മുതലായ മഹാമാരികൾക്കു് ഹേതു ഇങ്ങനെയുള്ള അണുജീവികളാണു്. ഇവ വായുവിലും ജലത്തിലും ആഹാരത്തിലും വ്യാപിച്ചു മനുഷ്യരിൽ സംക്രമിക്കയും അപരിഹാര്യമായ വിധത്തിൽ ജീവഹരങ്ങളായി പ്രവർത്തിക്കയും ചെയ്യുന്നു. ശമനരൂപമായ ചികിത്സ ഇങ്ങനെയുള്ള രോഗങ്ങളോടു പ്രായേണ വിഫലമാണു്. വിശേഷിച്ചു്, ഏകകാലത്തു ഒരു പ്രദേശമാകപ്പാടെ ഒരു സാംക്രമികരോഗം പടർന്നു

പിടിക്കുമ്പോൾ വേണ്ട ചികിത്സയും ശുശ്രൂഷയും ലഭി ക്കാതെ അനേകംപേര അപമൃത്യുവിന്ന് ഇരയായിത്തീ രുന്നു. മസൂരിവിഷൂചികാപ്രഭൃതികൾ ശീഘ്രമൃത്യുകരങ്ങ ളാണെന്നുള്ള സംഗതിയും വിസ്മരിക്കത്തക്കതല്ല. മുൻപറ ഞ്ഞതു കൂടാതെ പലതരം പനികൾ, ഗ്രഹണി, അതിസാരം എന്നുവേണ്ട ചികിത്സിച്ചു ഭേദമാക്കാൻ സാധിക്കാത്ത തായ ക്ഷയം, കുഷ്ഠം മുതലായവയും സാംക്രമികരോഗങ്ങ ളുടെ കൂട്ടത്തിൽപ്പെട്ടവയാകുന്നു.

സാംക്രമികരോഗങ്ങളോടു ചികിത്സകൊണ്ടു മത്സ രിക്കാമെന്നുവച്ചാൽ, വിജയം അസാദ്ധ്യമോ അപൂർണ്ണമോ ആയിരിക്കയേ ഉള്ളു എന്നു മുൻപു പറഞ്ഞുവല്ലോ. ഇവയെ സംബന്ധിച്ചു നിവാരണവിദ്യപോലെ പ്രയോജ നകരമായ മറെറാരു പരിഹാരമാർഗ്ഗവുമില്ല. അതുകൊണ്ടു് രാജ്യത്തു പല നിയമങ്ങളുമേർപ്പെടുത്തേണ്ടിവന്നിട്ടുണ്ടു്. കുഷ്ഠം സംക്രമിക്കാതിരിക്കാൻ കുഷ്ഠരോഗികൾക്കു സങ്കേത മുണ്ടാക്കി, അവരെ അവിടംവിട്ടുപോകാതെ പാർപ്പിച്ചു ചികിത്സകൾ ചെയ്തുവരുന്നു. പ്ലേഗിൻെറ വ്യാപ്തിയെ തടയുവാൻ ആ രോഗം ബാധിച്ചിട്ടുള്ള ദിക്കിലുള്ളവരും മററുള്ളിടത്തുള്ളവരും തമ്മിൽ ഗതാഗതാദി സംസർഗ്ഗങ്ങ ളെ നിയന്ത്രിക്കുന്ന ചട്ടങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. മസൂരിയുടെ ശല്യം തടയുന്നതിന്ന ഗോവസൂരിപ്രയോഗം നടപ്പാക്കിയിരിക്കുന്നു. ഇതിനും പുറമേ, നഗരസഭകൾ ഏർപ്പെടുത്തി നഗരശുചീകരണത്തിന്ന വേണ്ട വ്യവസ്ഥ കൾ ചെയ്തിരിക്കുന്നു. നാട്ടിൻപുറങ്ങളിലുള്ള ശുചീകര ണാദികാര്യങ്ങൾക്കും ഏർപ്പാടുകൾ ഇല്ലാതില്ല. പൊതു വിൽ ജനനമരണക്കണക്കുകൾ ശേഖരിച്ചു് ജനസമുദായ ത്തിൻെറ ആരോഗ്യസ്ഥിതി നിർണ്ണയിക്കുന്നതിനും നിബ ന്ധനകൾ ചെയ്തിട്ടുണ്ടു്.

വായു, ജലം, ആഹാരം ഇത്യാദികളിൽക്കൂടി യാണു് സാംക്രമികരോഗങ്ങൾ വ്യാപിക്കുന്നതെന്നു സ്പഷ്ടമാകയാൽ, വായുജലാദികളിൽ രോഗബീജങ്ങൾ ഉണ്ടാകാതിരിക്കത്തക്കവണ്ണം സൂക്ഷിക്കേണ്ടതാകുന്നു. നിമ്മലമായ വായുവില്ലാതെ ജീവധാരണം സാദ്ധ്യമല്ല. നിശ്ചലമായ വായുവിനെക്കാൾ ചലനമുള്ള വായുവിന്നു ഗുണം തുലോം കൂടുതലാകുന്നു. ചലനാവസ്ഥയിൽ വായുവിന്നു നാം കാററു് എന്നു പറയുന്നു. കാററു ശരിയായി വീശത്തക്കവണ്ണം ഗൃഹങ്ങൾ നിമ്മിക്കേണ്ടതും, ഗൃഹങ്ങളുടെ സന്നിവേശം ക്രമപ്പെടുത്തി പരസ്പരം ഉപദ്രവകരമല്ലാതെ നഗരസംവിധാനം ചെയ്യേണ്ടതുമാകുന്നു. വിശേഷിച്ചു്, ജനസമ്മേളനസ്ഥാനങ്ങളായ നാടകശാലകൾ, വിദ്യാലയങ്ങൾ, പ്രസംഗശാലകൾ മുതലായ കെട്ടിടങ്ങളിൽ വായു ധാരാളമായി സഞ്ചരിക്കുവാൻ സൌകൎയ്യമുണ്ടായിരിക്കണം. നിബിഡമായി ജനങ്ങൾ അധിവസിക്കുന്ന നഗരങ്ങളിൽ അവിടവിടെ ആരാമങ്ങളായും ക്രീഡാസ്ഥാനങ്ങളായും മററും കുറെ സ്ഥലം തുറന്നുകിടക്കേണ്ടതാകുന്നു. പട്ടണങ്ങളിലെ വായുമണ്ഡലത്തെ ദൂഷണം ചെയ്യാതെ സൂക്ഷിക്കണം. മൂത്രപുരീഷാദികൾ കൊണ്ടു് വായുവും ജലവും മലിനമാവാതിരിക്കാൻ വ്യവസ്ഥകൾ ഏൎപ്പെടുത്തിയിരിക്കണം. വായുവിനെ ദൂഷിപ്പിക്കുന്ന ശവദാഹം, കക്കനീററൽ മുതലായവയെ നിയന്ത്രിക്കുന്നതിന്നു നിയമങ്ങൾ ഉണ്ടായിരിക്കണം. ഇവയെ ആദരിച്ചു് പ്രവൎത്തിക്കുന്നതു് പൊതുജനങ്ങളുടെ ആരോഗ്യത്തിനു് എത്രയോ ആവശ്യമാകുന്നു.

ഗൃഹങ്ങളുടെ നിമ്മിതിയിൽ സൂക്ഷിക്കേണ്ടതായ വേറെയും പല കാൎയ്യങ്ങൾ ഉണ്ടു്. സൂൎയ്യപ്രകാശം പല രോഗബീജങ്ങളേയും സംഹരിക്കുന്നതാകയാൽ അതു സുല-

മായിരിക്കത്തക്കവണ്ണം വാസസ്ഥലങ്ങളും വീഥികളും നിമ്മിക്കുന്നതു് നന്നായിരിക്കും. ക്ഷയരോഗികളുടേയും മററുംകഫത്തിൽനിന്ന രോഗബീജങ്ങൾ വ്യാപിക്കുമെന്ന ഭയപ്പെട്ടു ചില പാശ്ചാത്യദേശങ്ങളിൽ റോഡുകളിൽ തുപ്പുവാൻപോലും സമ്മതിക്കാറില്ല. ഈ രാജ്യത്തു സൂര്യ പ്രകാശം ധാരാളം ലഭിക്കുന്നതുകൊണ്ടു് പ്രസ്തുതരോഗ ബീജങ്ങൾ ഉൽക്കടമായി വർദ്ധിക്കുന്നില്ല. അതുകൊണ്ടു് ഗൃഹങ്ങൾ സൂര്യപ്രകാശം കടക്കുന്നവിധത്തിൽ ഉണ്ടാ ക്കുന്നതു ശോഭനമായിരിക്കും. പ്രധാനമായി ഗൗനി ക്കേണ്ട വേറൊരു സംഗതി ജലനിഗ്ഗമമാഗ്ഗങ്ങളുടെ ആവശ്യകതയാകുന്നു. വെള്ളം കെട്ടിനിന്നു ചതുപ്പുകൾ ഉണ്ടായാൽ അവയിൽ അനേകം രോഗബീജങ്ങൾ ഉത്ഭവിക്കും. വെള്ളം ശരിയായി വാൻപോകുന്നതിനു് മാഗ്ഗമുണ്ടാക്കാതെ കെട്ടുന്ന വീടുകളുടെ അടിത്തറകൾ നനവുതട്ടി, പല രോഗങ്ങൾക്കും ഇടകൊടുക്കുന്നു. ഇങ്ങനെ കെട്ടിനിൽക്കുന്ന വെള്ളം ദൃഷിതമായിത്തീൻ്നു് സ്നാന പാനാദികൾക്കു് ഉപയോഗിക്കുന്ന ജലത്തെക്കൂടി ബാധി ക്കുന്നു. കുളിക്കുവാനും കുടിക്കുവാനും ഉപയോഗിക്കുന്ന ജലം നിമ്മലമായിരിക്കണമെന്നു് വിശേഷിച്ചു പറയേ ണ്ടതില്ലല്ലോ. വിഷൂചികയുടെ വ്യാപ്തിയെ തടയുന്നതിനു കിണറുകളിലും മററും രോഗബീജനാശകങ്ങളായ പദാത്ഥ ങ്ങൾ ഇടുന്നതു് നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കും. ശുദ്ധമായ ജലം ഉപയോഗിക്കേണ്ടതിൻെറ ഗൌരവം വിസ്മരിക്കാ വുന്നതല്ല.

ആഹാരസാധനങ്ങളുടെ കാൎയ്യവും ശ്രദ്ധേയമാകുന്നു. ചീഞ്ഞുപോയ പദാത്ഥങ്ങളും മററും ചന്തകളിൽവച്ചു വിൽക്കാതെ നശിപ്പിച്ചുകളയേണ്ടതാണു്. തെരുവുക ളിൽ വിൽക്കുന്നതിനായി തുറന്നുവച്ചിരിക്കുന്ന ഭക്ഷ്യപദാ

ത്ഥങ്ങൾ വാങ്ങിത്തിന്നുന്നതു് പ്രായേണ ആപൽക്കരമായി പരിണമിക്കുന്നതാണു്. അവ വിവിധരോഗബീജങ്ങളെ ആവാഹിക്കും. ദൂഷിതങ്ങളായ ആഹാരസാധനങ്ങളുടെ വിക്രയത്തെ നഗരസഭാനിയമങ്ങൾ കൊണ്ടു് വിരോധിച്ചിരിക്കുന്നു. ചില നഗരസഭകളിൽ പാൽ വിൽക്കുന്നതിനുപോലും ലൈസൻസു് വേണമെന്നു നിർബന്ധമുണ്ടു്. രോഗബാധിതങ്ങളായ പശുക്കളുടേയും എരുമകളുടേയും പാൽ കുടിക്കുന്നതുകൊണ്ടു് ആവക രോഗങ്ങൾ മനുഷ്യരിലേക്കു സംക്രമിക്കുന്നതാണു്.

ഇങ്ങനെ വായു, ജലം, ആഹാരപദാർത്ഥങ്ങൾ മുതലായവമൂലം രോഗങ്ങൾ സംക്രമിക്കാതെ നോക്കേണ്ടതു് ജനസമുദായാരോഗ്യത്തിനു് അത്യന്താപേക്ഷിതമാകുന്നു. പൊതുജനങ്ങളുടെ ക്ഷേമത്തിനു് അവശ്യം അനുഷ്ഠിക്കേണ്ട വിധികളെ ഉല്ലംഘിക്കാതിരിക്കേണ്ടതു് എല്ലാ പൌരന്മാരുടേയും കടമയാണു്. നമുക്കു് എത്ര സൌകര്യമെന്നു തോന്നിയാലും റോഡുകളും വീഥികളും മററും മലിനങ്ങളാകുന്ന ഒരു പ്രവൃത്തിയും ചെയ്യാവുന്നതല്ല. നമ്മുടെ ചോദനങ്ങളേയും സൌകര്യങ്ങളേയും നിയന്ത്രിച്ചു ബഹുജനങ്ങളുടെ ആരോഗ്യത്തെ പരിപാലിക്കേണ്ടതു് നമ്മുടെ ധർമ്മമാണു്.

“ഒരുത്തൻ പാപകർമ്മം ചെയ്തീടിലതിൻഫലം
പരക്കെയുള്ള മഹാജനങ്ങൾക്കൊക്കെത്തട്ടും.”

എന്നുള്ള കവിവാക്യം ജനസമുദായാരോഗ്യവിഷയത്തിൽ വളരെ യുക്തമാണെന്നുള്ളതിനു തർക്കമില്ല.

# അമ്മുവിൻെറ ആട്ടിൻകുട്ടി

അമ്മ വിളിച്ചുപറഞ്ഞതു കേട്ടില്ലേ,
'അമ്മു'പഠിക്കുവാൻ പോകുന്നില്ലേ?
പുത്തൻവളയണിപ്പൂവൽക്കരങ്ങളിൽ
പുസ്തകക്കെട്ടും കുടയുമായി,
എട്ടുവയസ്സായോരോമനപ്പെൺകുട്ടി
പെട്ടെന്നു മുററത്തിറങ്ങിയപ്പോൾ
ഓടിച്ചെല്ലുന്നു തടുക്കുന്നു ബാലയെ-
പ്പേടിയറിയാത്തൊരാട്ടിൻകുട്ടി.
"എന്തു കളിയാണീമട്ടു വികൃതിക-
ളെന്തിനു 'കുട്ടൻ' തുടങ്ങിടുന്നു?
നേരം വൈകുന്നു, ഞാൻ പോകട്ടെ, ചങ്ങാതി-
മാരിതാ പോകുന്നു മാറിനില്ക്കൂ.
കൂറാർന്നീമട്ടവൾ നിന്നു പറഞ്ഞിട്ടും
മാറാതെനിന്നു വളർത്തുപുത്രൻ.

ഇന്നമ്മയെന്നെ വെടിഞ്ഞുപോയീടൊല്ലേ-
യെന്നപേക്ഷിച്ചുകൊണ്ടെന്നപോലെ.
സങ്കടംപൂണ്ടെന്നെ നോക്കുന്നതെന്തിനാ-
ണെൻകുഞ്ഞിനെന്തൊരു താപമെത്തി?
പുല്ലുമിലയും നീ തിന്നതിൻശേഷമാ-
യല്ലേ ഞാൻ നിത്യവുമുണ്ണുന്നുള്ളൂ?
അല്ലലറിയാതെയല്ലിൽക്കിടക്കുവാൻ

നല്ലൊരു കൂട്ട ഞാൻ നല്കീട്ടില്ലേ?
ഞാനില്ലാത്തപ്പോളൊന്നിച്ചു കളിക്കുവാൻ
ജോൺ'വെൻകൊച്ചനുജത്തിയില്ലേ?
വാത്സല്യമോടെയെൻ താതൻ വളർത്തുന്ന
സസ്യങ്ങൾ ചെന്നു നീ തിന്നുകയാൽ
എത്ര ഞാൻ തല്ലുകൾ കൊള്ളുന്നിതോമനേ!
നിത്യവും പൈതൽ നിനക്കുവേണ്ടി.
എന്തു വികൃതികൾ ചെയ്താലും, വീട്ടിലേ-
യ്ക്കെന്തൊക്കെ നഷ്ടം വരുത്തിയാലും,
കുട്ടി, നിൻ കുഞ്ഞിക്കഴുത്തിലൊരു കയർ
കാട്ടിയതില്ലയീനാൾവരെയ്ക്കും.
എന്തൊരഭീഷ്ടമോ സാധിക്കാത്തുള്ളതി-
ങ്ങെന്തു സുഖത്തിൽ കുറവു കുഞ്ഞേ?
എന്നോടുമൊന്നിച്ചു വിദ്യാലയത്തിലേ-
യ്ക്കൊന്നു വിരുന്നുപോരേണമെന്നോ?
പാവാടവേണമോ, പണ്ടങ്ങൾ വേണമോ?
പാവുമുണ്ടൊന്നു പുതയ്ക്കേണമോ?
ആമ്പൽപ്പൂകൊണ്ടു ഞാൻ തീർത്തീടും മാലയി-
ലിമ്പം കുറഞ്ഞുവരുന്നുവെങ്കിൽ
കാതുകൾ കുത്തിക്കടുക്കനെണിയിക്കാം.
വേദന തെല്ലുസഹിക്കാമെങ്കിൽ.
മിണ്ടുവാൻ വയ്യെങ്കിൽ പിഞ്ചുതലയാട്ടി
വേണ്ടതെന്തെന്നറിയിക്കയെന്നെ.
പെററമാതാവു പിരിഞ്ഞാലും നിന്നെഞാൻ

പോററിവളത്തീടുമമ്മയല്ലേ?
ഏവം പറഞ്ഞു പുറത്തു തഴുകിയ-
പ്പാവനശീലയാൾ പോകുന്നേരം,
അവ്യക്തമായതിദീനമായാമകൻ
"അമ്മേ"യെന്നൊന്നു നിലവിളിച്ചു.

വിദ്യാലയത്തിങ്കലെത്തിനാളെങ്കിലും
ചിത്തം ഗൃഹത്തിങ്കലായിരുന്നു.
"ആനന്ദശീലയാം നമ്മുടെയമ്മുവി-
ന്നാനനമിന്നെന്തോ വാടിക്കാൺമൂ"
എന്നു കനിഞ്ഞു ഗുരുനാഥ ചൊൽകവേ
യമ്മുഖമെല്ലാരുമൊപ്പം നോക്കി.
"ഇന്നത്തെപ്പാഠങ്ങളൊന്നും പഠിക്കാതെ
വന്നതുമൂലമാ"ണെന്നാൾ തങ്കം.
ചൊല്ലിനാൾ "പത്മിനി!"യമ്മുവെ മാതാവു
വല്ല കുററത്തിനും തല്ലീട്ടുണ്ടാം.

ക്ലോക്കി,ൻെറ കൈ, ഇന്നു മന്ദമായ്മന്ദമായ്
നീക്കുന്നു നീണ്ട നിമിഷങ്ങളെ.
ഇങ്ങനെയാവുകിലമ്മുവാശിച്ചപോ-
ലെങ്ങനെ നാലുമണിയിലെത്തും.
തൻമഷിക്കുപ്പിയാൽ മന്ദനാം ക്ലോക്കിനെ-
യമ്മുതാനിപ്പോളെറിഞ്ഞുടയ്ക്കും.

.......................................

നാലുമണിയായി വിദ്യാലയം വിട്ടു
ബാലികാവൃന്ദം പുറത്തുവന്നു.
"ഞങ്ങളും പോരുന്നുണ്ടമ്മു, നീയിന്നെന്താ-
ണിങ്ങനെ മുമ്പിട്ടു പാഞ്ഞിടുന്നു?"
എന്നു ചങ്ങാതിമാർ ചൊൽവതിനുത്തര-
മൊന്നും പറയാതെയമ്മു പാഞ്ഞു;
അമ്മിഞ്ഞപ്പാലിനു പൈതൽ കരയുമ്പോ-
ളുമ്മയുമീവിധമോടാറില്ല.
ആടിനു നൽകുവാ, നോട്ടംവഴിക്കവ-
ളാലിന്റെ കൊമ്പൊന്നൊടിച്ചെടുത്തു.
വീട്ടിന്നടുത്തവൾ; നീണ്ട തൻ കണ്ണിണ
നാട്ടിപ്പടിക്കൽ പരിശോധിച്ചു.
താനെത്തിടുന്നതും കാത്തങ്ങു നിത്യവും
ജാനുവുമാടും പടിക്കലുണ്ടാം.
ഇന്നെന്തു ജാനുതാനൊറ്റയ്ക്കു നില്ക്കുന്നു
പിന്നെയും പിന്നെയും, നോക്കിയമ്മു.
സംഭ്രമംകൊണ്ടു തൻ തൂമുഖം മങ്ങുന്നു,
മുമ്പോട്ടടിയൊന്നും നീങ്ങുന്നില്ല.
വെമ്പേണ്ട, വെമ്പേണ്ട'യമ്മു നീ വെമ്പേണ്ട
നീപ്പൈതലാടെങ്ങും പോയിട്ടില്ല.
പാടത്തു നല്ലിളംപച്ചപ്പുൽമേഞ്ഞവൻ
ചാടിക്കളിക്കുകയായിരിക്കും;
അല്ലെങ്കിലായവൻ നിന്നെക്കളിപ്പിക്കാൻ
വല്ലികൾക്കുള്ളിലൊളിച്ചിരിക്കാം.

"കുട്ടനെവിടെയെൻ സോദരി"യെന്നൊരു-
മട്ടിൽ ചോദിച്ചവളങ്ങു നിന്നു.
ജാനു നീയിപ്പോളം പറയേണ്ട, സോദരി-
യൂണുകഴിച്ചിട്ടു ചൊല്ലാമല്ലോ.
നാലുവയസ്സായ ജാനുവിൻ ചിത്തമീ-
മാലിനെയെത്രമേൽ താങ്ങിനില്ക്കും.?
"അമ്മയും ഞാനും തടഞ്ഞുവെന്നാകിലും
നമ്മുടെ കുട്ടനെ വിററു താതൻ"
അയ്യോ, യെന്നൊന്നു നിലവിളിച്ചോമലാൾ
മെയ്യാകെ വാടി നിലത്തു വീണു.

[കെ. എസ്സ്. കെ. തളിക്കുളം]

---

൨൭

# വിയർക്കാതെ അപ്പം

(ഏകാങ്കനാടകം)

[ പഴയ ഒരു തറവാട്ടിലെ ഒരു മുറി ]

മീനു:—(ഒൻപതു വയസ്സ്) പാടുന്നു:—
"തുളസിയും നല്ല സരോരുഹങ്ങളു-
മിളതായീടിന തളിരുകളുമ-
ങ്ങിടകലർന്നുടനിളകും മാലകൾ
തടയും മുത്തുമാലകളും കൌസ്തുഭ-
മണിയും ചേരുന്ന ഗളവും ചമ്മട്ടി-
പിടിച്ചൊരു കരതലവും കുങ്കുമം–"

(വാതിൽക്കൽ പരിഹസിക്കുംപോലുള്ള ഒരു ചുമയും ചിരിയും മീനുവിൻെറ മൂത്ത സഹോദരൻ ബാലൻ. അവൾ പെട്ടെന്നു പാട്ടു നിർത്തുന്നു.)

മീനു:—അല്ല; ബാലേട്ടനോ? എപ്പോഴെത്തി? ഇങ്ങോട്ടെങ്ങും ഇനി എത്തിനോക്കുക കൂടിയില്ലെന്നാണല്ലോ ഞങ്ങളെല്ലാം വിചാരിച്ചതു്.

ബാലൻ :— അങ്ങനൊക്കെ വിചാരിക്കുവാൻ ആർ പറഞ്ഞു ? ഇങ്ങോട്ടെങ്ങും കയറാതിരിക്കുവാൻ ഞാനെന്താ വല്ല മോഷണവും നടത്തിയോ? നല്ല നേരംപോക്കു്; ആകട്ടെ, നീ കാണാതെ ഞാൻ കുറെ നേരമായി ഇവിടെ നിൽക്കയായിരുന്നു. നിൻെറ ഈ പഴയ അമ്മായിപ്പാട്ടു കേട്ടു ഞാൻ പൊട്ടിച്ചിരിച്ചില്ലെന്നേയുള്ളു.

മീനു:—എന്താണതിലിത്ര ചിരിക്കാനുള്ളതു ? അമ്മായിപ്പാട്ടല്ല.

ബാലൻ:—പിന്നെ? വില്ലടിച്ചാൻപാട്ടോ ?

മീനു:— എന്തു മടത്തരമാണു് ചേട്ടൻ പറയുന്നതു്? അതു കർണ്ണപർവ്വമാണെന്നു കുഞ്ഞുങ്ങൾക്കുകൂടെ അറിഞ്ഞുകൂടെ? ഭഗവാനെക്കുറിച്ചുള്ള വർണ്ണന.

ബാലൻ:—കർണ്ണപർവ്വംപോലും! ഈ പഴഞ്ചരക്കൊക്കെ വലിച്ചു കുളത്തിലെറിയാറായില്ലേ മനുഷ്യർക്കു് ! ഈ കർണ്ണപർവ്വും ഗാന്ധാരീവിലാപവും എല്ലാം ചെറുപ്പത്തിൽ വായിച്ചതാണു, മീനു. അസംബന്ധമെന്നു പറഞ്ഞാൽ, വെറും അസംബന്ധം. അമ്മൂമ്മക്കഥകൾ. ഓർത്തിട്ടിപ്പോൾ തൊലി പൊളിയുന്നു. മീനു, പക്ഷേ ഞാൻ വേറൊരു കാര്യം സൂക്ഷിക്കയായിരുന്നു.

മീനു:—എന്താണു ബാലേട്ടാ അത് ?

ബാലൻ:—നിൻെറ ശബ്ദം അസ്സലായിട്ടുണ്ട്.

മീനു:—കളിയാക്കാതിരിക്കൂ, ചേട്ടാ.

ബാലൻ:—കളിയാക്കയല്ല മീനു. നല്ല അസ്സൽ ശബ്ദമാണത്. പക്ഷേ വല്ല വിവരമുള്ളവരേയും ഇരുത്തി നിന്നെ ശരിയായി അഭ്യസിപ്പിക്കണം. നല്ല ഹിന്ദിപ്പാട്ടുകളാണ് നീ പഠിക്കേണ്ടത്. ഇന്നത്തെ ഫാഷനതാണ്.

മീനു:—ഹിന്ദിപ്പാട്ടുകളോ ! ഈ ഓണംകേറാമൂലയിൽ അതാരെന്നെ പഠിപ്പിക്കാനാണു ചേട്ടാ.

ബാലൻ:— അതു തന്നെയാണു ഞാനും പറയുന്നത്. ഈ പട്ടിക്കാട്ടിൽ അച്ഛനെന്തിനിങ്ങനെ താമസിക്കുന്നു ? വയസ്സുകാലത്തു വെയിലും മഴയും ഏററ്, ഈ വരമ്പിലും ചെളിയിലും ഓടി നടക്കാതെ വന്നു എൻെറകൂടെ സുഖമായിത്താമസിച്ചുകൂടെ? കാളയും പോത്തുമാണ് അച്ഛൻെറ ജീവൻ.

മീനു:—അപ്പോഠം നമ്മുടെ നിലങ്ങളൊക്കെയോ ?

ബാലൻ:—വല്ലവരേയും പാട്ടത്തിനേല്പിക്കണം. അങ്ങനെയല്ലേ അധികംപേരും കഴിയുന്നത് ? അച്ഛനു മാത്രമെന്തിനാണ് തന്നെത്താനെ കൃഷിചെയ്യണമെന്നുള്ള ഈ ഭ്രാന്ത് ?

മീനു:—അതു ഭ്രാന്താണോ ?

ബാലൻ:—അല്ലാതെ ! ആരു് കൃഷിചെയ്താലെന്താണ്. ഉണ്ടാകാനുള്ളതു് ഉണ്ടാകില്ലേ ? വയസ്സുകാലത്തു എൻെറകൂടെ വന്നു സുഖമായിത്താമസിക്കാനുള്ളതിനു പകരം പെടുന്ന പാടു നോക്കണം.

മീനു:—ചേട്ടനെന്നിട്ടു അച്ഛനെഴുതിയോ ?

ബാലൻ:—ഒരു നൂറു കത്തുകളെഴുതി. ഒന്നിനും നേരേ ചൊവ്വേ മറുപടി തരില്ല. ക്ഷമകെട്ടു, ഞാൻ വന്നിരിക്കയാണ്. ഇനിയും നേരെ കണ്ടു പറഞ്ഞാൽ വല്ല ഗുണവുമുണ്ടോ എന്നു നോക്കട്ടെ.

മീനു:—ചേട്ടനിപ്പോളെവിടെയാണ് താമസം ?

ബാലൻ:—മദ്രാസിൽ മാമ്പലത്ത്.

മീനു:—അവിടെ സ്വന്തമായി വീടുണ്ടോ, അതോ വാടക വീട്ടിലാണോ ?

ബാലൻ:—സ്വന്തം വീട്. അസ്സൽകെട്ടിടമെന്നുവെച്ചാൽ ഒന്നാംക്ലാസ്സ്. വേണ്ട വേലക്കാരു്; കാറു്. അച്ഛനു വയസ്സുകാലത്ത് കൂടെവന്നു താമസിച്ചു ഇതൊക്കെ സുഖമായി ഒന്നനുഭവിച്ചുകൂടെ ? തലയിലെഴുത്തേ ന്നല്ലാതെ എന്തു പറയാനാണ് ?

മീനു:—അച്ഛൻ പഴയ രീതിക്കാരനല്ലേ ? ഈ ബഹള മൊന്നും ഇഷ്ടമില്ല. അല്ല—ചേട്ടൻെറ കയ്യിലിരി ക്കുന്ന ആ ചെറിയ പൊതിക്കെട്ടെന്താണ് ?

ബാലൻ:—മീനുവിനൊരു ചെറിയ സമ്മാനം !

മീനു:—സമ്മാനമോ ? എനിക്കോ ? അഴിക്കു ചേട്ടാ, വേഗമഴിക്കു. എന്താണതു്, മിട്ടായിയോ, അതോ ചായപ്പെട്ടിയോ ?

ബാലൻ:—അതേ, മിട്ടായി. വെളുത്ത ഒരുതരം ചായം (പാക്കററഴിക്കുന്നു.)

മീനു:—ചേട്ടാ, എന്താണതു്? മാലയോ? വൈരമാലയോ? എനിക്കോ? ചേട്ടാ എനിക്കുതന്നെയോ? പറയൂ. ചേട്ടാ, വേഗം പറയൂ.

ബാലൻ:—അതേ വൈരമാല. എൻെറ കൊച്ചുമീനു വിനുതന്നെ. നിനക്കുവേണ്ടി ചേട്ടനിതു ബാംബെ യിൽനിന്നും പ്രത്യേകം വരുത്തിയതാണ്.

മീനു:—ചേട്ടാ, ഇതിനെന്തു വിലവരും?

ബാലൻ:—൩,൫ ൦ ൦ ഉറുപ്പിക.

മീനു:—൩,൫ ൦ ൦ ഉറുപ്പികയോ! ഭഗവാനേ! ഒരു മാലയ്ക്കോ! അച്ഛനറിഞ്ഞാൽ ഞാനില്ല. എനിക്കു മാലയും വേണ്ടാ, പതക്കവും വേണ്ടാ.

ബാലൻ:—മീനു പേടിക്കാതിരിക്കൂ. അച്ഛനൊന്നും പറയില്ല. എനിക്കിന്നിതു വാങ്ങാൻ കഴിവുണ്ടു്. അല്ലെങ്കിൽ ഞാനിതു വാങ്ങുമോ? പണമുള്ളപ്പോൾ ആണുങ്ങളെപ്പോലെയതുചെലവഴിക്കണം. എൻെറ മീനുവിനു രണ്ടു് എമറാൾഡ് ലോലക്കുകൾക്കും കൂടി ഞാൻ ഓർഡർ കൊടുത്തിട്ടുണ്ടു്.

(പുറത്തു വാതലിലാരോ മുട്ടിവിളിക്കുന്ന ശബ്ദം)

ബാലൻ:—ആരോ വാതിലിൽ മുട്ടി വിളിക്കുന്നെന്നു തോന്നുന്നല്ലോ. മീനു ആരാണതെന്നു് ഒന്നു പോയി നോക്കൂ.

(മീനുപോയിതിരിച്ചുവന്നിട്ടു്)

മീനു:—ഒരു ചൊക്കലിംഗഗൌണ്ടരാണെന്നു പറയുന്നു. കുണ്ടൂരിൽ നിന്നാണുപോലും.

ബാലൻ:—ഗൌണ്ടരോ! വേഗം അകത്തേയ്ക്കു വരാൻ പറയൂ. മീനു, നീയങ്ങു പുറത്തു പൊയ്ക്കൊള്ളൂ. ഞങ്ങൾക്കു ചില കാര്യങ്ങൾ തനിയേ പറവാനുണ്ടു്. (മീനു പോകുന്നു. ഗൌണ്ടർ അകത്തേക്കു വരുന്നു)

ബാലൻ:—ഹലോ, മിസ്റ്റർ ഗൌണ്ടർ. വരൂ, വരൂ. ഇരിക്കൂ. ആ ചാരുബെഞ്ചിൽ തന്നെ ഇരിക്കൂ. ഞങ്ങളുടെ ഫർണീച്ചറൊന്നും വന്നുചേർന്നില്ല. ക്ഷമിക്കണം.

No 4854



(ഗൌണ്ടർ ഇരിക്കുന്നു)

ഗൌണ്ടർ:—സർ, സാർ പോയിക്കഴിഞ്ഞശേഷം ഞാ
വീണ്ടും അക്കാര്യം ഹസ്സനിസേട്ടുവിനോടു ചോദിച്ച

ബാലൻ:—എന്നിട്ട്?

ഗൌണ്ടർ:—സാർ പറഞ്ഞ വിലയിൽ ൪൦,൦൦൦ രൂ
കൂടുതൽ കൊടുക്കാമെങ്കിൽ കബൂലാക്കാമെന്നാണ
സേട്ടു പറയുന്നതു്.

ബാലൻ:—എന്നു പറഞ്ഞാൽ—?

ഗൌണ്ടർ:—൭൫,൦൦൦ ആണെങ്കിൽ സമ്മതിക്കാ
ന്നാണു്.

ബാലൻ:— ൭൫,൦൦൦ ഉറുപ്പികയോ? ആ ബംഗ്ല
വിനോ?

ഗൌണ്ടർ:—അതേ, സാർ. അസ്സൽ ബംഗ്ലാവാണ്
കണ്ടൂരിൻെറ കണ്ണായ സ്ഥാനത്താണിരിക്കുന്നതു്
സിംസ്പാക്കിനു തൊട്ടടുത്തു്. മൌണ്ടുപ്ലസൻറിന
നേരേ എതിരേ. ദിവാൻബഹദൂർ പാരിജാത
മുതലിയാരുടെ ബംഗ്ലാവിനു തൊട്ടു കിഴക്കു്. അസ്സ
ലൊരു ഗാർഡൻ. പത്തേക്കർ കാമ്പൌണ്ട
ലൈററു്, പൈപ്പു്, ഗാരേജ്, ടെന്നീസ്സ്കോർട്ട
അതു്, ഇതു് എല്ലാമുണ്ടു്, സർ.

ബാലൻ:—പക്ഷേ വില കുറെ കൂടുതലല്ലേ?

ഗൌണ്ടർ:—അല്ല സർ, ഒരിക്കലുമല്ല. സർ. സാറുവാങ്ങ
യില്ലെങ്കിൽ മററാരെങ്കിലുമതു് ഉടനെ കബൂലാക്കു
പലക്കും നോട്ടമുണ്ടു്. ആ പെട്രോൾഏജൻറ
പാപ്പുച്ചെട്ടിയാക്കു് തന്നെ കണ്ണുണ്ടു്. സർ, അ
വാങ്ങണം. ഒരിക്കലും നഷ്ടംവരില്ല. ൭൫,൦൦൦-
വാങ്ങിയാൽ അടുത്തകൊല്ലം ഒരു ലക്ഷം ഉറുപ്